# കേരളപഠനം

## അധിനിവേശകാലകേരളം

### ബി.എ മലയാളം

മൂന്നാം സെമസ്റ്റർ

കോംപ്ലിമെന്ററി കോഴ്സ്

**(CUCBCSS)**

**2014 Admission onwards**


# UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

**Calicut University PO, Malappuram, Kerala, India 673 635**


**1007**

**UNIVERSITY OF CALICUT**

**SCHOOL OF DISTANCE EDUCATION**

***STUDY MATERIAL***

**BA MALAYALAM**

**III Semester**

**COMPLEMENTARY COURSE**

**CUCBCSS**

**2014 Admission onwards**

**കേരളപഠനം - അധിനിവേശകാലകേരളം**

**തയ്യാറാക്കിയത് :**

**തെരേസ് സെബാസ്റ്റ്യൻ**

**ഗസ്റ്റ് ലക്ചറർ**

**ദേവമാതാ കോളേജ് കുറവിലങ്ങാട്.**

*Lay out:*

*Computer Section, SDE.*

©

Reserved

| ഉള്ളടക്കം | പേജ് നമ്പർ |
|---|---|
| മൊഡ്യൂൾ - 1 | 5 - 20 |
| മൊഡ്യൂൾ - 2 | 21 - 36 |
| മൊഡ്യൂൾ - 3 | 37 - 51 |
| മൊഡ്യൂൾ - 4 | 52 - 56 |

# മൊഡ്യൂൾ - ഒന്ന്

## പതിനഞ്ചാം നൂറ്റാണ്ടിലെ കേരളത്തിന്റെ രാഷ്ട്രീയചിത്രം

### പോർട്ടുഗീസുകാർ വരുമ്പോഴുള്ള കേരളത്തിന്റെ രാഷ്ട്രീയഘടന

ജനങ്ങളുടെ ഭാഗധേയത്തിനു മാർഗ്ഗനിർദ്ദേശം നൽകാൻ പ്രബലമായ ഒരു കേന്ദ്രശക്തിയില്ലാതെയും ഒട്ടേറെ ചെറുകിടരാജ്യങ്ങളുടെ നിരന്തരമായ പരസ്പരമാത്സര്യത്താൽ അസ്വസ്ഥമായും സഹജമായ ദൗർബല്യങ്ങളും ദോഷങ്ങളുമാർന്ന നാടുവാഴിത്തത്തിന്റെ പിടിയിൽ നാശോമുഖമായിക്കൊണ്ടിരുന്ന ഒരു രാജ്യമായിരുന്നു 1498-ൽ പോർട്ടുഗീസുകാർ വരുമ്പോഴുള്ള കേരളം. ആ കാലത്ത് കോഴിക്കോടും വേണാടും മാത്രമായിരുന്നു മികച്ച ശക്തികൾ. ആ രാജ്യങ്ങളിലെ രാജാക്കന്മാർക്കു മാത്രമേ രാഷ്ട്രീയമായ പരമാധികാരം ഉണ്ടായിരുന്നുള്ളൂ. കോലത്തിരിയും കൊച്ചീരാജാവും സാമൂതിരിയുടെ സ്വാധീനവലയത്തിൽ ഉൾപ്പെട്ടു കഴിഞ്ഞിരുന്നു. സാമൂതിരിയുടെയും മറ്റും മേൽക്കോയ്മ അംഗീകരിച്ചവരായിരുന്നു പരമാധികാരമില്ലാതെ ചെറിയ രാജ്യങ്ങളുടെ ഭരണാധികാരികൾ. ചെറുകിടരാജ്യങ്ങൾ ഭരിച്ചുപോന്ന നാടുവാഴികൾക്കു പുറമേ, ഒട്ടേറെ നായർ മാടമ്പിമാരും കുറെ നമ്പൂതിരിപ്രഭുക്കന്മാരും താന്താങ്ങളുടെ ദേശങ്ങളിൽ അധികാരം നടത്തിയിരുന്നു. യുദ്ധവും ആഭ്യന്തരകലാപങ്ങളും ഉണ്ടാകുമ്പോൾ രാജാവിനോ നാടുവാഴിക്കോ സൈന്യസഹായം ചെയ്യണമെന്ന കാര്യത്തിൽ മദ്ധ്യകാലയൂറോപ്പിലെ നാടുവാഴി പ്രഭുക്കളോട് സാദൃശ്യമുണ്ടായിരുന്നു ഇവർക്ക്. ഓരോ പ്രഭുവിനും സ്വന്തമായി ചാവേർപ്പടയുണ്ടായിരുന്നു എന്ന കാര്യം പ്രാധാന്യമർഹിക്കുന്നു. പണത്തിനുവേണ്ടി പടവെട്ടുന്നവരായിരുന്നു ചാവേർപ്പടയാളികളിൽ അധികവും. അവരുടെ പ്രവർത്തനങ്ങൾ എങ്ങും അരാജകത്വത്തിന്റെയും നിയമരാഹിത്യത്തിന്റെയും ഒരന്തരീക്ഷം സൃഷ്ടിച്ചു.

ദുർബലമായ നാടുവാഴിത്തവ്യവസ്ഥയിൽ സങ്കീർണ്ണമായിത്തീർന്നിരുന്ന സ്ഥിതിഗതികളെ കേരളത്തിന്റെ പ്രത്യേകതരത്തിലുള്ള മതഘടന കൂടുതൽ വഷളാക്കി. ദേവസ്വങ്ങൾക്ക് സവിശേഷപ്രാധാന്യമുണ്ടായിരുന്ന അക്കാലത്ത് ഓരോ ക്ഷേത്രത്തിനും അതിന്റെ അധികാരപരിധിക്കുള്ളിൽ സുനിർണ്ണീതമായ വിസ്തൃതദേശങ്ങൾ 'സങ്കേതം' എന്ന പേരിൽ ഊരാളന്മാരുടെ ഭരണത്തിൻകീഴിലുണ്ടായിരുന്നു. 'ഒരു ഭരണകൂടത്തിനുള്ളിലുള്ള മറ്റൊരു ഭരണകൂടം' പോലെയാണ് സ്വന്തം ഭരണസ്ഥാപനങ്ങളോടു കൂടിയ ഈ സങ്കേതങ്ങൾ പ്രവർത്തിച്ചിരുന്നത്. രാജാക്കന്മാർക്ക് ഫലപ്രദമായ യാതൊരു നിയന്ത്രണവും ഇവരുടെമേൽ ഉണ്ടായിരുന്നില്ല. യുദ്ധമോ ആഭ്യന്തരസമരമോ ഉണ്ടാകുമ്പോൾ രാജാക്കന്മാരുടെ സുരക്ഷിതമായ അഭയകേന്ദ്രങ്ങളായി ഈ സങ്കേതങ്ങൾ വർത്തിച്ചു. അന്നത്തെ ആചാരമനുസരിച്ച്, സങ്കേതങ്ങളുടെ അതിർത്തി ലംഘിക്കാൻ ആർക്കും അവകാശം ഉണ്ടായിരുന്നില്ല. ക്ഷേത്രങ്ങളുടെ ഈ പ്രാധാന്യം മനസ്സിലാക്കി അക്കാലത്തെ രാജാക്കന്മാർ തങ്ങൾക്കു ഭരണാധികാരമില്ലാത്ത രാജ്യങ്ങളിലെ പല ക്ഷേത്രങ്ങളുടെയും മേൽക്കോയ്മസ്ഥാനം സമ്പാദിച്ചു. കൊച്ചി, പാലക്കാട്, കോഴിക്കോട്, കക്കാട് എന്നിവിടങ്ങളിലെ രാജാക്കന്മാർക്ക് തലപ്പിള്ളിത്താലൂക്കിലെ തിരുവില്വാമല ദേവസ്വത്തിലും കൊച്ചീരാജാവിന് ഹരിപ്പാട്-തിരുവല്ല ക്ഷേത്രങ്ങളിലും വടക്കുംകൂർ രാജാവിനും പറവൂർ രാജാവിനും തൃശൂരെവടക്കുംനാഥ ക്ഷേത്രത്തിലും പെരുമനം ക്ഷേത്രത്തിലും ഖണ്ഡിതമായ അവകാശമുണ്ടായത് അങ്ങനെയാണ്. രാജാക്കന്മാർ പലപ്പോഴും തങ്ങളുടെ അധികാരസീമയ്ക്ക് വെളിയിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രങ്ങളിൽ മേൽക്കോയ്മയുടെ അവകാശങ്ങൾ സമ്പാദിക്കാൻ ഉപജാപങ്ങളും പ്രത്യുപജാപങ്ങളും നടത്തിപ്പോന്നു.

ആ കാലഘട്ടത്തിലെ മതഘടനയുടെ മറ്റൊരു സവിശേഷതയായിരുന്നു നമ്പൂതിരിമാരുടെ അധികാരപദവി. അവർ, ഒരു രാജാവിനും വിധേയരായിരുന്നില്ല. ആഴ്‌വാഞ്ചേരിത്തമ്പ്രാക്കൾക്ക് മാത്രമേ അവരുടെമേൽ ആധിപത്യമുണ്ടായിരുന്നുള്ളൂ. ഭാരതപ്പുഴയുടെ തീരത്തുള്ള ആതവനാട് ആയിരുന്നു ഇവരുടെ ആസ്ഥാനം. നമ്പൂതിരിമാർക്ക് ശിക്ഷ വിധിക്കാനുള്ള അധികാരം അദ്ദേഹത്തിനു മാത്രമായിരുന്നു. ക്ഷേത്രം ഭരിക്കാൻ ഏർപ്പെടുത്തപ്പെട്ടിരുന്ന നമ്പൂതിരി ജന്മിമാർ കുടിയാന്മാരുടെമേൽ 'കൊല്ലും കൊലയും' നടത്തി അധികാര

പൂർവ്വം വാണു. അങ്ങനെ, എണ്ണമില്ലാത്ത ചെറുകിട നാടുവാഴികളുടെ അമിതമായ കലഹങ്ങളും വിചിത്രമായ മതസംവിധാനത്താലും താറുമാറായ രാഷ്ട്രീയസ്ഥിതിയാണ് പോർട്ടുഗീസുകാരുടെ ആഗമനകാലത്ത് കേരളത്തിൽ നിലവിലുണ്ടായിരുന്നത്.

## പോർട്ടുഗീസുകാരുടെ കടന്നുവരവ്

1498 മെയ് മാസത്തിൽ വാസ്കോ ഡ ഗാമ കോഴിക്കോട്ടു വന്നിറങ്ങുന്നത് കേരളചരിത്രത്തിലെ സംഭവബഹുലമായ ഒരദ്ധ്യായത്തിന്റെ ആരംഭമാണ്. ഇന്ത്യയിലേക്ക് ഒരു പുതിയ വാണിജ്യമാർഗ്ഗം കണ്ടുപിടിക്കാനും പൗരസ്ത്യദേശങ്ങളുമായുള്ള വാണിജ്യം വികസിപ്പിക്കാനുമായിരുന്നു പോർട്ടുഗൽ രാജാവ് ഡോം മാനുവൽ, വാസ്കോ ഡ ഗാമയെ ഇന്ത്യയിലേക്കയച്ചത്. വാണിജ്യവികസനമായിരുന്നു പോർട്ടുഗീസുകാരുടെ അടിയന്തരലക്ഷ്യമെങ്കിലും കാലക്രമേണ ഏതദ്ദേശീയ രാജാക്കന്മാരെ കീഴമർത്തി ഇന്ത്യയിൽ ഒരു സാമ്രാജ്യം സ്ഥാപിക്കാനുള്ള വലുതായ ആഗ്രഹം അവർക്കുണ്ടായി. സാമൂതിരി ഒരു ഭാഗത്തും കൊച്ചീരാജാവും കോലത്തിരിയും മറ്റു ചെറുകിടനാടുവാഴികളും മറുഭാഗത്തുമായി തമ്മിൽ നടന്നുകൊണ്ടിരുന്ന രൂക്ഷമായ മത്സരം, ഒരു ഹ്രസ്വകാലത്തേയ്ക്കെങ്കിലും പോർട്ടുഗീസുകാരുടെ സ്വപ്നം സാക്ഷാൽക്കരിക്കാനുള്ള സാഹചര്യം അവർക്ക് ഒരുക്കിക്കൊടുത്തു. സാമൂതിരിയുടെ അധികാരത്തിനുകീഴിൽ കുഴങ്ങുകയായിരുന്ന കൊച്ചിരാജാവിന് തന്റെ പരമ്പരാഗത ശത്രുവിനെതിരെ സുശക്തമായ ഒരു രാഷ്ട്രീയപ്രതിരോധം പടുത്തുയർത്താൻ പോർട്ടുഗീസുകാരുടെ ആഗമനം സുവർണ്ണാവസരം നൽകി.

കോഴിക്കോട്ടുവച്ച് സാമൂതിരിയിൽനിന്നു പോർട്ടുഗീസുകാർക്കു ലഭിച്ച സ്നേഹശൂന്യമായ സ്വീകരണവും കപ്പിത്താന്മാർക്കുണ്ടായ അസുഖകരമായ അനുഭവങ്ങളും അവരെ കൊച്ചീരാജാവിനോടടുപ്പിച്ചു. കൊച്ചിയും പോർട്ടുഗീസുകാരും തമ്മിൽ ഒരു പ്രതിരോധനാക്രമണസഖ്യം ഉണ്ടാക്കുകയും ചെയ്തു. തുടർന്നുണ്ടായ സമരത്തിൽ സാമൂതിരി, പോർട്ടുഗീസാക്രമണത്തിനെതിരായി കേരള സ്വാതന്ത്ര്യത്തിന്റെ സംരക്ഷകനെന്ന നിലയിലേയ്ക്കുയർന്നു. കൊച്ചീരാജാവാകട്ടെ പോർട്ടുഗീസുകാരുടെ ആക്രമണങ്ങൾക്കെല്ലാം പങ്കാളിയായും തീർന്നു. സാമൂതിരിയോട് തലമുറയായുണ്ടായിരുന്ന വൈരം മനസ്സിൽവച്ചുകൊണ്ട് കോലത്തിരിയും പോർട്ടുഗീസുകാരെ സഹായിച്ചു. എന്നാൽ അദ്ദേഹം അവർക്കെതിരായി ഉറച്ച നില കൈക്കൊണ്ട സന്ദർഭങ്ങളും കുറവല്ല. കൊല്ലത്തെയും പുറക്കാട്ടെയും രാജാക്കന്മാർ പോർട്ടുഗീസുകാരുടെ ബന്ധുക്കളായിരുന്നു. പോർട്ടുഗീസുകാർക്ക് കേരളത്തിലെ രാജാക്കന്മാരും നാടുവാഴികളും സ്വമനസ്സാലെ നൽകിയ പിന്തുണയായിരുന്നു അവർക്ക് ഒന്നര നൂറ്റാണ്ടുകാലത്തോളം കേരളത്തിൽ വാണിജ്യപരമായ ആധിപത്യം ഉറപ്പിക്കാൻ സഹായകമായത്.

## വാസ്കോഡ ഗാമയുടെ ആഗമനം (1498)

1498 മെയിൽ വാസ്കോഡ ഗാമ കോഴിക്കോട്ടു വന്നപ്പോൾ സാമൂതിരിയും പ്രജകളും പാരമ്പര്യാനുസൃതമായ ആതിഥ്യമര്യാദയോടെ അദ്ദേഹത്തെ സ്വീകരിച്ചു. വാസ്കോഡ ഗാമ കോഴിക്കോട്ടുനഗരത്തിന് ഏതാനും നാഴിക അകലെയുള്ള കോവിലകത്തുചെന്ന് സാമൂതിരിയെ സന്ദർശിച്ചു. രണ്ടു നേതാക്കന്മാരുടെയും പരസ്പരസന്ദർശനം വ്യക്തമായ ഫലമൊന്നും ഉളവാക്കിയില്ല. വിൽക്കാൻ തരപ്പെടാത്ത ചരക്കുകൾ സൂക്ഷിക്കാൻ തന്റെ അനുയായികളിൽ ഒരു സംഘത്തെ കോഴിക്കോട്ടു നിർത്തണമെന്ന വാസ്കോഡ ഗാമയുടെ അഭ്യർത്ഥന സാമൂതിരി നിരസിച്ചു. നാട്ടിൽ നിലവിലിരുന്ന നിയമമനുസരിച്ച് പോർട്ടുഗീസുകാർ ചുങ്കം കൊടുത്തുകൊള്ളണമെന്ന് അദ്ദേഹം നിർബന്ധിക്കുകയും ചെയ്തു. വാസ്കോഡ ഗാമ ആഗസ്തിൽ കോഴിക്കോട് വിട്ടു. യാത്രാമദ്ധ്യേ അദ്ദേഹം കോലത്തിരി രാജാവിന്റെ ക്ഷണമനുസരിച്ച് കണ്ണൂരിൽ ഇറങ്ങി. ഇവിടെ പോർട്ടുഗീസുകാർക്ക് എല്ലാ സൗകര്യങ്ങളും കോലത്തിരി വാഗ്ദാനം ചെയ്തു. പോർട്ടുഗീസുകപ്പലിൽ ചരക്കു കയറ്റുന്നതിനെപ്പറ്റി അദ്ദേഹം വാസ്കോഡ ഗാമയുമായി ഒരു കരാറിൽ ഏർപ്പെട്ടു. വാസ്കോഡ ഗാമ നവംബറിൽ കണ്ണൂരിൽനിന്ന് പുറപ്പെട്ട് 1499-ൽ ലിസ്ബണിൽ എത്തി. നാട്ടിൽ എത്തിയ വാസ്കോഡഗാ

മയ്ക്ക് വീരോചിതമായ സ്വീകരണമാണ് ലഭിച്ചത്. അങ്ങേയറ്റത്തെ വിജയമായിരുന്നു അദ്ദേഹത്തിന്റെ പര്യടനം. വാസ്കോഡ ഗാമ കൊണ്ടുവന്ന ചരക്കുകളുടെ വിലമാത്രം ആ പര്യടനത്തിനു ചെലവായതിന്റെ അറുപതു മടങ്ങുണ്ടായിരുന്നു.

**കബ്രാൾ**

പോർട്ടുഗീസുരാജാവ് അടുത്ത പര്യടനസംഘത്തെ പെഡ്രോ അൽവാരീസ് കബ്രാളിന്റെ നേതൃത്വത്തിൽ ഇന്ത്യയിലേക്കയച്ചു. 33 കപ്പലുകളും 1500 ആളുകളുമുണ്ടായിരുന്നു ആ സംഘത്തിൽ. ആപൽക്കരമായ ഒരു യാത്രയ്ക്കുശേഷം കബ്രാൾ ഇന്ത്യയിൽ വന്നപ്പോൾ ആറ് കപ്പലുകളേ അവശേഷിച്ചിരുന്നുള്ളൂ. കബ്രാൾ നയഹീനനും സ്വാധികാരപ്രമാണിയുമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണം പരാജയമായിരുന്നില്ല. കബ്രാളിന്റെ പ്രതിനിധിയായ ഐറെസ് കൊറിയ സാമൂതിരിയുമായി ഒരു ധാരണയിലെത്തുകയും തൽഫലമായി കോഴിക്കോട്ട് ഒരു വ്യാപാരശാല നിർമ്മിക്കാനുള്ള അനുവാദം പോർട്ടുഗീസുകാർക്ക് ലഭിക്കുകയും ചെയ്തു. എന്നാൽ കോഴിക്കോട്ടുണ്ടായിരുന്ന അറബികളും പോർട്ടുഗീസുകാരും തമ്മിൽ നിലനിന്ന തീവ്രമത്സരം പോർട്ടുഗീസുകാരും കോഴിക്കോടും തമ്മിലുള്ള ബന്ധുത്വത്തിൽ ഒരു പ്രതിസന്ധിഘട്ടം സൃഷ്ടിച്ചു. കോഴിക്കോട്ടു തുറമുഖത്തുണ്ടായിരുന്ന ഒട്ടേറെ അറബിക്കപ്പലുകളെ പോർട്ടുഗീസുകാർ പിടിച്ചെടുക്കുകയും കപ്പൽജോലിക്കാരെ കൂട്ടത്തോടെ കൊല്ലുകയും ചെയ്തു. പോർട്ടുഗീസുകാരുടെ കരുതിക്കൂട്ടിയുള്ള ഈ നീചപ്രവൃത്തി നാട്ടുകാരെ അരിശം കൊള്ളിച്ചു. കോപാകുലരായ ജനങ്ങൾ പോർട്ടുഗീസുകാരുടെ വ്യാപാരശാല നശിപ്പിക്കുകയും കരയ്ക്കുണ്ടായിരുന്ന പോർട്ടുഗീസുകാരിൽ പകുതിയിലധികം പേരെ വധിക്കുകയും ചെയ്തു. സംഭ്രാന്തനായ കബ്രാൾ കോഴിക്കോട്ടുനിന്നു കൊച്ചിയിലേക്കു കപ്പൽ കയറി.

1500 ഡിസംബറിലെ ക്രിസ്തുമസ് ദിനത്തിൽ കൊച്ചിയിലെത്തിയ പോർട്ടുഗീസ് കപ്പിത്താനെ കൊച്ചീരാജാവ് സന്തോഷപൂർവ്വം സ്വീകരിച്ചു. കൊച്ചിയിൽ കച്ചവടം നടത്താനുള്ള എല്ലാ സൗകര്യങ്ങളും അദ്ദേഹം പോർട്ടുഗീസുകാർക്ക് ചെയ്തു കൊടുത്തു. അവർക്കു കൊച്ചിയിൽ ഒരു വ്യാപാരശാല നിർമ്മിക്കാൻ അനുവാദം നൽകിക്കൊണ്ട് കൊച്ചീരാജാവ് ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു. കബ്രാൾ കൊച്ചിയിലായിരിക്കുമ്പോൾ, കൊല്ലത്തും കണ്ണൂരും അനുകൂലമായ വ്യവസ്ഥകളിൽ ചരക്കു കയറ്റാനുള്ള സൗകര്യങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് അവിടുത്തെ രാജാക്കന്മാർ അദ്ദേഹത്തെ സൗഹൃദപൂർവ്വം ക്ഷണിച്ചു. കബ്രാളിനു കൊല്ലത്തേക്കു പോകാൻ തരമായില്ലെങ്കിലും മടക്കയാത്രയിൽ കണ്ണൂരിറങ്ങി. കപ്പലുകളിൽ കുറെക്കൂടി ചരക്കു കയറ്റാൻ കോലത്തിരിരാജാവ് അദ്ദേഹത്തെ സഹായിച്ചു. കൊച്ചിയിൽനിന്നു കണ്ണൂരേക്കുള്ള യാത്രയിൽ കബ്രാളിന്റെ സംഘത്തെ സാമൂതിരിയുടെ സുശക്തമായ ഒരു നാവികപ്പട തടഞ്ഞു. കബ്രാൾ ഗുരുതരമായ നഷ്ടമൊന്നുമില്ലാതെ രക്ഷപ്പെട്ടു. പൊതുവേ നോക്കിയാൽ കബ്രാളിന്റെ കേരളപര്യടനം പോർട്ടുഗീസുകാർക്ക് ഒരു വിജയമായിരുന്നു. ആ പര്യടനത്തിന്റെ ഫലമായി അവർക്ക് കൊച്ചീരാജാവിന്റെ ബന്ധുത്വവും കേരളക്കരയിലെ തങ്ങളുടെ വാണിജ്യപരവും രാഷ്ട്രീയവുമായ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സഹായകമാംവിധം ഒരു നല്ല തുറമുഖം പ്രയോജനപ്പെടുത്താനുള്ള സൗകര്യവും ലഭിച്ചു. കബ്രാൾ നാട്ടിൽ തിരിച്ചെത്തുന്നതിനുമുൻപുതന്നെ ജാവോഡാനോവായുടെ നേതൃത്വത്തിൽ മൂന്നാമതൊരു പര്യടനസംഘം ഇന്ത്യയിലേക്കു തിരിച്ചുകഴിഞ്ഞിരുന്നു. നോവായ്ക്ക് സാമൂതിരിയുടെ ശത്രുഭാവത്തെക്കുറിച്ചു നേരത്തെ അറിയാമായിരുന്നതുകൊണ്ട് അദ്ദേഹം കോഴിക്കോട്ടിറങ്ങാതെ കൊച്ചിയിലും കണ്ണൂരും മാത്രമേ കപ്പലടുപ്പിച്ചുള്ളൂ. ചരക്കു കയറ്റുന്നതിൽ അവിടങ്ങളിലെ രാജാക്കന്മാർ എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു.

**വാസ്കോഡ ഗാമയുടെ രണ്ടാമത്തെ വരവ്**

സാമൂതിരിക്കു പോർട്ടുഗീസുകാരോടുണ്ടായ വിരോധത്തെക്കുറിച്ചും കോഴിക്കോടിന്റെ കപ്പൽപ്പടയെ എതിരിടുന്നതിൽ കബ്രാളിനുണ്ടായ പരാജയത്തെക്കുറിച്ചും വിവരം ലഭിക്കുകയാൽ ക്ഷുബ്ധനായ ഡോം മാനുവൽ 15 കപ്പലുകളും 800 ആളുകളുമുള്ള മറ്റൊരു സംഘത്തെ വാസ്കോ ഡ ഗാമയുടെ തന്നെ നേതൃത്വ

ത്തിൽ 1502 ഫെബ്രുവരിയിൽ ഇന്ത്യയിലേക്കയച്ചു. വാസ്കോ ഡ ഗാമയുടെ കപ്പലുകൾ ഇപ്രാവശ്യം അഞ്ചി ദ്വീപിലാണ് അടുത്തത്. എന്നിട്ട് ഇന്ത്യൻസമുദ്രത്തിൽ അവരുടെ കണ്ണിൽപ്പെട്ട എല്ലാ അറബിക്കപ്പലുകളെയും പിടിച്ചെടുക്കാൻ തുടങ്ങി. വാസ്കോ ഡ ഗാമ കണ്ണൂർ സന്ദർശിച്ചപ്പോൾ കോലത്തിരി അദ്ദേഹത്തെ ആദര പൂർവ്വം സ്വീകരിച്ചു. കൊച്ചിയിലെ വിലയ്ക്ക് കുരുമുളകും മറ്റു ചരക്കുകളും കണ്ണൂർ തുറമുഖത്തു പോർട്ടുഗീ സുകാർക്ക് വിറ്റുകൊള്ളാമെന്ന് അദ്ദേഹം സമ്മതിക്കുകയുണ്ടായി. അനന്തരം വാസ്കോ ഡ ഗാമ കോഴിക്കോ ട്ടേക്ക് യാത്ര തിരിച്ചു. അദ്ദേഹം സാമൂതിരിയെ സന്ദർശിച്ച് കോഴിക്കോട്ടുനഗരത്തിൽനിന്ന് എല്ലാ മുസ്ലീങ്ങ ളെയും പറഞ്ഞയയ്ക്കണമെന്ന് ആവശ്യപ്പെട്ടു. സ്വഭാവികമായും സാമൂതിരി അതു നിരസിച്ചു. തുടർന്നു പോർട്ടുഗീസുകാർ കോഴിക്കോടുനഗരം ആക്രമിക്കുകയുണ്ടായി. തുറമുഖത്തു കിടന്നിരുന്ന അരിക്കപ്പലുകൾ അവർ പിടിച്ചെടുക്കുകയും കപ്പൽ ജോലിക്കാരുടെ കൈയും കാതും മൂക്കും ഛേദിച്ച് അവരോട് മൃഗീയമായി പെരുമാറുകയും ചെയ്തു.

അതിനുശേഷം വാസ്കോ ഡ ഗാമ കൊച്ചിയിലേക്കു പോന്നു. അദ്ദേഹം ഒരു പൊന്നിൻകിരീടം ഉൾപ്പെടെ വളരെ വിലപ്പെട്ട പാരിതോഷികങ്ങൾ നൽകി കൊച്ചിരാജാവിനെ പ്രീണിപ്പിക്കുകയും രാജാവിന് അവമാനകരമായ ഒരു ഉടമ്പടിയിൽ അദ്ദേഹത്തെക്കൊണ്ട് ഒപ്പു വയ്പ്പിക്കുകയും ചെയ്തു. കൊച്ചിയിലുണ്ടാ കുന്ന കുരുമുളകും ഏലവും മറ്റു ചരക്കുകളും പോർട്ടുഗീസ് കപ്പിത്താനും കൊച്ചീരാജാവും നിശ്ചയിക്കുന്ന വിലയ്ക്കു പൊതുജനങ്ങൾ പോർട്ടുഗീസുകാർക്ക് കൊടുത്തുകൊള്ളണമെന്നായിരുന്നു ഉടമ്പടിയിലെ വ്യവ സ്ഥ. കൊച്ചിയിൽ പോർട്ടുഗീസുകാർക്ക് ഇഷ്ടമുള്ളേടത്തെല്ലാം വ്യാപാരശാലകളും സൈന്യസങ്കേതങ്ങളും സ്ഥാപിക്കാനുള്ള നിരുപാധികമായ അവകാശവും ഈ ഉടമ്പടിമൂലം അവർക്കു കിട്ടി. വാസ്കോ ഡ ഗാമ കൊച്ചിയിൽ താമസിക്കുന്ന കാലത്ത് കൊല്ലത്തുനിന്ന് വീണ്ടും ക്ഷണമുണ്ടായി. കൊച്ചീരാജാവിന്റെ അംഗീ കാരത്തോടെ വാസ്കോ ഡ ഗാമ ആ ക്ഷണം സ്വീകരിച്ചു. രണ്ടു പോർട്ടുഗീസ് കപ്പലുകൾ കൊല്ലത്തെത്തി. കുരുമുളകും നിറച്ചു കൊച്ചിയിലേക്കു പോന്നു. ഇതിനിടയ്ക്കു കൊച്ചിയും കോഴിക്കോടും തമ്മിൽ ഒരു വലിയ സായുധസംഘട്ടനത്തിനുള്ള കളമൊരുങ്ങിക്കഴിഞ്ഞു. വാസ്കോ ഡ ഗാമ താൻ ശേഖരിച്ച ഭീമമായ ചരക്കുമായി തിടുക്കത്തിൽ കൊച്ചി വിട്ടു. സാമൂതിരിക്കെതിരെ സഹായത്തിനുവേണ്ടിയുള്ള കൊച്ചീരാജാ വിന്റെ അഭ്യർത്ഥനകൾ അദ്ദേഹത്തിന്റെ മനസ്സു മാറ്റിയില്ല. മടക്കയാത്രയിൽ വാസ്കോ ഡ ഗാമയ്ക്ക് സാമൂതി രിയുടെ നാവികസൈന്യത്തെ നേരിടേണ്ടിവന്നു. പക്ഷേ, പറയത്തക്ക നാശമൊന്നും സംഭവിക്കാതെ അദ്ദേഹം കപ്പലോടിച്ചു പോയി.

## കോഴിക്കോടും കൊച്ചിയും തമ്മിലുണ്ടായ യുദ്ധം

ഈ കാലഘട്ടത്തിൽ സാമൂതിരി കേരളത്തിലെ പോർട്ടുഗീസ് വികസനശക്തിക്കെതിരായുള്ള സമര ത്തിന്റെ നേതാവായിത്തീർന്നു. തന്റെ സാമന്തനായ കൊച്ചീരാജാവിനും പോർട്ടുഗീസുകാർക്കും തമ്മിൽ വളർന്നുവന്ന സൗഹൃദബന്ധം അദ്ദേഹത്തെ വ്യാകുലനാക്കി. ഒരു വിദേശശക്തിയുമായുള്ള സുഹൃദ്ബന്ധ ത്തിനാണോ കോഴിക്കോടുമായുള്ള മൈത്രിക്കാണോ കൊച്ചീരാജാവ് മുൻഗണന നൽകുന്നതെന്ന് അസന്ദി ഗ്ദ്ധമായി അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സാമൂതിരി കൊച്ചീരാജാവിന് ഒരു സന്ദേശമെത്തിച്ചു. കൊച്ചി യിൽനിന്ന് എല്ലാ പോർട്ടുഗീസുകാരെയും പറഞ്ഞയയ്ക്കണമെന്നും അതിൽ ആവശ്യപ്പെട്ടിരുന്നു. പോർട്ടുഗീ സുകാരുടെ സംരക്ഷണത്തിൽ സ്വന്തം രാജ്യത്തിന്റെ സമുജ്ജ്വലഭാവി സ്വപ്നം കണ്ടുകൊണ്ടിരുന്ന കൊച്ചീരാ ജാവ് സാമൂതിരിയുടെ നിർദ്ദേശം തള്ളിക്കളഞ്ഞു. 1503 മാർച്ച് ഒന്നാം തീയതി കോഴിക്കോടുസൈന്യം കൊച്ചി യിലേക്കു നീങ്ങി. ലോറൻസോ മൊറീനോയുടെ കീഴിൽ പോർട്ടുഗീസുകാർ സഹായിച്ച കൊച്ചീസൈന്യങ്ങൾ അവരുടെ ഇടപ്പിള്ളിക്കോട്ട വീരോചിതമായി പ്രതിരോധിച്ചു. കരവഴിക്കും കടൽവഴിക്കും ദ്വിമുഖാക്രമണം നട ത്തിയ സാമൂതിരിസൈന്യത്തിന്റെ ഭാരിച്ച സമ്മർദ്ദത്തിൽ കൊച്ചീസൈന്യം പിന്മാറാൻ നിർബന്ധിതമായി. ആളിലും അർത്ഥത്തിലും അവരുടെ നഷ്ടം വമ്പിച്ചതായിരുന്നു. കൊച്ചിയിലെ മൂന്നു രാജാക്കന്മാർ ആ യുദ്ധ ത്തിൽ മരിച്ചു. കൊച്ചീരാജാവ് എളങ്ങുന്നപ്പുഴ ക്ഷേത്രത്തിലെ സങ്കേതത്തിൽ അഭയംതേടി. മഴക്കാലമായ

പ്പോൾ, ഓണം കഴിഞ്ഞ് ആക്രമണം പുനരാരംഭിക്കാമെന്ന നിശ്ചയത്തോടെ സാമൂതിരി കോഴിക്കോട്ടേക്കു മടങ്ങി. സുശക്തമായ ഒരു സൈന്യവിഭാഗത്തെ കൊച്ചിയിൽ നിർത്തിയിട്ടാണ് അദ്ദേഹം പോയത്.

1503 സെപ്തംബറിൽ ഫ്രാൻസിസ്കോ അൽബൂക്കെർക്കിന്റെ കീഴിൽ ഒരു പോർട്ടുഗീസ് നാവികവിഭാഗം കൊച്ചിയിലെത്തി. അത് ഡ്വാർട്ടേ പച്ചിക്കോവിന്റെ കപ്പലുമായി വൈപ്പിൻകരയിൽവച്ചു സന്ധിച്ചു. അവിടെ വളയപ്പെട്ടിരുന്ന കൊച്ചീസൈന്യം ഈ പോഷകസേനയെ സ്വാഗതം ചെയ്തു. കൊച്ചിയിൽ താവളമടിച്ചിരുന്ന കോഴിക്കോടുസൈന്യം അമ്പരുന്നു പിൻവാങ്ങി. പോർട്ടുഗീസുകാർ വിജയപൂർവ്വം കൊച്ചീരാജാവിനെ കൊച്ചിയിൽ കൊണ്ടുവന്നു സിംഹാസനത്തിൽ പുനഃപ്രതിഷ്ഠിച്ചു. പോർട്ടുഗീസ് പട്ടാളം വിജയലഹരിയിൽ ഇടപ്പള്ളിരാജാവിന്റെ ദേശങ്ങൾ കൊള്ളയടിക്കുകയും ഒട്ടേറെ ഗ്രാമങ്ങൾ കൊള്ളിവയ്ക്കുകയും നിരായുധരായ സാമാന്യജനങ്ങളെ കണ്ടമാനം കൊന്നൊടുക്കുകയും ചെയ്തു. കൃതജ്ഞതാബദ്ധനായ കൊച്ചീരാജാവ് പോർട്ടുഗീസുകാർക്ക് അവരുടെ വ്യാപാരശാലയുടെ സംരക്ഷണത്തിന് കൊച്ചിയിൽ ഒരു കോട്ട കെട്ടാൻ അനുവാദം നൽകി. 1503 സെപ്തംബർ 27-ാം തീയതി അടിസ്ഥാനക്കല്ലിട്ട ഈ കോട്ടയാണ് ഇന്ത്യയിൽ യൂറോപ്യന്മാർ നിർമ്മിച്ച ഒന്നാമത്തെ കോട്ട. പോർട്ടുഗീസുരാജാവിന്റെ ബഹുമതിക്കുവേണ്ടി മാനുവൽ കോട്ട (Fort Manuel) എന്ന് അതിനു പേരിട്ടു. പോർട്ടുഗീസുകാരുടെ നിർദ്ദേശപ്രകാരം കൊച്ചീരാജാവ് അഞ്ചിക്കൈമൾമാരുമായി ഒരു കരാറുണ്ടാക്കി. ഈ കരാറിൻപ്രകാരം കൈമൾമാർ സാമൂതിരിയുമായുള്ള ബന്ധം ഉപേക്ഷിച്ച് കൊച്ചിയുടെ അധീശത്വം അംഗീകരിച്ചു. സാമൂതിരി കൊച്ചീരാജാവിനോടും അദ്ദേഹത്തിന്റെ പോർട്ടുഗീസ് ബന്ധുക്കളോടും യുദ്ധം ചെയ്യാൻ തിരക്കിട്ട സജ്ജീകരണങ്ങൾ നടത്തുകയായിരുന്നു. പച്ചിക്കോ 150 പോർട്ടുഗീസ് ഭടന്മാരും 300 നാടൻ പടയാളികളുമൊത്ത് കൊച്ചിയുടെ പ്രതിരോധത്തിനു സന്നദ്ധനായി സാമൂതിരി മുസ്ലിം വ്യാപാരികളുടെ സഹായത്തോടുകൂടി കൊച്ചിയിലെ അരിയുടെ ഇറക്കുമതി നിശ്ശേഷം തടഞ്ഞ് അവരെ പട്ടിണിക്കിട്ടു കീഴ്പെടുത്താൻ ശ്രമിച്ചു. അതു ഫലിച്ചില്ല. ആകയാൽ അദ്ദേഹം 1504-ൽ വൻതോതിലുള്ള പടനീക്കത്തിനു തയ്യാറായി. 4000 നാവികന്മാരുടെ കീഴിൽ പ്രവർത്തിക്കുന്ന 250 കപ്പലുകളും ഏറാൾപ്പാടിന്റെയും ഇടപ്പള്ളി രാജാവിന്റെയും കീഴിൽ 60,000 പേരടങ്ങുന്ന കാലാൾപ്പടയും അദ്ദേഹത്തിനുണ്ടായിരുന്നു. കുമ്പളത്തുനിന്ന് പള്ളുരുത്തിയിലേക്കുള്ള കടത്തു കടന്ന് കൊച്ചിയെ ആക്രമിക്കാനുള്ള സാമൂതിരിയുടെ ശ്രമം പച്ചിക്കോവിന്റെ സന്ദർഭോചിതമായ പ്രവർത്തനംകൊണ്ട് സഫലമായില്ല. കോഴിക്കോട്ടു സൈന്യത്തിൽ പടവെട്ടി 19,000 പേരും വിഷൂചിക പിടിപെട്ട് 13,000 പേരും മരിച്ചു. അഞ്ചുമാസം നീണ്ടുനിന്ന ദീർഘമായ ഒരാക്രമണത്തിനുശേഷം പിൻവാങ്ങാൻ സാമൂതിരി നിർബന്ധിതനായി. കൊച്ചിയിൽ അനുഭവപ്പെട്ട നാശം അദ്ദേഹത്തിനു കൊടുങ്ങല്ലൂരുമുണ്ടായി. 1504-ൽ പോർട്ടുഗീസുകാർ സാമൂതിരിയുടെ കൈയിൽനിന്ന് കൊടുങ്ങല്ലൂർനഗരം പിടിച്ചെടുത്ത് അതിനുചുറ്റും കോട്ടമതിൽ കെട്ടി. കൊടുങ്ങല്ലൂർരാജാവ് കോഴിക്കോടുമായുള്ള ബന്ധം അവസാനിപ്പിച്ച് പോർട്ടുഗീസുകാരുടെ സംരക്ഷണം സ്വീകരിച്ചു. പോർട്ടുഗീസുകാർ കൊടുങ്ങല്ലൂർ പിടിച്ചതോടെ അവർ കേരളത്തിലെ ഒന്നാമത്തെ യുദ്ധപരമ്പരയിൽ വിജയം നേടുകയാണ് ചെയ്തത്. അവരുടെ വാണിജ്യതാൽപ്പര്യങ്ങൾ ഇപ്പോൾ കൊച്ചിയിലും കൊടുങ്ങല്ലൂരും ദൃഢമായി ഉറപ്പിക്കപ്പെട്ടു.

**അൽമേഡ**

ഈ ഘട്ടത്തിൽ പൗരസ്ത്യദേശങ്ങളിലെ പോർട്ടുഗീസ് താൽപ്പര്യങ്ങളുടെ ഭദ്രതയ്ക്കുവേണ്ടി പരിപൂർണ്ണാധികാരമുള്ള ഒരു പാജപ്രതിനിധിയെ നിയമിക്കാൻ പോർട്ടുഗീസ് രാജാവ് തീരുമാനിച്ചു. കിഴക്കൻദേശങ്ങളെ പോർട്ടുഗീസ് പ്രദേശങ്ങളുടെ ആദ്യത്തെ രാജപ്രതിനിധിയായി 1505-ൽ ഫ്രാൻസിസ്കോ അൽമേഡ നിയമിതനായി. അഞ്ചിദ്വീപ്, കണ്ണൂർ, മലാക്ക, കൊച്ചി എന്നിവിടങ്ങളിലെ കോട്ടകൾ ബലപ്പെടുത്തകയും പുതിയ കോട്ടകൾ നിർമ്മിക്കുകയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പരിപാടി. കണ്ണൂർ കോട്ടയ്ക്ക് സെന്റ് ആൻജലോ കോട്ട (എീൃ ടേ. അിഴലഹീ) എന്നു പേരിട്ടു. കേരളത്തിലെ പോർട്ടുഗീസ് അധിനിവേശപ്രദേശ

ങ്ങളുടെ പ്രബലീകരണം സാമൂതിരിയെ അസ്വസ്ഥനാക്കി. അദ്ദേഹം തുർക്കികളുടെയും അറബികളുടെയും നേതൃത്വത്തിൽ 200 കപ്പലുകളടങ്ങുന്ന ഒരു നാവികസൈന്യത്തെ പോർട്ടുഗീസുകാർക്കെതിരായി യുദ്ധത്തിന യച്ചു. അൽമേഡയുടെ മകൻ ലോറൻസോ 1506 മാർച്ച് 10-ാം തീയതി കണ്ണൂരിനടത്തുവച്ച് സാമൂതിരിയുടെ ഈ നാവികസൈന്യവുമായേറ്റുമുട്ടുകയും അവർക്ക് വമ്പിച്ച നാശമുണ്ടാക്കുകയും ചെയ്തു. ഈ സന്ദർഭ ത്തിൽ, കേരളത്തിലെ പോർട്ടുഗീസ് നയത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെക്കുറിച്ച് സാമൂതിരി കോലത്തിരിയെ പറഞ്ഞു ബോദ്ധ്യമാക്കി. കണ്ണൂരെ മുസ്ലിംവ്യാപാരികളോട് മര്യാദയോടെ പെരുമാറണമെന്ന നിർദ്ദേശം പോർട്ടുഗീസുകാർ പലപ്പോഴും ലംഘിക്കാറുണ്ടായിരുന്നതുകൊണ്ട് നേരത്തെതന്നെ അവരോടതൃപ്തിയുണ്ടാ യിരുന്ന കോലത്തിരി സാമൂതിരിയുടെ അഭിപ്രായങ്ങൾ അംഗീകരിക്കുകയും പോർട്ടുഗീസുകാർക്കെതിരായി ഒരു സംയുക്തസമരത്തിനു സന്നദ്ധനാവുകയും ചെയ്തു. അദ്ദേഹത്തിന്റെ സൈന്യങ്ങൾ സെന്റ് ആൻജലോ കോട്ട വളഞ്ഞു. ഈ ഉപരോധം നാലുമാസം നീണ്ടുനിന്നു. പോർട്ടുഗീസ് പട്ടാളത്തിനു വളരെ ബുദ്ധിമുട്ടുക ളുണ്ടായി. 11 കപ്പലുകളും 300 നാവികരുമുള്ള ഒരു പോർട്ടുഗീസ് സൈന്യം ഡാ കുൻഹയുടെ നേതൃത്വത്തിൽ യൂറോപ്പിൽനിന്ന് വന്നതോടെ കോട്ടയുടെ ഉപരോധം തകർക്കപ്പെട്ടു. കോലത്തിരി സമാധാനത്തിനപേക്ഷിക്കു കയും പോർട്ടുഗീസുകാർക്കനുകൂലമായ വ്യവസ്ഥകൾ അംഗീകരിക്കുകയും ചെയ്തു.

അനന്തരം പോർട്ടുഗീസുകാരുടെ ശ്രദ്ധ സാമൂതിരിയുടെ നാവികസൈന്യത്തിന്റെ നേർക്കാണ് തിരി ഞ്ഞത്. അവർ നടുക്കടലിൽവച്ച് അതിനെ തകർത്തു. ഇതിനിടയിൽ കോഴിക്കോട്ടെ മുസ്ലിംകച്ചവടക്കാരുടെ അഭ്യർത്ഥനയനുസരിച്ച് 1508-ൽ മിർഹുസൈന്റെ നേതൃത്വത്തിൽ ഈജിപ്തിൽനിന്ന് ഒരു നാവികപ്പട അറബി ക്കടലിലെത്തി. ചൗളിനടുത്തുവച്ചു നടന്ന യുദ്ധത്തിൽ പോർട്ടുഗീസുകാരെ തോൽപ്പിച്ചു. അവരുടെ സമുദ്രമേ ധാവിത്വം തൽക്കാലം നഷ്ടമായി. ഏതായാലും 1509-ൽ പോർട്ടുഗീസുകാർ പകരം വീട്ടി. അവർ ഈജിപ്തു കാരുടെയും സാമൂതിരിയുടെയും സംയുക്തനാവികസൈന്യങ്ങളെ ആക്രമിച്ചതിന്റെ ഫലമായി ഈജിപ്തു കാർ രംഗത്തുനിന്നു പിന്മാറി. അങ്ങനെ ഇന്ത്യൻ കടലിന്റെ ആധിപത്യം വീണ്ടും പോർട്ടുഗീസുകാർക്കായി. 1509-ൽ അൽമേഡ ഇന്ത്യ വിട്ടു. തൽസ്ഥാനത്ത് അൽഫോൺസോ ഡി ആൽബുക്കെർക്ക് അവരോധിതനാ യി.

### ആൽബുക്കെർക്ക്

മുൻഗാമികളെപ്പോലെ സമുദ്രത്തിൽ ആധിപത്യമുറപ്പിച്ച് പോർട്ടുഗീസുകാരുടെ വാണിജ്യം ഭദ്രമാ ക്കുക മാത്രമായിരുന്നില്ല ആൽബുക്കെർക്കിന്റെ ലക്ഷ്യം. നാടുകൾ വെട്ടിപ്പിടിച്ചും നയതന്ത്രം കൊണ്ടു കീഴട ക്കിയും ഇന്ത്യയിൽ ഒരു പോർട്ടുഗീസ് സാമ്രാജ്യം സ്ഥാപിക്കാനായിരുന്നു അദ്ദേഹത്തിന്റെ പുറപ്പാട്. കോഴി ക്കോട്ടുനഗരം ആക്രമിച്ചതായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാല പ്രവർത്തനങ്ങളിലൊന്ന്. പോർട്ടുഗ ലിൽനിന്ന് മാർഷൽ കുട്ടിൻഹോവിന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ ആയിടെ വന്നുചേർന്ന നാവികസൈന്യ ത്തെയായിരുന്നു അതിന് അദ്ദേഹം നിയോഗിച്ചത്. കോഴിക്കോടിന്റെ ശക്തിയെ നശിപ്പിക്കണമെന്ന് പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അവർ സാമൂതിരിയുടെ കോഴിക്കോടു കൊട്ടാരം ആക്രമിച്ചു ചുട്ടുകള ഞ്ഞു. കോഴിക്കോട്ടുസൈന്യങ്ങൾ പെട്ടെന്ന് അണിനിരന്ന്, പോർട്ടുഗീസുകാരെ അവരുടെ കപ്പലുകളിലേക്ക് ഓടിച്ചു. ഈ യുദ്ധത്തിൽ ആൽബുക്കെർക്കിനു മുറിവേറ്റു; മാർഷൽ കുട്ടിൻഹോ വധിക്കപ്പെട്ടു.

ബലംപ്രയോഗിച്ച് സാമൂതിരിയെ കീഴ്പ്പെടുത്താമെന്ന ആഗ്രഹം പരാജയപ്പെട്ടപ്പോൾ, കോഴിക്കോടുമാ യുള്ള ശത്രുത അവസാനിപ്പിച്ച് കേരളത്തിലെ പോർട്ടുഗീസ് താൽപ്പര്യങ്ങൾ സംരക്ഷിക്കാമെന്ന സുപ്രധാന മായ തീരുമാനം ആൽബുക്കെർക്ക് കൈക്കൊണ്ടു. ഇക്കാര്യത്തിൽ കണ്ണൂരെയും കൊച്ചിയിലെയും രാജാക്ക ന്മാരുടെ അപ്രീതി അദ്ദേഹം കൂട്ടാക്കിയില്ല. 1513 ഡിസംബറിൽ പോർട്ടുഗീസുകാരും സാമൂതിരിയും തമ്മിൽ ഒരു സന്ധിയുണ്ടാക്കി. ഈ സന്ധിയിലെ വ്യവസ്ഥയനുസരിച്ച് പോർട്ടുഗീസുകാർക്ക് കോഴിക്കോട്ട് അവർ തന്നെ തെരഞ്ഞെടുക്കുന്ന സ്ഥലത്ത് കോട്ട കെട്ടാനും അവർ ആഗ്രഹിക്കുന്നതുപോലെ വാണിജ്യം നട

ത്താനും മറ്റു രാജ്യങ്ങളിൽനിന്ന് മാറ്റക്കച്ചവടത്തിന്റെ അടിസ്ഥാനത്തിൽ കുരുമുളകു വാങ്ങാനും അനുവാദം നൽകപ്പെട്ടു. കുരുമുളകിന്റെ വില കൊച്ചിയിലെ നിരക്കിലായിരിക്കണമെന്നും തീരുമാനിച്ചു. കോഴിക്കോട്ടെ പോർട്ടുഗീസ് കോട്ട നശിപ്പിച്ചതുകൊണ്ട് അവർക്കുണ്ടായ നഷ്ടം നികത്താനും പോർട്ടുഗൽ രാജാവിന് ഒരു പാരിതോഷികം എന്ന നിലയ്ക്കും കോഴിക്കോട്ടെ ചുങ്കത്തിന്റെ ഒരു വിഹിതം പോർട്ടുഗീസുകാർക്ക് നൽകാമെന്ന് സാമൂതിരി സമ്മതിച്ചു. ഇതിനുപകരമായി കൊച്ചിക്കും കണ്ണൂരിനും എതിരായ യുദ്ധത്തിൽ സാമൂതിരിയെ സഹായിച്ചുകൊള്ളാമെന്ന് പോർട്ടുഗീസുകാർ ഉറപ്പുകൊടുത്തു. പോർട്ടുഗീസ് നയതന്ത്രജ്ഞതയുടെ ഒരു വിജയമായിരുന്നു 1513-ലെ സന്ധി. കൊച്ചീരാജാവ് പോർട്ടുഗീസ് രാജാവിന് അയച്ച ഒരു കുറിപ്പിൽ ഈ സന്ധിയിലുള്ള പ്രതിഷേധം രേഖപ്പെടുത്തി. പക്ഷേ, പ്രയോജനമൊന്നുമുണ്ടായില്ല. ഇന്ത്യയിലെ പോർട്ടുഗീസ് ഭരണത്തിന്റെ ആസ്ഥാനം കൊച്ചിയിൽനിന്ന് ഗോവയിലേക്കു മാറ്റാനുള്ള ആൽബുക്കെർക്കിന്റെ തീരുമാനവും കൊച്ചീരാജാവിനെ അസുഖപ്പെടുത്തി.

ആൽബുക്കെർക്ക് പല ഭരണപരിഷ്കാരങ്ങളും നടപ്പിലാക്കി. അദ്ദേഹം ഇന്ത്യക്കാരെ സ്വന്തം സൈന്യത്തിൽ ചേർത്ത് യൂറോപ്യൻ മാതൃകയിൽ അവർക്കു പരിശീലനം നൽകി. ഈ സമ്പ്രദായം പിൽക്കാലത്ത് ക്ലൈവും ഡ്യൂപ്ലേയും അനുകരിക്കുകയുണ്ടായി. അദ്ദേഹം വിദ്യാലയങ്ങൾ സ്ഥാപിക്കുകയും പുതിയ നാണയങ്ങൾ നടപ്പിലാക്കുകയും സതി നിരോധിക്കുകയും ചെയ്തു. നീതിപരിപാലനം കർശനമാക്കി. അഴിമതിക്കാരായ പോർട്ടുഗീസുദ്യോഗസ്ഥന്മാർ നടത്തിയിരുന്ന സ്വകാര്യവാണിജ്യം അദ്ദേഹം ഉന്മൂലനം ചെയ്തു. ഭാരതീയസ്ത്രീകളെ വിവാഹം കഴിക്കാൻ അദ്ദേഹം പോർട്ടുഗീസുദ്യോഗസ്ഥന്മാരെ പ്രേരിപ്പിച്ചു. എല്ലാ അവകാശങ്ങളും നൽകി അവരെ കോട്ടയ്ക്കകത്തു താമസിപ്പിക്കുകയും ചെയ്തു. വിശ്വാസപൂർവ്വം പോർട്ടുഗീസ് താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സന്നദ്ധതയുള്ള ഒരു പുതിയ ജനവർഗ്ഗത്തെ സൃഷ്ടിക്കാമെന്നു കരുതിയാണ് ഇങ്ങനെ 'സങ്കരവാസസങ്കേതങ്ങൾ' സ്ഥാപിത്തുന്ന നയം ആൽബുക്കെർക്ക് സ്വീകരിച്ചത്. അതിനു ഫലപ്രാപ്തിയുണ്ടായില്ലെന്നു മാത്രമല്ല, അതു പോർട്ടുഗീസുകാരുടെ പതനത്തിനുള്ള പ്രധാന കാരണങ്ങളിലൊന്നായിത്തീരുകയും ചെയ്തു. ഈ നയം ഇങ്ങനെ പരാജയപ്പെട്ടെങ്കിലും ആൽബുക്കെർക്ക് പൗരസ്ത്യദേശത്തേക്കുവന്ന ഏറ്റവും വിദഗ്ദ്ധനായ ഭരണാധികാരിയായിരുന്നു. അദ്ദേഹത്തിന്റെ സ്ഥാനത്ത് 1515-ൽ ലോപ്പോസോറസ് നിയമിക്കപ്പെട്ടു. ആൽബുക്കെർക്ക് ഇന്ത്യയിൽനിന്നു മടങ്ങിപ്പോകുന്നതിനുമുമ്പ് 1515 ഡിസംബറിൽ ഗോവയിൽവച്ച് അന്തരിച്ചു.

## ആൽബുക്കെർക്കിന്റെ അനന്തരഗാമികൾ

ആൽബുക്കെർക്കിന്റെ പിന്തുടർച്ചക്കാർ അശക്തന്മാരും അഴിമതിക്കാരുമായിരുന്നതുകൊണ്ട് അവർക്ക് കാര്യമായൊന്നും നേടാൻ കഴിഞ്ഞില്ല. ലോപ്പോസോറസ്സിന്റെ (1515–1518) കാലത്ത് സാമൂതിരിയെ വധിക്കാൻ ഒരു വിഫലശ്രമം നടന്നു. രണ്ടു ശക്തികളും തമ്മിലുണ്ടായിരുന്ന ശത്രുത പുതിയ രൂപം കൈക്കൊള്ളാൻ ഇതു കാരണമായി. സോറസ് 1516-ൽ കൊല്ലം രാജ്ഞിയുമായി ഒരു ഉടമ്പടിയുണ്ടാക്കി. ഇതനുസരിച്ച് പോർട്ടുഗീസുകാർക്ക് കൊച്ചിയിലെ നിരക്കിൽ കുരുമുളകും മറ്റു ചരക്കുകളും കൊല്ലംതുറമുഖത്തു കിട്ടി. അവർക്ക് അവിടെ ചുങ്കം കൊടുക്കേണ്ടിവന്നില്ല. സ്ഥലവാസികളായ ക്രിസ്ത്യാനികൾക്ക് അവർ ചില വിശേഷാനുകൂല്യങ്ങൾ നൽകി. ഡി. സെക്വീറായുടെ കാലത്ത് (1518–1522) കൊച്ചീരാജാവ് പോർട്ടുഗീസുകാരുടെ സഹായത്തോടുകൂടി കോഴിക്കോടാക്രമിക്കാൻ നിഷ്ഫലമായ ഒരു യത്നം നടത്തി. ഡ്വാർട്ടേ ഡി മെനസസ്സിന്റെ കാലത്ത് (1522–1524) പോർട്ടുഗീസുകാരും സാമൂതിരിയുടെ മുസ്ലിംപ്രജകളും തമ്മിൽ തുറന്ന സംഘട്ടനങ്ങൾ നടന്നു. മാപ്പിളമാർ പത്തു പോർട്ടുഗീസ് കപ്പലുകൾ പിടിച്ചെടുക്കുകയും കൊച്ചീത്തുറമുഖം ആക്രമിക്കുകയും ചെയ്തു. അവർ കുട്ടി ആലി എന്ന സമർത്ഥനായ നേതാവിന്റെ കീഴിൽ കൊടുങ്ങല്ലൂരും ആക്രമിച്ചു. കോഴിക്കോട്ടുണ്ടായിരുന്ന പോർട്ടുഗീസ് നാവികസൈന്യവും അവരുടെ കൊടിയ ആക്രമണത്തിന് ഇരയായി.

ഡ്വാർട്ടേ ഡി മെനസസ് കർത്തവ്യനിർവ്വഹണത്തിന് അപ്രാപ്തനാകയാൽ 1524-ൽ വാസ്കോ ഡ ഗാമ തന്നെ ഇന്ത്യയിലെ പോർട്ടുഗീസ് ഭരണാധികാരിയായി വീണ്ടും വന്നു. അദ്ദേഹം ഗോവയിൽ വന്നമാത്രയിൽ ഡിസൂസായുടെ നേതൃത്വത്തിൽ ഒരു നാവികസേനയെ അയച്ച് കോഴിക്കോട്ടുവച്ച് കുട്ടി ആലിയെ തോൽപ്പിച്ചു. കണ്ണൂർ രാജാവ് തന്റെ പ്രശസ്തന്മാരായ കപ്പിത്താന്മാരിലൊരാളായ വലിയ ഹസ്സനെ പോർട്ടുഗീസുകാർക്കു വിട്ടുകൊടുക്കാൻ നിർബന്ധിതനായി. വാസ്കോ ഡ ഗാമയുടെ ഭരണം മൂന്നു മാസത്തേക്കോ നീണ്ടുനിന്നുള്ളൂ. 1524 ഡിസംബർ 24-ാം തീയതി കൊച്ചിയിൽവച്ച് അദ്ദേഹം മരിച്ചു. കൊച്ചീനഗരത്തിലെ ഇന്നത്തെ സെന്റ് ഫ്രാൻസിസ് പള്ളിയിലാണ് അദ്ദേഹത്തെ സംസ്കരിച്ചത്. വാസ്കോ ഡ ഗാമയ്ക്കുശേഷം ഹെൻറിക് ഡി മെനസസ് (1524-1526) തൽസ്ഥാനത്തു നിയമിതനായി. വലിയ ഹസ്സനെ വധിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ പ്രവൃത്തി. ഇത് പോർട്ടുഗീസുകാരും കോലത്തിരിയുമായുള്ള ബന്ധത്തെ വഷളാക്കി. മെനസസ്സിന്റെ കാലത്ത് സമുദ്രാധിപത്യത്തിനുവേണ്ടി പോർട്ടുഗീസുകാരും സാമൂതിരിയും തമ്മിൽ കൊണ്ടുപിടിച്ച സമരം നടന്നു. സാമൂതിരിയുടെ നാവികസേനാനായകന്മാരായിരുന്ന കുഞ്ഞാലിമാർ ഈ സമരങ്ങളിലാണ് സുപ്രസിദ്ധരായത്.

## കുഞ്ഞാലിമാർ

കുഞ്ഞാലിമരയ്ക്കാർമാരുടെ ഉത്ഭവത്തെക്കുറിച്ചു വ്യക്തമായ അറിവൊന്നുമില്ല. അവർ കൊച്ചിയിലെ കടൽക്കച്ചവടക്കാരായിരുന്നെന്നും പോർട്ടുഗീസുകാർ കൊച്ചിയിൽ വരികയും കൊച്ചീരാജാവിന്റെ ആനുകൂല്യം നേടുകയും ചെയ്തപ്പോൾ അവർ കൊച്ചി വിട്ട് സാമൂതിരിയുടെ നാട്ടിലെ പൊന്നാനിയിലേക്കു പോയെന്നുമാണ് ഐതിഹ്യം. സാമൂതിരി അവരുടെ സേവനം പ്രയോജനപ്പെടുത്തുകയും അവർ ക്രമേണ അദ്ദേഹത്തിന്റെ നാവികപ്പടയുടെ നായകന്മാരാവുകയും ചെയ്തു. ഏറ്റവും മികച്ചവരെ മാത്രമേ കുഞ്ഞാലിമാർ നാവികസേനയിൽ ചേർത്തിരുന്നുള്ളൂ. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവരിൽ ഏറ്റവും ധീരനായിരുന്നു കുട്ടി ആലി. 1524-ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട്ടു നാവികസൈന്യം പോർട്ടുഗീസുകാർക്കു ഭീമമായ നഷ്ടമുണ്ടാക്കി. മിന്നിപ്പായുന്ന, ഭാരം കുറഞ്ഞ സായുധനൗകകളാണ് ഭാരമേറിയ പോർട്ടുഗീസ് കപ്പലുകളെ ആക്രമിക്കാൻ അദ്ദേഹം ഉപയോഗിച്ചത്. കടലിൽ ഒളിപ്പോർ നടത്താനുള്ള സ്വന്തം തന്ത്രശൈലികളും അദ്ദേഹത്തിനുണ്ടായിരുന്നു. 'അടിച്ചിട്ടു കടന്നുകളയുക' എന്ന അദ്ദേഹത്തിന്റെ സമരതന്ത്രം പോർട്ടുഗീസുകാരുടെ കപ്പലുകൾക്കും വാണിജ്യത്തിനും സംഭ്രാന്തി ജനിപ്പിച്ചു. ഹെൻറിക് ഡി മെനസസ് കുട്ടി ആലിക്കെതിരായി സുശക്തമായ ഒരാക്രമണം സംഘടിപ്പിക്കുകയും പൊന്നാനി തുറമുഖത്തുവച്ച് അദ്ദേഹത്തിന്റെ ഒട്ടേറെ കപ്പലുകൾ നശിപ്പിക്കുകയും ചെയ്തു. മെനസസ് 1525-ൽ കുഞ്ഞാലിമാരുടെ താവളമായിരുന്ന പന്തലായനിക്കൊല്ലം ആക്രമിച്ചു. പോർട്ടുഗീസുകാരുടെ ബന്ധുവായി ആ ആക്രമണത്തിൽ പങ്കെടുത്ത പുറക്കാട്ട് അരയനെ അവിശ്വാസ്യനെന്നു സംശയിച്ച് പോർട്ടുഗീസ് ഭരണാധികാരി വെടിവച്ചു മുറിവേല്പിച്ചു. അതിനെത്തുടർന്ന് പുറക്കാട്ടുരാജാവ് പോർട്ടുഗീസുകാർക്കെതിരാവുകയും അവരുടെ ശത്രുക്കളെ ഭാവിയുദ്ധങ്ങളിൽ പല വഴിക്കും സഹായിക്കുകയും ചെയ്തു.

## ചാലിയംകോട്ട

ഇതിനിടയിൽ കരയ്ക്കുവച്ചു സാമൂതിരിയുടെ സൈന്യത്തിന്റെ കനത്ത പ്രഹരം ഏൽക്കേണ്ടിവന്ന പോർട്ടുഗീസുകാർ അവരുടെ കോഴിക്കോട്ടുകോട്ട പൊളിച്ചിട്ട് അവിടെനിന്നു പോയി. കുട്ടി ആലിയുടെ നാവികസൈന്യം അവരെ പിന്തുടർന്ന് ആക്രമിച്ചു. മെനസസ്സിനുശേഷം ഗവർണ്ണരായ ലോപ്പോവാസ് ഡി സമ്പായോ (1526-1529) കുട്ടി ആലിയുടെ ശല്യം ഇല്ലാതാക്കാൻ സുശക്തമായ നടപടികൾ കൈക്കൊണ്ടു. 1528-ൽ പോർട്ടുഗീസ് നാവികപ്പട വീണ്ടുമൊരു യുദ്ധത്തിൽ ഏർപ്പെടുകയും ബാർകൂറിനടുത്തുവച്ച് കുട്ടി ആലിയെ തടവിലാക്കുകയും ചെയ്തു. സാമൂതിരി കുട്ടി ആലിയുടെ ബന്ധുവായ പച്ചാച്ചിമരയ്ക്കാരുടെയും കെയ്റോവിലെ ഒരു വ്യാപാരിയായ ആലി അബ്രഹാമിന്റെയും കുട്ടി ആലിയുടെ മകനായ കുഞ്ഞാലി രണ്ടാമ

ന്റെയും നേതൃത്വത്തിൽ നാവികസൈന്യത്തെ പുനഃസംഘടിപ്പിച്ചു. കുഞ്ഞാലിമാർ ശ്രീലങ്കയിലും കിഴക്കേത്തീരത്തുമുള്ള പോർട്ടുഗീസ് പ്രദേശങ്ങളാക്രമിക്കുക എന്ന ധീരമായ പരിപാടി സ്വീകരിച്ചു. മരയ്ക്കാർമാരുടെ പ്രവർത്തനങ്ങളുടെ ഫലമായി ഇന്ത്യൻസമുദ്രത്തിലെ പോർട്ടുഗീസ് വാണിജ്യം മിക്കവാറും നിശ്ചലമായിത്തീർന്നു. ഗവർണർ സമ്പായോവിനെ പോർട്ടുഗീസ് ഗവൺമെന്റ് നിയമിക്കുകയും ചെയ്തു. പുതിയ ഭരണാധികാരി ചാലിയത്ത് ഒരു കോട്ട കെട്ടി അവിടെ പോർട്ടുഗീസ് സൈന്യങ്ങളെ പാർപ്പിച്ച്, ഇന്ത്യൻസമുദ്രത്തിലെ പോർട്ടുഗീസാധിപത്യം പുനഃസ്ഥാപിച്ചു. ചാലിയംവെട്ടത്തു (താനൂർ) രാജാവിന്റെ ദേശത്താകയാൽ അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടിയാണ് പോർട്ടുഗീസുകാർ 1531-ൽ അവിടെ പുതിയ കോട്ട നിർമ്മിച്ചത്. ചാലിയം കൈവശമായതുകൊണ്ട് പോർട്ടുഗീസുകാർക്ക് എപ്പോൾ വേണമെങ്കിലും സാമൂതിരിയുടെ കടൽപ്പടയെ ആക്രമിക്കാമായിരുന്നു. സാമൂതിരിയുമായി യുദ്ധം ഉണ്ടാകുമ്പോൾ അദ്ദേഹത്തിന്റെ രാജ്യത്തിന്റെ ഹൃദയഭാഗത്തേക്കു കടന്നുചെല്ലാനുള്ള ഒരു ചവിട്ടുപടിയായിരുന്നു ചാലിയം. 'സാമൂതിരിയുടെ കണ്ഠത്തിലേക്കു നീട്ടിയ പീരങ്കി' പോലെയായിരുന്നു ചാലിയം കോട്ട.

### സാമൂതിരിയും പോർട്ടുഗീസുകാരും തമ്മിലുണ്ടായ സന്ധി (1540)

പോർട്ടുഗീസുകാർ ചാലിയത്ത് അടിസ്ഥാനമുറപ്പിച്ചത് കുഞ്ഞാലിമാരെ അസ്തവീര്യരാക്കിയില്ല. സാമൂതിരിയുടെ നാവികസൈന്യത്തിന്റെ പ്രമുഖ നായകനായിരുന്ന കുട്ടി ആലി മരയ്ക്കാർ 1531-ൽ വധിക്കപ്പെടുകയും അദ്ദേഹത്തിന്റെ സ്ഥാനം യുവാവായ കുഞ്ഞാലി രണ്ടാമൻ ഏറ്റെടുക്കുകയും ചെയ്തു. പോർട്ടുഗീസു കപ്പലുകൾ പിടിക്കുകയും കപ്പൽജോലിക്കാരെ ഒന്നോടെ കൊല്ലുകയും ചെയ്യുക കുഞ്ഞാലി രണ്ടാമന് മിക്കവാറും ഒരു വിനോദമായിരുന്നു. പല സന്ദർഭങ്ങളിലും ഇരു കപ്പൽക്കൂട്ടങ്ങളും നടുക്കടലിൽവച്ച് ഏറ്റുമുട്ടി. 1536-ൽ മാർട്ടിൻ ഡിസൂസ് ഇടപ്പള്ളിക്കോട്ട പിടിക്കാൻ ശ്രമിക്കുമ്പോൾ കുഞ്ഞാലി കൊച്ചിയിൽ പ്രത്യക്ഷപ്പെടുകയാൽ ഇടപ്പള്ളിയിൽനിന്നു പിൻവാങ്ങാൻ പോർട്ടുഗീസ് സൈന്യം നിർബന്ധിതമായി. ഈജിപ്തിന്റെ നായകന്മാരായിത്തീർന്ന തുർക്കികളുടെ സഹായം തേടാൻ ഇതിനിടയ്ക്ക് സാമൂതിരി ഒരു ശ്രമം നടത്തിനോക്കി. അതു വിഫലമാവുകയാണുണ്ടായത്. എന്നാലും ഈജിപ്തിന്റെ നാവികസൈന്യം ഗുജറാത്തിനടുത്തുവരെ വന്ന്, പോർട്ടുഗീസുകാരുമായി ഒരു യുദ്ധത്തിലേർപ്പെടാതെ, തങ്ങളുടെ ശക്തി ഒന്നു പ്രകടിപ്പിക്കുകമാത്രം ചെയ്തിട്ട് മടങ്ങിപ്പോയി. തുടർച്ചയായി യുദ്ധം ചെയ്യുകയാൽ ഇക്കാലമായപ്പോഴേക്ക് സാമൂതിരിയുടെ ശക്തി ക്ഷയിച്ചു. കോഴിക്കോട്ടെ വാണിജ്യം തകർന്ന്, നികുതിമാർഗ്ഗങ്ങളടഞ്ഞ്, അദ്ദേഹത്തിന്റെ ഖജനാവും ശൂന്യമായി. ആ നിലയിൽ അദ്ദേഹം 1540 ജനുവരിയിൽ പോർട്ടുഗീസുകാരുമായി ഒരു സന്ധിയുണ്ടാക്കി.

ഈ സന്ധിയനുസരിച്ച് സാമൂതിരി തന്റെ രാജ്യത്തുണ്ടാകുന്ന കുരുമുളക് കൊച്ചിയിലെ വിലനിരക്കിന് പോർട്ടുഗീസുകാർക്ക് കോഴിക്കോട്ടു കൊടുക്കണമായിരുന്നു. സമുദ്രസഞ്ചാരത്തിൽ അറബിക്കപ്പലുകൾക്കു പോർട്ടുഗീസുകാരുടെ ചീട്ടു വേണം എന്നതായിരുന്നു മറ്റൊരു വ്യവസ്ഥ. സാമൂതിരി കേരളത്തിലെ മറ്റു രാജ്യങ്ങളോടു യുദ്ധം ചെയ്യുമ്പോൾ പോർട്ടുഗീസുകാർ നിഷ്പക്ഷത പാലിക്കണമെന്നും സന്ധിയിൽ പറഞ്ഞിരുന്നു. ഇരുഭാഗക്കാർക്കും പ്രയോജനകരമായിരുന്നു 1540-ലെ സന്ധി. കോഴിക്കോട്ടു തുറമുഖത്തിലെ വാണിജ്യം പോർട്ടുഗീസുകാരുടെ കുത്തകയിലായി. അവർ നിഷ്പക്ഷത പാലിക്കുമെന്നതുകൊണ്ട്, പ്രാദേശികശക്തികളുമായി യുദ്ധം ചെയ്യാനുള്ള അനിയന്ത്രിതമായ സ്വാതന്ത്ര്യം സാമൂതിരിക്കും കിട്ടി. പുറക്കാട്ടെയും കൊല്ലത്തെയും രാജാക്കന്മാരുമായി പോർട്ടുഗീസുകാർ ഇതേരീതിയിൽ ഉടമ്പടികളുണ്ടാക്കാൻ ഇതു വഴിതെളിച്ചു. 'പോർട്ടുഗീസ് രാജാവിന്റെ സൈനികസഹോദരൻ' (ആ്യീവേല്യശിമ്യാ ീേ വേല ഗശിഴ ീള ജീൃൗേഴമഹ) എന്നൊരു ബഹുമതിയും അവർ പുറക്കാട്ടുരാജാവിനു നൽകി.

### സാമൂതിരി ചാലിയംകോട്ട പിടിക്കുന്നു (1571)

1540-ലെ സന്ധി അസ്വാസ്ഥ്യം നിറഞ്ഞ ഒരു താൽക്കാലികയുദ്ധവിരാമം മാത്രമായിരുന്നു. കൊച്ചീരാജാവും വടക്കുംകൂർരാജാവും തമ്മിലുണ്ടായ ഒരഭിപ്രായവ്യത്യാസത്തിൽ പോർട്ടുഗീസുകാർ ഇടപെട്ടതിനെത്തുടർന്ന് 1550-ൽ യുദ്ധം വീണ്ടും പൊട്ടിപ്പുറപ്പെട്ടു. വടുതല യുദ്ധത്തിൽ വടക്കുംകൂർ രാജാവ് വധിക്കപ്പെടുകയുണ്ടായി. സുഹൃത്തിന്റെ മരണത്തിനു പകരം വീട്ടാൻ സാമൂതിരി കൊച്ചി ആക്രമിച്ചു. കൊച്ചിയുടെ ഭാഗത്തായിരുന്ന പോർട്ടുഗീസുകാർ സാമൂതിരിയുടെ തീരനഗരങ്ങൾ, വിശേഷിച്ചും പന്തലായനിക്കൊല്ലം, പീരങ്കികൾക്കിരയാക്കി. അറബിക്കച്ചവടക്കാർ പോർട്ടുഗീസുകാരുടെ കപ്പൽച്ചീട്ടുകൾ വാങ്ങിക്കൊള്ളണമെന്ന വ്യവസ്ഥയിൽ 1555-ൽ ശത്രുത അവസാനിപ്പിച്ചു. 1564-ൽ സാമൂതിരിയുടെ സഹായത്തോടുകൂടി കോലത്തിരിയുടെ പടയാളികൾ കണ്ണൂർക്കോട്ട ആക്രമിക്കുകയും തുറമുഖത്തുണ്ടായിരുന്ന പോർട്ടുഗീസ് കപ്പലുകൾ നശിപ്പിക്കുകയും ചെയ്തു. പോർട്ടുഗീസുകാരുടെ ബന്ധുവായ വിജയനഗരരാജാവിന് 1565-ലെ തളിക്കോട്ടയുദ്ധത്തിലുണ്ടായ പരാജയം, പോർട്ടുഗീസുകാർക്കെതിരായി വമ്പിച്ച തോതിൽ പടനീക്കങ്ങളാരംഭിക്കാൻ സാമൂതിരിക്കു ധൈര്യം നൽകി. അദ്ദേഹം 1570-ൽ ബിജാപ്പൂരിലെ അദിൽഖാനുമായും അഹമ്മദ്നഗറിലെ നൈസാംഷായുമായും പോർട്ടുഗീസുകാർക്കെതിരായി സഖ്യം സ്ഥാപിച്ചു. 1571-ൽ സാമൂതിരിയുടെ സൈന്യം പോർട്ടുഗീസുകാരുടെ ചാലിയംകോട്ട വളഞ്ഞു. പോർട്ടുഗീസുകാർ കോട്ട വിട്ടുപോകാൻ നിർബന്ധിതരായി. 'ഒരു കല്ലിനുമേൽ മറ്റൊരു കല്ലില്ലാത്ത വിധം' കോട്ട നിശ്ശേഷം നശിപ്പിക്കപ്പെട്ടു. ഈ ആക്രമണത്തിൽ പരപ്പനാട്ടു രാജാവാ നൽകിയ സഹായത്തിനു പ്രതിഫലമായി സാമൂതിരി ചാലിയം അദ്ദേഹത്തിനു കൊടുത്തു.

ചാലിയംകോട്ടയുടെ പതനം കേരളത്തിൽ പോർട്ടുഗീസുകാരുടെ നാശത്തിന്റെ ആരംഭമായിരുന്നു. അടിക്കടി പരാജയപ്പെട്ടുകൊണ്ടിരുന്നിട്ടും തീരപ്രദേശങ്ങൾ നിറയൊഴിച്ചു തകർക്കുകയും സാമൂതിരിയുടെ പ്രജകളെ ഉപദ്രവിക്കുകയും ചെയ്യുന്നതിൽനിന്ന് അവർ പിന്മാറിയില്ല. പൊന്നാനിയിൽ ഒരു കോട്ട കെട്ടാൻ അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ട് പോർട്ടുഗീസുകാർ 1578-ൽ സാമൂതിരിയെ സമീപിച്ചു. അദ്ദേഹം അനുവാദം നൽകാൻ കൂട്ടാക്കിയില്ല. അവർ വിട്ടുമാറാതെ ശ്രമിച്ചതിന്റെ ഫലമായി പൊന്നാനിയിൽ ഒരു വ്യവസായശാല സ്ഥാപിക്കാൻ 1584-ൽ സാമൂതിരിയിൽനിന്നു സമ്മതം നേടി. സാമൂതിരിയുടെ അനുവാദത്തോടുകൂടി 1588-ൽ അവർ വീണ്ടും കോഴിക്കോട്ടു താവളമാക്കി. 1591-ൽ കോഴിക്കോട്ട് ഒരു പള്ളി പണിയിക്കാൻ സ്ഥലവും നിർമ്മാണസാമഗ്രികളും സാമൂതിരി പോർട്ടുഗീസുകാർക്ക് സംഭാവനയായി നൽകി. അദ്ദേഹം തന്നെ പള്ളിക്കു കല്ലുമിട്ടു. ഈ പുതിയ മൈത്രിയെ പ്രോത്സാഹിപ്പിച്ചത് സാമൂതിരിയും കുഞ്ഞാലിമരും തമ്മിൽ അനുക്രമം വളർന്നുവന്ന വൈരമായിരുന്നു.

### സാമൂതിരിക്ക് കുഞ്ഞാലിമാരോടുണ്ടായ ശത്രുത

ചാലിയത്തുനിന്ന് പോർട്ടുഗീസുകാരെ പുറത്താക്കിയതിനുശേഷം കുഞ്ഞാലിമാർ പരമാവധി ശക്തന്മാരായി. മരയ്ക്കാർകുടുംബത്തിലെ പ്രധാനിയായിത്തീർന്ന കുഞ്ഞാലി മൂന്നാമൻ സാമൂതിരിയുടെ അനുവാദത്തോടുകൂടി കോട്ടയ്ക്കൽ (പുതുപട്ടണം) ഒരു കോട്ട (മരയ്ക്കാർകോട്ട) കെട്ടി. അദ്ദേഹത്തിന് സാമൂതിരിയുടെ ഒരു നായർസേനാനായകനുള്ള എല്ലാ അധികാരങ്ങളും അവകാശങ്ങളും ഉണ്ടായിരുന്നു. പൊന്നാനിയിൽ വ്യാപാരശാല സ്ഥാപിക്കാൻ സാമൂതിരി പോർട്ടുഗീസുകാർക്ക് അനുവാദം കൊടുത്തത് കുഞ്ഞാലിമാർക്ക് അഗാധമായ അഭിമാനക്ഷതത്തിനും കുണ്ഠിത്തിനും ഇടയാക്കി. 1586-ലും 1589-ലും സുപ്രധാനമായ രണ്ടു നാവികയുദ്ധങ്ങളിൽ കുഞ്ഞാലിമാർ പോർട്ടുഗീസുകാരെ ദയനീയമായി പരാജയപ്പെടുത്തിയിരുന്നു. 1591-ൽ പോർട്ടുഗീസുകാർ ഒരു കത്തോലിക്കാപ്പുരോഹിതന്റെ മദ്ധ്യസ്ഥതയിൽ കുഞ്ഞാലിമാരുമായുണ്ടായിരുന്ന ശത്രുത പറഞ്ഞൊതുക്കി. 1595-ൽ കുഞ്ഞാലി നാലാമൻ കുഞ്ഞാലിമരയ്ക്കാർമാരുടെ തലവനായി. അദ്ദേഹം കോട്ടയ്ക്കൽകോട്ട ബലപ്പെടുത്തുകയും 'മുസ്ലീങ്ങളുടെ രാജാവ്', 'ഇന്ത്യൻസമുദ്രങ്ങളുടെ അധിനാ

യകൻ' എന്നിങ്ങനെയുള്ള ബിരുദങ്ങൾ സ്വയം സ്വീകരിച്ചുകൊണ്ട് തന്റെ രക്ഷിതാവായ സാമൂതിരിയെ പരസ്യമായി ധിക്കരിക്കുകയും ചെയ്തു. കുഞ്ഞാലി സാമൂതിരിയുടെ ഒരാനയുടെ വാൽ അരിഞ്ഞുവിട്ടതും കാരണമറിയാൻ ചെന്ന ഒരു നായർപ്രഭുവിനോട് ഹീനമായി പെറുമാറിയതും സാമൂതിരിയെ കോപാകുലനാക്കി. കുഞ്ഞാലിമാരുടെ ശക്തി തകർക്കാൻ അദ്ദേഹം പോർട്ടുഗീസുകാരുമായി ഒരു കരാറുണ്ടാക്കി. 1598-ൽ പോർട്ടുഗീസുകാരും സാമൂതിരിയും ഒന്നുചേർന്ന് മരയ്ക്കാർകോട്ട ആക്രമിച്ചു. പരാജയമായിരുന്നു ഫലം. സഖ്യകക്ഷികൾക്കു വമ്പിച്ച നഷ്ടങ്ങളുണ്ടാക്കി. കടൽപ്പടയും കരപ്പടയും തമ്മിൽ ധാരണയില്ലാതെ പോയതാണ് പരാജയത്തിന്റെ പ്രധാന കാരണം. ഇനിമേൽ നടത്തുന്ന ആക്രമണങ്ങളിൽ പോർട്ടുഗീസുകാർ നാവികസൈന്യത്തിന്റെയും സാമൂതിരി കാലാൾപ്പടയുടെയും കാര്യങ്ങൾ നോക്കിയാൽ മതിയെന്ന് അവർ തമ്മിൽ ഒരു ധാരണയുണ്ടായി.

## കുഞ്ഞാലിമാരുടെ അന്ത്യം

1600-ൽ 6000 പടയാളികളുമായി സാമൂതിരി കുഞ്ഞാലിയുടെ കോട്ട ആക്രമിച്ചു. ഈ ആക്രമണത്തിൽ ആന്ദ്രേ ഫുർട്ടാഡോവിന്റെ നേതൃത്വത്തിൽ പോർട്ടുഗീസ് നാവികസൈന്യം സാമൂതിരിക്കു വിദഗ്ദ്ധമായ പിന്തുണ നൽകി. കുഞ്ഞാലിക്ക് തന്റെ നില തികച്ചും നിസ്സഹായമാണെന്നു ബോദ്ധ്യമായി. മാപ്പു നൽകാമെന്ന സാമൂതിരിയുടെ വിശുദ്ധമായ വാഗ്ദാനം വിശ്വസിച്ച് അദ്ദേഹം തന്റെ പണ്ടത്തെ സംരക്ഷകനു കീഴടങ്ങി. എന്നാൽ സാമൂതിരി പ്രതിജ്ഞ പാലിക്കുന്നതിനു പകരം തന്റെ ആ പഴയ നാവികസേനാനായകനെ പോർട്ടുഗീസുകാരെ ഏൽപ്പിക്കുകയാണു ചെയ്തത്. അവർ കുഞ്ഞാലി നാലാമനെയും അദ്ദേഹത്തിന്റെ ആളുകളെയും ഗോവയിലേക്കു കൊണ്ടുപോയി അവിടെവച്ചു വധിച്ചു. പോർട്ടുഗീസുകാർ അദ്ദേഹത്തിന്റെ ശരീരം കൊത്തിനുറുക്കി ബാർഡെസ്സിലെയും പ്ഞ്ജിമിലെയും കടൽപ്പുറത്തു പ്രദർശിപ്പിക്കയുണ്ടായി. കുഞ്ഞാലിയുടെ തല ഉപ്പിലിട്ട് കണ്ണൂർ കൊണ്ടുവന്ന്, സ്ഥലവാസികളായ മുസ്ലിങ്ങൾക്ക് ഒരു താക്കീതെന്നവണ്ണം ഒരു കോലിൽ നാട്ടിനിർത്തി.

കേരളചരിത്രത്തിലെ വികാരഭരിതമായ ദുരന്തകഥകളിലൊന്നാണ് കുഞ്ഞാലിമാരുടെ പര്യവസാനം. ഒരിക്കൽ അവരുടെ സംരക്ഷകനും തമ്പുരാനുമായിരുന്ന സാമൂതിരിയുടെ നീചമായ വഞ്ചന ആ കഥയെ കൂടുതൽ ദുരന്തമാക്കുന്നു. ഒരുകാലത്ത് പോർട്ടുഗീസുകാരുടെ നിഷ്ഠൂരശാസനത്തിനെതിരായി സാമൂതിരി നടത്തിയ യുദ്ധങ്ങളിൽ അദ്ദേഹത്തിന്റെ സമസ്ത ശക്തിപ്രഭാവങ്ങൾക്കും മുഖ്യാവലംബമായിരുന്ന കുഞ്ഞാലിമാരെ, അദ്ദേഹം തന്റെ ആജന്മശത്രുക്കളായിരുന്ന പോർട്ടുഗീസുകാരുമായി ചെയ്ത് അവിശുദ്ധവും അവസരവാദപരവുമായ സഖ്യംകൊണ്ട്, നിശ്ശേഷം തകർത്തുകളഞ്ഞത് ചരിത്രത്തിലെ ക്രൂരമായ ഒരു വിരോധഭാസമാണ്. രാജ്യസ്നേഹപരമല്ലാത്ത ഈ പ്രവൃത്തി തീർച്ചയായും സാമൂതിരിയെ സദ്യശസ്സിന്റെ കിരീടമണിയിക്കുന്നില്ല. അദ്ദേഹം തന്റെ വിജയമുഹൂർത്തത്തിൽ കുഞ്ഞാലിയോടു കാട്ടിയ കടുംകൈ സാമൂതിരിവംശത്തിന്റെ ധർമ്മപതാകയിൽ മായാതെ പതിഞ്ഞുകിടക്കുന്ന കറുത്ത പാടാണ്. കുഞ്ഞാലിമരയ്ക്കാർമാരുടെ ദേശാഭിമാനോജ്ജ്വലമായ പൗരുഷപരാക്രമങ്ങൾ ഇന്നും കേരളീയജനതയുടെ ധീരസ്മരണകളായി നിലനിൽക്കുന്നു. 'ഈ വീരസേനാനികളുടെ ജീവചരിത്രം കേരളത്തിനാകമാനം കീർത്തിയും അഭിമാനവും പ്രദാനം ചെയ്യുന്നു എന്ന കാര്യത്തിൽ ഏതും സംശയമില്ല; എന്തെന്നാൽ പോർട്ടുഗീസുകാരുടെ നാവികദുഷ്പ്രഭുത്വത്തിനെതിരെ അവർ നേടിയ വിജയങ്ങൾ കേരളചരിത്രത്തിന്റെ മഹത്തായ ഒരുദ്ധ്യായമാണ്.'

## പോർട്ടുഗീസുകാരുടെ അധഃപതനം

കുഞ്ഞാലിമാരുടെ പതനം പോർട്ടുഗീസുകാരുടെ നില വീണ്ടെടുക്കാൻ അവർക്കു സഹായകമായില്ല; എന്തുകൊണ്ടെന്നാൽ പ്രബലമായ എതിരാളികളെന്ന നിലയിൽ അപ്പോഴേക്ക് ഡച്ചുകാർ രംഗപ്രവേശം ചെയ്തുകഴിഞ്ഞിരുന്നു. സിലോണിൽ പോർട്ടുഗീസുകാർക്കുണ്ടായിരുന്ന ഉറച്ച താവളങ്ങളിൽനിന്ന് അവരെ

ഡച്ചുകാർ 1658-ൽ പുറത്താക്കി. തുടർന്ന് അവർ കൊല്ലവും കൊടുങ്ങല്ലൂരും പുറക്കാടും കൊച്ചിയും കണ്ണൂരും പോർട്ടുഗീസുകാരിൽനിന്നു പിടിച്ചെടുത്തു. 1663-ാമാണ്ടോടുകൂടി പോർട്ടുഗീസ് പതാക കേരള ത്തിൽ പാറാതെയായി. പോർട്ടുഗീസ് ശക്തിയുടെ പതനത്തിനിടയാക്കിയ സംഭവങ്ങളെക്കുറിച്ച്, ഡച്ചുകാരെ പ്പറ്റി പ്രതിപാദിക്കുന്ന അദ്ധ്യാത്തിൽ വിവരിക്കുന്നതാണ്.

കേരളം അടിസ്ഥാനമാക്കിക്കൊണ്ട് ഇന്ത്യയിൽ സ്ഥിരമായ ഒരു രാജ്യം സ്ഥാപിക്കാനുള്ള ശ്രമത്തിൽ പോർട്ടുഗീസുകാർക്കു നേരിട്ട പരാജയം അനിവാര്യമായിരുന്നു. ഇന്ത്യസമുദ്രത്തിൽ പോർട്ടുഗീസുകാർക്കു ണ്ടായിരുന്ന ആധിപത്യമാണ് അവർ ആദ്യകാലത്ത് കേരളത്തിൽ നേടിയ വിജയങ്ങൾക്കു കാരണം. ഡച്ചു കാർ, ഇംഗ്ലീഷുകാർ തുടങ്ങിയ മറ്റു യൂറോപ്യൻശക്തികൾ കേരളത്തിൽ വന്നുചേരുന്നതുവരെ മാത്രമേ അവർക്ക് ഇവിടുത്തെ രാജാക്കന്മാരുടെയും നാടുവാഴികളുടെയും മേലുള്ള സ്വാധീനം നിലനിർത്താൻ സാധി ച്ചുള്ളൂ. ഡച്ചുകാരുമായുണ്ടായ യുദ്ധത്തിൽ പോർട്ടുഗീസുകാരുടെ നാവികശക്തി വെറുമൊരു വ്യാമോഹമാ ണെന്നു തെളിയുകയും തുടർന്ന് അവർ വഴിമാറിക്കൊടുക്കുകയും ചെയ്തു.

പോർട്ടുഗീസുകാർ തങ്ങൾക്കധീനമായ പ്രദേശങ്ങളിൽ കാര്യക്ഷമമായ ഒരു ഭരണക്രമം സ്ഥാപി ക്കുന്ന കാര്യത്തിൽ പരാജയമടഞ്ഞു. കേരളത്തിൽ ആദ്യം വന്ന പോർട്ടുഗീസാ ഭരണാധികാരികളിൽ ചിലർ കഴിവും സൽസ്വഭാവവുമുള്ളവരായിരുന്നെങ്കിലും താണതരത്തിൽപ്പെട്ടവരായിരുന്നു പിന്നീടു വന്നവർ. അത്യാഗ്രഹികളും അഴിമതിക്കാരും ഭരണകാര്യങ്ങളിൽ പിടിപാടില്ലാത്തവരും ആയിരുന്നു അവരിൽ അധികം പേരും. കേരളത്തിലെ പോർട്ടുഗീസ് ഗവൺമെന്റിന് സ്വന്തമായ സൈനികശക്തി ഉണ്ടായിരുന്നില്ല. പോർട്ടു ഗീസ് ഭടന്മാർ ധീരന്മാരും സാഹസികന്മാരുമായിരുന്നെങ്കിലും അച്ചടക്കമോ പരിചയമോ ലഭിച്ചവരല്ലായിരു ന്നു. സൈനികോദ്യോഗസ്ഥന്മാർക്കും അല്ലാത്തവർക്കും പോർട്ടുഗീസ് ഗവൺമെന്റ് പണമായി ശമ്പളം നൽകിയിരുന്നുമില്ല. ഇതിന്റെ ഫലമായി ഉദ്യോഗവൃത്തങ്ങളിൽ അഴിമതി ഒരു സുകുമാരകലയായി സ്ഥിരപ്ര തിഷ്ഠ നേടി. സ്വകാര്യലാഭത്തിൽമാത്രം നോട്ടമുണ്ടായിരുന്ന പോർട്ടുഗീസുദ്യോഗസ്ഥന്മാരുടെ സ്വന്തം നില യിൽ വാണിജ്യം നടത്തിയും സംശയിതവ്യമായ മറ്റിടപാടുകളിൽ ഏർപ്പെട്ടും ധാരാളം ധനം സമ്പാദിച്ചു. ഓരോ ഉദ്യോഗവും അതു നോക്കുന്നയാൾക്ക് നേരല്ലാത്ത വഴിയിലൂടെ കൈയും കണക്കുമില്ലാത്ത സമ്പത്തു നേടിക്കൊടുത്തു. ഭരണകാര്യത്തിലോ സൈന്യത്തിലോ ഉദ്യോഗം നോക്കുന്ന ഏതൊരാൾക്കും സ്വകാര്യവ്യാ പാരത്തിലൂടെ പണം സമ്പാദിക്കാനുള്ള അവകാശം പോർട്ടുഗീസ് ഗവൺമെന്റ് തന്നെ നൽകിയിരുന്നു എന്നത് നേരമ്പോക്കുള്ള കാര്യമാണ്. പോർട്ടുഗീസ് രാജാവിന്റെ ഭരണപദ്ധതികളിൽ ശ്രദ്ധിക്കുന്നതിനെക്കാൾ സ്വകാര്യതാൽപ്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്നതിന് ഈ സമ്പ്രദായം ഓരോ ഉദ്യോഗസ്ഥനും പ്രേരണ നൽകി. ഇന്ത്യയിലെ ഉദ്യോഗങ്ങൾ പോർട്ടുഗലിൽവച്ച് പരസ്യമായി ലേലം ചെയ്ത്, കൂടുതൽ തുക കൊടു ക്കുന്നവരുടെ പേരിൽ സ്ഥിരപ്പെടുത്തിക്കൊടുക്കുന്ന സമ്പ്രദായംപോലും പോർട്ടുഗീസ് ഗവൺമെന്റ് നടപ്പിലാ ക്കി. ഉദ്യോഗങ്ങളിൽ നിയമിച്ചുകൊണ്ടുള്ള ഉത്തരവുകളുമായി അനാഥകളായ പോർട്ടുഗീസ് പെൺകിടാ ങ്ങളെ ഇന്ത്യയിലേക്കയയ്ക്കുകയും ഇവിടത്തെ പോർട്ടുഗീസുകാർ ആ ഉത്തരവുകൾ സ്ത്രീധനമായി സ്വീക രിച്ച് അവരെ വിവാഹം കഴിക്കുകയും ചെയ്തിരുന്നു. പോർട്ടുഗീസുദ്യോഗസ്ഥന്മാർക്കിടയിൽ അനിയന്ത്രിത മാംവിധം സാർവ്വത്രികമായിരുന്നു സ്വജനപക്ഷപാതം. ഓരോ ഗവർണറും തന്റെ മക്കളെയും മരുമക്കളെയും മറ്റു ബന്ധുക്കളെയും കൂടെക്കൊണ്ടുവന്ന്, വിശ്വാസ്യതയും ഉത്തരവാദിത്വവും ആവശ്യമുള്ള ഉദ്യോഗങ്ങളിൽ നിയമിച്ചിരുന്നു. കാര്യശേഷിയുടെ പ്രശ്നമേ ഉണ്ടായിരുന്നി ല്ല. ഉദ്യോഗസ്ഥന്മാർക്കിടയിലെ തികഞ്ഞ ധാർമ്മി കാധഃപതനമായിരുന്നു ഈ നയങ്ങളുടെയെല്ലാം ഫലം.

പോർട്ടുഗീസുകാരുടെ മതപരമായ നയം ഉദാരമോ സാംസ്കാരികാധിഷ്ഠിതമോ ആയിരുന്നില്ല. അവർ അങ്ങേയറ്റത്തെ മതഭ്രാന്തന്മാരും സെന്റ് തോമസ് ക്രിസ്ത്യാനികളുൾപ്പെടെ അന്യമതസമുദായങ്ങളോ ടുള്ള പെരുമാറ്റത്തിൽ സങ്കുചിതമനസ്കരും ആയിരുന്നു. പോർട്ടുഗീസ് പൗരന്മാരുടെയോ നാട്ടുകാരിൽനിന്ന് മാർഗ്ഗംകൂടിയവരുടെയോ മാത്രം സങ്കേതമായിരുന്നു ഓരോ പോർട്ടുഗീസ് കോട്ടയും. ക്രിസ്തുമതം സ്വീകരി

ക്കാനോ സ്ത്രീകളെ പോർട്ടുഗീസ് ഭടന്മാർക്ക് വിവാഹം ചെയ്തുകൊടുക്കാനോ വിസമ്മതിച്ച, ഇതരമതക്കാരെ അവർ കോട്ടയ്ക്കകങ്ങളിൽനിന്ന് ആട്ടിയകറ്റിയ ക്രിസ്ത്യാനികളെ മറ്റുതരത്തിൽപ്പെട്ട ഭീഷഗ്വരന്മാർ ചികിത്സിക്കുന്നതോ അവർ അക്രൈസ്തവരായ ക്ഷുരകന്മാരെക്കൊണ്ട് മുഖം വടിപ്പിക്കുന്നതോ നിരോധിച്ചുകൊണ്ട് കേരളത്തിലെ പോർട്ടുഗീസ് മതാധികാരികൾ ആജ്ഞ പുറപ്പെടുവിക്കുകപോലും ചെയ്തു. പോർട്ടുഗീസുകാരുടെ നീതിനിർവ്വഹണം നിഷ്പക്ഷമായിരുന്നില്ല. പ്രത്യേകാവകാശമുള്ള ഒരു വർഗ്ഗമായിട്ടാണ് പോർട്ടുഗീസ് നിയമം കേരളത്തിലെ ക്രിസ്ത്യാനികളെ പരിഗണിച്ചത്. പോർട്ടുഗീസ് ഗവർണ്ണർമാർ ഏതദ്ദേശീയ രാജാക്കന്മാരുമായി ഉടമ്പടികളിൽ ഏർപ്പെടുമ്പോൾ അവയിൽ ക്രിസ്ത്യൻപ്രജകൾക്കു വിശേഷാധികാരങ്ങളും ആനുകൂല്യങ്ങളും വ്യവസ്ഥ ചെയ്തിരുന്നു. മറ്റു രീതിയിൽ പറഞ്ഞാൽ കേരളത്തിലെ ക്രിസ്ത്യൻ ജനവിഭാഗത്തെ പോർട്ടുഗീസുകാർ സ്വന്തം സംരക്ഷണത്തിലാക്കി. കുറ്റവാളികളായ ക്രിസ്ത്യാനികളെ ശിക്ഷിക്കാൻ പോർട്ടുഗീസധികൃതരെ ഏൽപ്പിച്ചുകൊടുക്കണമെന്നായിരുന്നു ഏർപ്പാട്. കേരളത്തിലെ നിയമങ്ങൾ ക്രൈസ്തവേതരർക്ക് മാത്രമേ ബാധകമായിരുന്നുള്ളു. പോർട്ടുഗീസുകാരുടെ ശിക്ഷാവിധങ്ങൾ മനുഷ്യത്വഹീനവും അപരിഷ്കൃതവും ആയിരുന്നു.

പോർട്ടുഗീസുകാർ കേരളീയജനങ്ങളുടെ വിശ്വാസവും പിന്തുണയും ഒരുകാലത്തും നേടിയിരുന്നില്ല. പോർട്ടുഗീസുദ്യോഗസ്ഥന്മാരുടെയും ഈ നാട്ടുകാരായ സ്ത്രീകളുടെയും മിശ്രവിവാഹത്തിന്റെ അടിസ്ഥാനത്തിൽ അവർ ഏർപ്പെടുത്തിയ 'സങ്കരസങ്കേതങ്ങൾ' പോർട്ടുഗീസുകാരും ഇന്ത്യക്കാരും ഒരുപോലെ വെറുത്ത ഒരു ജനവർഗ്ഗത്തെ ജനിപ്പിക്കുന്നതിനെ സഹായകമായുള്ളു. ആ കാലഘട്ടത്തിലെ ധാർമ്മികശൂന്യതയ്ക്ക് പോർട്ടുഗീസുകാർ നൽകിയ സംഭാവന കുറച്ചൊന്നുമല്ല. കേരളത്തിൽ ഒന്നരനൂറ്റാണ്ടു നീണ്ടുനിന്ന പോർട്ടുഗീസ് വാഴ്ചക്കാലത്ത് അവരുടെ ഭരണാധികാരികൾ കണക്കില്ലാത്തവണ്ണം നശീകരണകർമ്മങ്ങളിലും മറ്റു ക്രൂരപ്രവൃത്തികളിലും ബോധപൂർവ്വം ഏർപ്പെട്ടിട്ടുണ്ട്. മനസ്സാക്ഷിക്ക് യാതൊരു വേദനയുമില്ലാതെ അവർ കേരളീയരെ കൊന്നൊടുക്കി. ചതിയന്മാരും വിശ്വസിക്കാൻ കൊള്ളാത്തവരും എന്ന നിലയിൽ അവർ കുപ്രസിദ്ധി നേടി. ചില പോർട്ടുഗീസ് വൈസ്രേയിമാർ ഹിന്ദുക്കളുടെയും മുസ്ലിങ്ങളുടെയും ദേവാലയങ്ങൽ കൊള്ളയടിക്കുകയും നശിപ്പിക്കുകയും ചെയ്ത് പൊതുജനങ്ങളുടെ അപ്രീതി സമ്പാദിച്ചു. പോർട്ടുഗീസ് ശക്തി വളർന്നുവരുന്ന കാലത്ത് കേരളത്തിൽ ജീവിച്ചിരുന്ന ശൈഖ് സൈനുദ്ദീൻ തന്റെ 'തുഫ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥത്തിൽ, മുസ്ലിംപള്ളികൾ തകർക്കുകയും കൊള്ളയടിക്കുകയും ചെയ്യുക എന്ന പോർട്ടുഗീസ്നയത്തെക്കുറിച്ച് നിശിതമായ ഭാഷയിൽ പറയുന്നുണ്ട്. പോർട്ടുഗീസുകാരുടെ അത്തരം ക്രൂരമായ പല അക്രമപ്രവർത്തനങ്ങളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം വിശദമായി പ്രതിപാദിക്കണമെങ്കിൽ ഒട്ടേറെ ഗ്രന്ഥങ്ങൾതന്നെ രചിക്കേണ്ടിവരുമെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

ഇങ്ങനെ അവിശുദ്ധമായ ധൃഷ്ടപ്രവൃത്തികളാൽ പോർട്ടുഗീസ് ഭരണാധികാരികൾ ജനദൃഷ്ടിയിൽ ഗർഹണീയരായിത്തീർന്നു. ഇതിനുപുറമേ, ഇന്ത്യയിലെ പോർട്ടുഗീസ് ഗവൺമെന്റ് അഭിപ്രായവ്യത്യാസങ്ങളാൽ സ്വയം ശിഥിലമാവുകയും ചെയ്തു. പോർട്ടുഗീസ് ഉദ്യോഗസ്ഥന്മാർ സ്വാർത്ഥതാൽപ്പര്യങ്ങൾ പരിരക്ഷിക്കാൻ പരസ്പരോപജാപങ്ങളിൽ ഏർപ്പെട്ടു. പോർട്ടുഗീസ് രാജാവുമായിട്ടും പോർട്ടുഗലിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുമായിട്ടും കത്തിടപാടുകൾ നടത്താൻ ഇന്ത്യയിലെ ഏതു പോർട്ടുഗീസ് ഉദ്യോഗസ്ഥനും അവകാശമുണ്ടായിരുന്നു. ഈ അവകാശം ഓരോ ആളും തന്റെ പ്രതിയോഗികൾക്കെതിരായി അപവാദം പ്രചരിപ്പിക്കാൻ പൂർണ്ണമായും പ്രയോജനപ്പെടുത്തി. ദേശാഭിമാനപരമായ ലക്ഷ്യങ്ങളോ ഉയർന്ന ആദർശങ്ങളോ ഒന്നുമില്ലായിരുന്നില്ല കേരളത്തിലെ പോർട്ടുഗീസ് ഉദ്യോഗസ്ഥന്മാർക്ക് പ്രേരകമായിരുന്നത്. അവരിൽ പലർക്കും ഇവിടത്തെ നാടുവാഴികളുമായി രഹസ്യബന്ധമുണ്ടായിരുന്നു. കൂടുതൽ ഉത്കർഷത്തിനു മാർഗ്ഗമാണെന്നു കണ്ടാൽ, അവർ പോർട്ടുഗീസ് രാജാവിനെ തള്ളി, കേരളീയ രാജാക്കന്മാരുടെ കീഴിൽ ഉദ്യോഗം സ്വീകരിക്കാൻ മടിച്ചിരുന്നില്ല.

പോർട്ടുഗീസ് ഭരണാധികാരികളും പോർട്ടുഗീസ് മതമേധാവികളും തമ്മിൽ ഭിന്നതയുണ്ടായിരുന്നു. ജസ്യൂട്ട് പുരോഹിതന്മാർക്ക് പോർട്ടുഗീസ് ഖജനാവിൽനിന്നു ഭാരിച്ച പ്രതിഫലം കിട്ടിക്കൊണ്ടിരുന്നെങ്കിലും അവർ പോർട്ടുഗീസ് വൈസ്രോയിമാരുടെ കല്പനകൾ അനുസരിക്കാൻ വിസമ്മതിച്ചു. സ്വതന്ത്രമായിട്ടാണ് അവർ പ്രവർത്തിച്ചത്. പോർട്ടുഗീസ് ഭരണത്തിന്റെ അപരിഹാര്യമായ ഋണബാദ്ധ്യത കാര്യങ്ങൾ കൂടുതൽ കുഴപ്പത്തിലാക്കി. എപ്പോഴും ധനപരമായ ബുദ്ധിമുട്ടിലാവുകയാൽ ഗവർണ്ണർമാർക്ക് തങ്ങളുടെ നയങ്ങൾ വിശ്വാസപൂർവ്വം കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല.

എല്ലാറ്റിനും മീതേ, 1580-ൽ പോർട്ടുഗൽ ഫിലിപ്പ് രണ്ടാമന്റെ നേതൃത്വത്തിൽ സ്പെയിനിന്റെ ആധിപത്യ ത്തിലായപ്പോൾ, ഇന്ത്യയിലെ പോർട്ടുഗീസ് കാര്യങ്ങളിൽ പോർട്ടുഗീസ് രാജാവിനുണ്ടായിരുന്ന വ്യക്തിപര മായ താൽപ്പര്യം തിരോഭവിച്ചു. പോർട്ടുഗീസ് ഗവൺമെന്റുമായുണ്ടായിരുന്ന ബന്ധങ്ങളെല്ലാം മിക്കവാറും നഷ്ടപ്പെട്ടുപോയ ഇന്ത്യയിലെ പോർട്ടുഗീസ് ഭരണാധികാരികൾക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകാൻ നിർദ്ദേശങ്ങൾക്കും മാർഗ്ഗദർശനങ്ങൾക്കുമായി ഇരുട്ടിൽ തപ്പിത്തടയേണ്ടിവന്നു. ഈ സാഹചര്യങ്ങളിൽ കേരളത്തിലെ പോർട്ടുഗീസുകാർക്ക് പറ്റിയ പരാജയം കേവലം സ്വാഭാവികമാണ്.

### ഉദയംപേരൂർ സൂനഹദോസ് (1599)

പോർട്ടുഗീസ് കാലത്ത് കേരള ക്രൈസ്തവസഭയുടെ ചരിത്രത്തിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട സംഭവ മാണ് 1599 ജൂൺ മാസത്തിൽ സമ്മേളിച്ച ഉദയംപേരൂർ സൂനഹദോസ്. 'നെസ്റ്റോറിയൻ മിഥ്യാവാദ'ത്തെ റോമൻസഭയുടെ ആധിപത്യത്തിൽ കൊണ്ടുവരികയുമായിരുന്നു സൂനഹദോസിന്റെ ലക്ഷ്യങ്ങൾ. ഗോവയിലെ ആർച്ച് ബിഷപ്പായ അലെക്സിസ് ഡി മെനസെസ്സിന്റെ അദ്ധ്യക്ഷതയിൽകൂടിയ സൂനഹദോസ്സിൽ 813 പ്രതിനി ധികൾ പങ്കെടുത്തു. അവരിൽ 133 പേർ കത്തനാർമാരും 20 പേർ ഡീക്കന്മാരും 660 പേർ ഓരോ ഇടവക യെയും പ്രതിനിധീകരിച്ചുവന്ന സാധാരണക്കാരും ആയിരുന്നു. സൂനഹദോസ് സുറിയാനിഗ്രന്ഥങ്ങൾ പരി ശോധിച്ച് അനാശാസ്യമായ ഭാഗങ്ങൾ എടുത്തുമാറ്റി. ദൈവവിരുദ്ധഗ്രന്ഥങ്ങൾ കത്തിച്ചുകളഞ്ഞു. സുറിയാനി ക്കുർബ്ബാന ലത്തീൻകുർബ്ബാനയ്ക്കനുസൃതമായി ഭേദപ്പെടുത്തപ്പെട്ടു. സൂനഹദോസ് കേരളക്രൈസ്തവസ ഭയ്ക്ക് ബാബിലോണിലെ പത്രിയാർക്കുമായുണ്ടായിരുന്ന സുദീർഘമായ ബന്ധം വിച്ഛേദിച്ച് പകരം റോം ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന പോപ്പിന്റെ ആധിപത്യം സ്ഥാപിച്ചു. ലത്തീൻമാർഗ്ഗം സ്വീകരിച്ചവർ കൊച്ചി രൂപതയിലും സുറിയാനിമാർഗ്ഗത്തിൽത്തന്നെ ഉറച്ചുനിന്നവർ അങ്കമാലിയിലെ പഴയ സുറിയാനി രൂപതയിലും ഉൾപ്പെട്ടു. സൂനഹദോസിനുശേഷം ആർച്ച് ബിഷപ്പ് മെനെസെസ്സ് അഞ്ച് ജസ്യൂട്ട് പുരോഹിതന്മാരോടുകൂടി കൊല്ലംവരെയുള്ള പ്രധാനപ്പെട്ട പള്ളികൾ സന്ദർശിച്ചശേഷം 1599 നവംബറിൽ ഗോവയിലേക്കു തിരിച്ചുപോ യി.

### കൂനൻകുരിശുകലാപം (1653)

ഉദയംപേരൂർ സൂനഹദോസിന്റെ വിജയം നീണ്ടുനിന്നില്ല. ഏറെനാൾ കഴിയുംമുൻപ് സുറിയാനിക്രി സ്ത്യാനികളും പോർട്ടുഗീസു അധികൃതരും തമ്മിൽ രൂക്ഷമായ ഒരു വഴക്കാരംഭിച്ചു. പോപ്പ് നൽകിയ അധി കാരം (ജമറൃീമറീ) ഉപയോഗിച്ച് പോർട്ടുഗീസ് രാജാവ് അങ്കമാലിരൂപതയിലേക്കു യൂറോപ്യന്മാരായ ലത്തീൻബിഷപ്പുമാരെ നിയമിക്കുന്നതിൽ സുറിയാനിക്രിസ്ത്യാനികൾക്ക് എതിർപ്പുണ്ടായി. ഉദയംപേരൂർ സൂനഹദോസിന്റെ സമ്മർദ്ദത്താൽ അവർ പോപ്പിന്റെ ആധിപത്യം അംഗീകരിക്കാൻ നേരത്തേ നിർബ്ബന്ധിതരാ വുകയുണ്ടായെങ്കിലും ഈ എതിർപ്പിന്റെ ശക്തി കുറഞ്ഞില്ല. അവർക്കു സ്വന്തം മാർഗ്ഗത്തിലുള്ള ഒരു ബിഷപ്പു ണ്ടായിരിക്കണമെന്നു നിർബ്ബന്ധമായി. കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെ അഭ്യർത്ഥനയനുസരിച്ച് ബാബിലോണിലെ യാക്കോബായ പാത്രിയാർക്ക് കേരളത്തിലേക്ക് അഹറ്റല്ല എന്ന ഒരു സുറിയാനി ബിഷ

പ്പിനെ അയച്ചുകൊടുത്തു. അദ്ദേഹത്തെ പോർട്ടുഗീസുകാർ മൈലാപ്പൂരിൽ തടഞ്ഞുവച്ചു. ഈ വാർത്ത സുറിയാനികേന്ദ്രങ്ങളെ ക്ഷുബ്ധരാക്കി. സുറിയായി ക്രിസ്ത്യാനികൾ സംഘംചേർന്നു പോർട്ടുഗീസ് കൊച്ചിയുടെ പ്രവേശനദ്വാരങ്ങൾ തകർത്തു. പോർട്ടുഗീസ് അധികൃതർ അഹറ്റല്ലയെ മുക്കിക്കൊല്ലുകയുണ്ടായെന്ന് ഒരു പരന്നു.

പ്രക്ഷുബ്ധരായ സുറിയാനിക്രിസ്ത്യാനികൾ ആയിരക്കണക്കിന് മട്ടാഞ്ചേരിയിലെ പഴയ കുരിശിൽ ഒരു നീണ്ട വടംകെട്ടി അതിൽ പിടിച്ചുകൊണ്ട്, ലത്തീൻ ആർച്ച് ബിഷപ്പുമാരെയും ജസ്യൂട്ട് പുരോഹിതന്മാരെയും ഒരിക്കലും അനുസരിക്കുകയില്ലെന്നു ശപഥം ചെയ്തു. ഈ സംഭവം 'കൂനൻകുരിശിലെ പ്രതിജ്ഞ' എന്ന പേരിലാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. സുറിയാനിക്രിസ്ത്യാനികൾ അവിടെനിന്ന് ആലങ്ങോട്ടേയ്ക്കു പോയി. അവരുടെ ആർച്ച് ഡീക്കനായ തോമസ്സിനെ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. ഈ സംഭവം കേരളക്രൈസ്തവസഭയുടെ ചരിത്രത്തിലെ ഒരു പരിവർത്തനബിന്ദുവാണ്. ഇതിന്റെ ഫലമായി റോമാസുറിയാനികളെന്നും യാക്കോബായസുറിയാനികളെന്നും വ്യക്തമായ രണ്ടു വിഭാഗങ്ങൾ ക്രിസ്ത്യാനികൾക്കിടയിലുണ്ടായി. ആദ്യത്തെ വിഭാഗം റോമാസഭയെ ആദരിക്കുന്നവരും രണ്ടാമത്തേത് പോപ്പിന്റെ അധികാരത്തെ പരിത്യജിക്കുന്നവരുമാണ്. ഇവർ യഥാക്രമം പഴയ കൂറ്റുകാരെന്നും പുത്തൻകൂറ്റുകാരെന്നും അറിയപ്പെടുന്നു. കേരളത്തിലെങ്ങുമുള്ള സുറിയാനിക്രിസ്ത്യാനികളുടെ സഭാഘടനയെ സംബന്ധിച്ചിടത്തോളം കൂനൻകുരിശുകലാപത്തിനു വമ്പിച്ച പ്രത്യാഘാതമുണ്ടാക്കാൻ കഴിഞ്ഞു. രണ്ടു ലക്ഷത്തോളം വരുന്ന സുറിയാനിക്രിസ്ത്യാനികളിൽ 400 പേർ മാത്രമേ ലത്തീൻ ആർച്ച് ബിഷപ്പിന്റെ വൈദികാധിപത്യം അംഗീകരിക്കുന്നവരായുള്ളൂ. സുറിയാനികൾ ആർച്ച് ഡീക്കനെ തങ്ങളുടെ ഒരേയൊരു ആർച്ച് ബിഷപ്പായി പരിഗണിക്കുകയും അദ്ദേഹത്തിന്റെ കീഴിൽ സുറിയാനിമാർഗ്ഗത്തിലുള്ള ആരാധനകളിൽ ഏർപ്പെടുകയും ചെയ്തു. ഇങ്ങനെ കേരളത്തിലെ ക്രൈസ്തവസഭയെ ലത്തീൻസഭയാക്കാനുള്ള പോർട്ടുഗീസുകാരുടെ ശ്രമം ഭാഗികമായി മാത്രമേ വിജയിച്ചുള്ളൂ.

## തുഹാഫത്-ഉൽ-മുജാഹിദീൻ

കേരളത്തിന്റെ ചരിത്രം രചിക്കുന്ന ഒരാൾക്കു ലഭിക്കാവുന്ന അറിവുകളുടെ ഒരു ഖനി എന്ന നിലയ്ക്കുള്ള അതിന്റെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ആ കൃതിയുടെ ഉള്ളടക്കത്തിലെ പ്രധാന കാര്യങ്ങളും അതിന്റെ പ്രത്യേകതകളും ചൂണ്ടിക്കാണിക്കുക എന്നത് ഇത്തരുണത്തിൽ പ്രസക്തമായിരിക്കും. 1498 മുതൽ 1583 വരെയുള്ള കാലഘട്ടത്തിൽ പോർട്ടുഗീസുകാരും കേരളവും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ ചരിത്രമാണ് ഈ കൃതി അവതരിപ്പിക്കുന്നത്. ഇതിൽ ഗ്രന്ഥകാരന് അറിവുള്ളതും അദ്ദേഹം നേരിൽ കണ്ടതുമായ അനേകം സംഭവങ്ങൾ വിവരിക്കുന്നുണ്ട്. ബീജാപ്പൂരിലെ ഭരണാധികാരിയായ അദിൽഷാ (1558–1580) യ്ക്കാണ് ഗ്രന്ഥം സമർപ്പിച്ചിരിക്കുന്നത്. തന്റെ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഇപ്രകാരമുള്ള വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുവാനുള്ള കാരണങ്ങൾ അദ്ദേഹം എടുത്തുപറയുന്നു. കേരളത്തിലെ തങ്ങളുടെ അധിനിവേശകേന്ദ്രങ്ങളിൽ പോർട്ടുഗീസുകാർ നടത്തുന്ന പീഡനങ്ങൾക്കും സ്വേച്ഛാധിപത്യത്തിനും എതിരായി മുസ്ലിങ്ങളെ അവരുടെ അകർമ്മണ്യതയിൽനിന്നും ഉയർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. നാലദ്ധ്യായങ്ങളാണ് ഈ കൃതിക്കുള്ളത്. ആദ്യത്തെ അദ്ധ്യായത്തിൽ ഖുറാനിൽനിന്നുള്ള വരികൾ ഉദ്ധരിച്ചുകൊണ്ട് 'ജീഹാദി'ന്റെ ഗുണങ്ങളെ എടുത്തുകാട്ടുന്നു. അവിശ്വാസികൾക്കെതിരെ പരിശുദ്ധയുദ്ധം നടത്തുന്നവർക്കു ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ചു പ്രവാചകൻ പറഞ്ഞത് അദ്ദേഹം എടുത്തുപറയുന്നു. രണ്ടാമത്തെ അദ്ധ്യായത്തിൽ, കേരളത്തിൽ ഇസ്ലാം കടന്നുവന്നതിന്റെ കഥയും പടിഞ്ഞാറൻതീരത്തിൽ തുറമുഖങ്ങൾ വളർന്നുവന്നതിന്റെ കഥയും വിവരിക്കുന്നു. മൂന്നാമത്തെ അദ്ധ്യായത്തിൽ മലബാറിലെ ഹിന്ദുക്കളുടെ ആചാരങ്ങളും പ്രത്യേക സ്വഭാവങ്ങളും വിവരിക്കുന്നതു കൂടാതെ നാട്ടിലെ ഹൈന്ദവ ഭരണാധികാരികൾ തങ്ങളുടെ മുസ്ലിം പ്രജകളോടു കാട്ടുന്ന ഉദാരമായ മനോഭാവത്തെ പ്രകീർത്തിക്കുകയും ചെയ്യുന്നു. അവസാന

അദ്ധ്യായം പൂർണ്ണമായും മുൻപു സൂചിപ്പിച്ച 85 വർഷങ്ങൾക്കുള്ളിൽ മലബാറിൽ പോർട്ടുഗീസ് ശക്തിയുടെ ഉയർച്ചയുടെയും വളർച്ചയുടെയും ചരിത്രപരമായ വിവരണമാണ്. റെസനുദ്ദീൻ തുഹാഫത്ത്-ഉൽ-മുജാഹിദീൻ അറബി സാഹിത്യത്തിന് കേരളത്തിന്റേതായ എണ്ണപ്പെട്ട ഒരു സംഭാവന എന്നിനപ്പുറം വിലപ്പെട്ട ഒരു ചരിത്രസാഹിത്യകൃതി കൂടിയാണ്.

# മൊഡ്യൂൾ - രണ്ട്

## ഡച്ചുകാരുടെ ആധിപത്യശ്രമം

പോർട്ടുഗീസുകാരുടെ കച്ചവടക്കുത്തകയെ വെല്ലുവിളിച്ചുകൊണ്ട് കേരളവുമായി വാണിജ്യബന്ധം സ്ഥാപിച്ച യൂറോപ്പിലെ ആദ്യത്തെ പ്രൊട്ടസ്റ്റന്റ് ജനതയാണ് ഡച്ചുകാർ. 1663-ൽ പോർട്ടുഗീസുകാരിൽ നിന്ന് കൊച്ചി പിടിച്ചെടുത്തതോടെയാണ് കേരളത്തിലെ ഡച്ച് കാലഘട്ടം യഥാർത്ഥത്തിൽ ആരംഭിക്കുന്നത്. അതിനു മുമ്പുതന്നെ, കേരളക്കരയുമായുള്ള വാണിജ്യത്തിന്റെ സാദ്ധ്യതകളെക്കുറിച്ചാരായുവാൻ ഡച്ചുകാർ ഒറ്റയ്ക്കൊറ്റയ്ക്ക് ഇവിടെ വന്നിരുന്നു.

### സാമൂതിരിയുമായുണ്ടായിരുന്ന ആദ്യകാല ബന്ധം

1592-ൽ സ്ഥാപിച്ച ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിക്ക് ആദ്യകാലപര്യടനങ്ങൾ സംഘടിപ്പിക്കുന്നതിൽ നല്ല പങ്കുണ്ടായിരുന്നു. ഡച്ച് അഡ്മിറൽ സ്റ്റീവൻ വാൻഡർ ഹാഗന്റെ നേതൃത്വത്തിൽ കമ്പനി ഇന്ത്യയിലേക്ക് ഒരു പര്യടനസംഘത്തെ അയച്ചു. അദ്ദേഹം കോഴിക്കോട്ടുവന്നു സാമൂതിരിയുമായി 1604 നവംബർ 11-ാം തീയതി ഒരുടമ്പടിയുണ്ടാക്കി. ഡച്ചുകാരും ഒരിന്ത്യൻ ഭരണാധികാരിയും തമ്മിൽ രാഷ്ട്രീയമായുണ്ടാക്കിയ ആദ്യത്തെ കരാറാണിത്. ഇന്ത്യയിൽനിന്നു പോർട്ടുഗീസുകാരെ പുറംതള്ളാൻവേണ്ടി ഡച്ചുകാരും സാമൂതിരിയും തമ്മിൽ ചെയ്ത പരസ്പരസഖ്യമായിരുന്നു ഈ കരാറ്. ഇതിൻപ്രകാരം സാമൂതിരി ഡച്ചുകാർക്ക് കോഴിക്കോട്ട് വാണിജ്യസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും അവരുടെ കച്ചവടക്കാരെ അവിടെ താമസിക്കാൻ അനുവദിക്കുകയും ചെയ്തു. കാലേക്കൂട്ടി പരസ്പരം ആലോചിക്കാതെ ഇരുകൂട്ടരും പോർട്ടുഗീസുകാരുമായി ധാരണയിലെത്താൻ പാടില്ലെന്നും ഇതിൽ വ്യവസ്ഥ ചെയ്തിരുന്നു.

1608-ൽ കോഴിക്കോടു സന്ദർശിച്ച അഡ്മിറൽ വെർഹോഫ് 1604-ലെ വ്യവസ്ഥകൾ ആവർത്തിച്ചുകൊണ്ട് ഒരു പുതിയ ഉടമ്പടിയുണ്ടാക്കി. ഈ അവസരത്തിൽ സാമൂതിരി ഡച്ചുകാർക്ക് തന്റെ രാജ്യത്തു വാണിജ്യം നടത്താനുള്ള സ്വാതന്ത്ര്യം ഉറപ്പുകൊടുക്കുകയും ചരക്കുകൾ ശേഖരിച്ചുവയ്ക്കാൻ ഒരു വലിയ പണ്ടകശാല കോഴിക്കോട്ട് അവർക്ക് വിട്ടുകൊടുക്കുകയും ചെയ്തു. 1610-ൽ മൂന്നു ഡച്ചുകപ്പലുകൾ കോഴിക്കോട്ടെത്തി. അപ്പോഴും ഇരുശക്തികളും തമ്മിൽ ഒരുടമ്പടിയുണ്ടാക്കി. ഇതനുസരിച്ച് ഡച്ചുകാർ കോഴിക്കോട്ടെ അവരുടെ ഇറക്കുമതിയുടെയും കയറ്റുമതിയുടെയും രണ്ടു ശതമാനം ചുങ്കമായി സാമൂതിരിക്കു നൽകാമെന്നു സമ്മതിച്ചു. പോർട്ടുഗീസുകാരെ എതിർക്കുന്ന കാര്യത്തിൽ ഇരുകൂട്ടരും ഒന്നിക്കുകയും ചെയ്തു. 1616-ൽ കോഴിക്കോട്ടു വന്ന് സാമൂതിരിയെ സന്ദർശിച്ച വാർഡൻ ബ്രൂക്ക് കേരളക്കരയിൽനിന്നു പോർട്ടുഗീസുകാരെ ബഹിഷ്കരിക്കാൻ ഏതദ്ദേശീയരാജാക്കന്മാരുമായൊരു സഖ്യമുണ്ടാക്കുന്നതിന്റെ സാദ്ധ്യതയെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ ശ്രമങ്ങൾക്ക് സത്വരഫലമൊന്നും ഉണ്ടായില്ല.

1619-ൽ ഇംഗ്ലീഷുകാരും ഡച്ചുകാരും തമ്മിൽ ഇന്ത്യൻ സമുദ്രത്തിലെ പോർട്ടുഗീസ് ആധിപത്യത്തിനെതിരായി ഒരാക്രമണം നടത്താനുള്ള കരാറിൽ ഏർപ്പെട്ടു. അതനുസരിച്ച് മലബാർ തീരത്തുള്ള പോർട്ടുഗീസ് അധിനിവേശപ്രദേശങ്ങൾ ഉപരോധിക്കാൻ അവർ 1621-ൽ ഒരു സംയുക്ത നാവികസൈന്യത്തെ നിയോഗിച്ചു. ‘അമ്പോയിനാ കൂട്ടക്കൊല’ കൊണ്ട് കുപ്രസിദ്ധനായ വാൻസ്പ്യൂൽറ്റ് ചേറ്റുവാ വച്ച് 1625 ഡിസംബറിൽ സാമൂതിരിയെ സന്ദർശിച്ചതിന്റെ ഫലമായി സാമൂതിരി തന്റെ രാജ്യത്ത് ഒരു ഫാക്ടറി നിർമ്മിക്കാൻ ഡച്ചുകാർക്ക് അനുവാദം നൽകുകയും പ്രതിവർഷം മൂവായിരം കണ്ടി കുരുമുളക് ഡച്ചുകാർക്ക് എത്തിച്ചുകൊടുക്കാമെന്ന് ഏൽക്കുകയുമുണ്ടായി. ഇങ്ങനെ മലബാറിൽ പോർട്ടുഗീസുകാരുടെ നില അനുക്രമം ഇടിഞ്ഞുകൊണ്ടിരുന്ന 17-ാം ശതകത്തിന്റെ ആദ്യദശകങ്ങളിൽ കേരളക്കരയിലെ പോർട്ടുഗീസ് വാണിജ്യതാൽപ്പര്യങ്ങൾക്ക് ഗുരുതരമായ ഭീഷണിയായി ഡച്ചുകാർ ഉയർന്നുവന്നു.

## ഡച്ചുപരാജയത്തിനുള്ള കാരണങ്ങൾ

ഡച്ചുകാർക്കു കേരളത്തിൽ സ്ഥായിയായ ദേശാധിപത്യം ഉറപ്പിക്കാൻ സാധിക്കാതെപോയതിനു കാരണങ്ങൾ പലതുണ്ട്. മാർത്താണ്ഡവർമ്മയുടെ കീഴിൽ തിരുവിതാംകൂർ സൈനികശക്തിയിൽ മികച്ച ഒരു പ്രബലരാജ്യമായുയർന്നുവന്നതാണ് പ്രധാനകാരണം. കൊച്ചീരാജാവിനെയും ചെറുകിടനാടുവാഴികളെയും കരുക്കളാക്കി കാര്യം കാണുകയെന്ന ഡച്ചുനയം സ്ഥിരവിജയം നേടിയില്ല. മാർത്താണ്ഡവർമ്മ അയൽരാജ്യങ്ങൾ പിടിച്ചടക്കിയത് ശക്തിയുടെ സമതുലിതാവസ്ഥയെ തകിടം മറിക്കുകയും ഡച്ചുതാൽപ്പര്യങ്ങളെ അപകടത്തിലാക്കുകയും ചെയ്തു. അവസാനം അവർക്ക് രാഷ്ട്രീയനാട്യങ്ങളെല്ലാം കൈവെടിഞ്ഞ് അരങ്ങത്തുനിന്നു പിന്മാറേണ്ടിവന്നു. ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയ മറ്റു യൂറോപ്യൻ ശക്തികൾക്കുണ്ടായ ഉയർച്ചയും ഡച്ചുകാരുടെ പദ്ധതികളെ പൊളിച്ചുകളഞ്ഞു. നെപ്പോളിയന്റെ യുദ്ധത്തിൽ ഡച്ചുകാർ ഫ്രഞ്ചുകാർക്കു പിന്തുണ നൽകിയത് അവർക്കു കൊച്ചിയിലുണ്ടായിരുന്ന താവളം നഷ്ടപ്പെടാൻ കാരണമായി. ഡച്ചുകാലഘട്ടത്തിൽ കേരളീയ രാജാക്കന്മാർ പോർട്ടുഗീസുകാരുടെ കാലത്ത് ഉണ്ടായിരുന്നതിനെക്കാൾ അധികം സൈനികശക്തി നേടിയിരുന്നു. വിദഗ്ദ്ധരായ യൂറോപ്യന്മാർതന്നെ ഏതദ്ദേശീയ സൈന്യങ്ങൾക്ക് പാശ്ചാത്യരീതിയിൽ പരിശീലനം നൽകുകയുണ്ടായി. അഡ്മിറൽ ഡിലനോയ് ആയിരുന്നു മാർത്താണ്ഡവർമ്മയുടെ പടയാളികൾക്കു ശിക്ഷണം നൽകിയതും അവരെ പുതിയമട്ടിൽ ആയുധങ്ങളണിയിച്ചതും. ഡച്ചുകാർക്കെതിരായി യുദ്ധം ചെയ്യാൻ പ്രാദേശിക ശക്തികൾക്ക് ഇംഗ്ലീഷുകാർ കോഴിക്കോട്ടെയും അഞ്ചുതെങ്ങിലെയും വ്യാപാരശാലകളിൽനിന്ന് ആയുധങ്ങളും വെടിക്കോപ്പുകളും നൽകിയിരുന്നു. 1725-ൽ മാഹിയിൽ താവളമുറപ്പിച്ച ഫ്രഞ്ചുകാരും ഇതുതന്നെ ചെയ്തു. കടലിൽ ഇംഗ്ലീഷുകാർക്കും ഫ്രഞ്ചുകാർക്കുമായിരുന്നു മേൽക്കൈ. അതുകൊണ്ട് അവർ ഇവിടത്തെ രാജാക്കന്മാർക്ക് ആയുധങ്ങളെത്തിച്ചുകൊടുത്തതു തടയാൻ ഡച്ചുകാർക്കു കഴിയാതെപോയി. ഈ സാഹചര്യങ്ങളിൽ അവർക്കു കേരളക്കരയിൽ ഏറെക്കാലം പിടിച്ചുനിൽക്കാൻ തരമായില്ല. പോർട്ടുഗീസുകാരെ തോൽവിയിലേക്കു നയിച്ച ഭരണപരമായ പിടിപ്പുകേടും സന്മാർഗ്ഗഭ്രംശവും തെറ്റായ ആഭ്യന്തരനയങ്ങളിൽനിന്നുയർന്നുവന്ന ജനദ്വേഷവും ഡച്ചുകാരെ ബാധിച്ചിരുന്നില്ലെന്ന വസ്തുത ഇവിടെ വ്യക്തമാക്കിക്കൊള്ളട്ടെ. ഭരണപരമായും മറ്റുമുള്ള കാര്യങ്ങളിൽ ഡച്ചുകാർ പോർട്ടുഗീസുകാരെക്കാൾ ഉയർന്ന നിലവാരം പുലർത്തിയിരുന്നു. യഥാർത്ഥത്തിൽ ഡച്ചുകാരുടെ നിയന്ത്രണത്തിനതീതമായ രാഷ്ട്രീയസംഭവിവാകസങ്ങളാണ് അവരുടെ പരാജയത്തിനിടയാക്കിയത്.

## ഡച്ചുകാരുടെ ഭരണരീതി

ഡച്ചുകാർ അവരുടെ ആധിപത്യത്തിലുണ്ടായിരുന്ന പ്രദേശങ്ങളുടെ നല്ല രീതിയിലായിരുന്നു ഭരണം നടത്തിയത്. അത് പോർട്ടുഗീസുകാരുടെ സഹജദോഷം കലർന്ന നാടുവാഴിത്തക്രമമനുസരിച്ചുള്ളതായിരുന്നില്ല. ശിക്ഷണരാഹിത്യത്താലോ അഴിമതിയാലോ വികലമല്ലായിരുന്നു അവരുടെ ഭരണം. ഇവിടെ വന്ന ഡച്ച് ഉദ്യോഗസ്ഥന്മാർ സാമാർത്ഥ്യവും സ്വഭാവശുദ്ധിയുമുള്ളവരായിരുന്നതുകൊണ്ട് ഭരണം സമർത്ഥമായി നിർവ്വഹിച്ചിരുന്നു. ഇന്ത്യയുമായുള്ള വാണിജ്യത്തിലേർപ്പെട്ടിരുന്നവരും വിവിധ താൽപ്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നവരുമായ പതിനേഴു ഡയറക്ടർമാരുടെ സമിതിയായിരുന്ന ഡച്ചുകമ്പനിയുടെ ഭരണം നടത്തിപ്പോന്നത്. ബത്തേവിയയിലെ 'ഗവർണർ ജനറൽ ഇൻ കൗൺസിലി' ന്റെ മേൽനോട്ടത്തിലായിരുന്നു പൗരസ്ത്യദിക്കിലെ ഡച്ചുപ്രദേശങ്ങൾ. കൊച്ചി ആസ്ഥാനമാക്കിക്കൊണ്ട് ഒരു ചീഫ് കമാൻഡിയറും കൗൺസിലുമാണ് കേരളത്തിലെ അവരുടെ സ്ഥലങ്ങൾ ഭരിച്ചുവന്നത്. കമാൻഡിയറുടെ അടുത്ത പദവിയിലുള്ള ഒരു ചീഫ് അഡ്മിനിസ്ട്രേറ്റർ കമ്പനിയുടെ വാണിജ്യകാര്യങ്ങൾക്കു മേൽനോട്ടം വഹിച്ചിരുന്നു.

കേരളത്തിൽ ഡച്ചുകാരുടെ ഭരണപ്രവർത്തനങ്ങൾ രാഷ്ട്രീയം, സൈനികം, പൗരോഹിത്യകാര്യം എന്നിങ്ങനെ കൃത്യമായി വിഭജിക്കപ്പെട്ടിരുന്നു. രാഷ്ട്രീയമായ ഭരണകാര്യങ്ങളിൽപ്പെട്ടതായിരുന്നു മറ്റു പലതിന്റേയും കൂട്ടത്തിൽ, വ്യാപാരതാൽപ്പര്യങ്ങളുടെ സംരക്ഷണം. പല തട്ടിലുള്ള ഉദ്യോഗസ്ഥന്മാരുടെ സഹായ

ത്തോടുകൂടി കമാൻഡിയറും കൗൺസിലും ചേർന്നായിരുന്നു രാഷ്ട്രീയകാര്യങ്ങളുടെ ഭരണം നടത്തിയത്. ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നിൽ ഡച്ചുകാർ പോർട്ടുഗീസുകാരെപ്പോലെ ആയിരുന്നില്ല. ശമ്പളം കൃത്യമായിത്തന്നെ കൊടുത്തുപോന്നു. അവസാനഘട്ടമൊഴിച്ചാൽ, കേരളത്തിലെ ഡച്ചുകാരുടെ സാമ്പത്തിക നില ഭദ്രമായിരുന്നു. അവർ വിശ്വാസ്യമായി കണക്കുകൾ സൂക്ഷിക്കുകയും ചെലവിനങ്ങളിൽ പരമാവധി മിതവ്യയം പാലിക്കുകയും ചെയ്തു. കമാൻഡിയർക്കും ചീഫ് അഡ്മിനിസ്ട്രേറ്റർക്കും സ്വകാര്യവാണിജ്യം നടത്താൻ അവകാശമുണ്ടായിരുന്നു.

ഡച്ചുകാരുടെ സൈന്യവിഭാഗം അവർക്കു വലിയൊരു ഭാരമായിരുന്നില്ല. പോർട്ടുഗീസുകാർക്കാണെങ്കിൽ, അച്ചടക്കമില്ലാത്തവരും നേരാംവണ്ണം ശമ്പളം കിട്ടാത്തവരുമായ പടയാളികൾ അവർക്കൊരു മുതൽക്കൂട്ടെന്നതിനെക്കാൾ വലിയൊരു ബാദ്ധ്യതയായിരുന്നില്ലേ. എന്നാൽ കാര്യക്ഷമമാംവിധം ഒതുക്കമുള്ളതായിരുന്നു ഡച്ച് സൈന്യം. സൈനികരുടെ എണ്ണം സാധാരണകാലങ്ങളിൽ 2000-ൽ കവിഞ്ഞിരുന്നില്ല. പട്ടാളക്കാരും അല്ലാത്തവരുമായ ഉദ്യോഗസ്ഥന്മാരുടെ ക്ഷേമത്തിൽ ഡച്ചുകാർ പ്രത്യേകം ശ്രദ്ധിച്ചു. അവർക്കു നല്ലപോലെ പ്രവർത്തിക്കുന്ന ഒരു ചികിത്സാവിഭാഗവും ആയുധങ്ങളുടെയും കപ്പലുകളുടെയും അറ്റകുറ്റപ്പണികൾ വിദഗ്ദ്ധമായി നിർവ്വഹിക്കുന്ന സുശിക്ഷിതരായ ജോലിക്കാരും ഉണ്ടായിരുന്നു. നിഷ്പക്ഷമായ നീതിനിർവഹണത്തിന് എല്ലാ ഏർപ്പാടുകളും ചെയ്തിരുന്നു ഡച്ചുകാർ. അവരുടെ സ്വാധീനത്തിലായിരുന്ന തീരദേശങ്ങളിൽ കുഷ്ഠരോഗചികിത്സയ്ക്കുവേണ്ട സൗകര്യങ്ങൾ അവർ ഏർപ്പെടുത്തി. പള്ളിപ്പുറത്ത് ഒരു കുഷ്ഠരോഗചികിത്സാലയം സ്ഥാപിക്കുകയും ചെയ്തു. ജനങ്ങളോടുള്ള ഡച്ചുകാരുടെ സമീപനം സഹിഷ്ണുതയുടെയും വിശാലമനസ്കതയുടെയും അടിസ്ഥാനത്തിലുള്ളതായിരുന്നു. അവരുടെ ഭരണം കൂട്ടക്കൊലകളാലോ മനുഷ്യത്വഹീനമായ മറ്റു ക്രൂരപ്രവൃത്തികളാലോ ഒരിക്കലും മലിനമായിരുന്നില്ല.

പരമാവധി ലാഭം കിട്ടുമാറ് വാണിജ്യം തുടർന്നുകൊണ്ടുപോകുന്നതിലായിരുന്നു ഡച്ചുകാർ പ്രധാനമായും ശ്രദ്ധിച്ചത്. ഡച്ചുകമ്പനിക്ക് വാണിജ്യകാര്യങ്ങളിൽ കയറ്റുമതിക്കും ഇറക്കുമതിക്കും വെവ്വേറെ രണ്ടു മണ്ഡലങ്ങളുണ്ടായിരുന്നു. അവർ പഞ്ചസാര, ചെമ്പ്, തകരം, ഈയം, കർപ്പൂരം, പട്ട് മുതലായവ ഇറക്കുമതി ചെയ്തു. കുരുമുളകായിരുന്നു കയറ്റുമതിയിലെ പ്രധാനപ്പെട്ട ഇനം. കുരുമുളകുവ്യാപാരത്തിൽ കുത്തക നേടാനായിരുന്നു അവരുടെ എല്ലാ ശ്രമവും. കുരുമുളകു കൂടാതെ പരുത്തിത്തുണിച്ചരക്കുകൾ വിശേഷിച്ച് ഇരണിയലും കോട്ടാറ്റും നെയ്ത വിശേഷപ്പെട്ട തുണിത്തരങ്ങൾ ധാരാളമായി അവർ കയറ്റിയയച്ചു. ഏലമായിരുന്നു മറ്റൊരു കയറ്റുമതിച്ചരക്ക്. ഡച്ച് കമ്പനിക്കു കയറ്റുമതിയിൽനിന്നും ഇറക്കുമതിയിൽനിന്നും കിട്ടിയിരുന്ന ആദായത്തിനു പുറമെ, അവർ നേരിട്ടു ഭരിക്കുകയോ മറ്റുള്ളവരെ ഏൽപ്പിക്കുകയോ ചെയ്തിരുന്ന പ്രദേശങ്ങളിൽനിന്നുള്ള നികുതിയും നല്ലൊരു വരുമാനമായിരുന്നു. പുകയിലയുടെയും ചാരായത്തിന്റെയും വില്പനയും അടിമകളുടെ കയറ്റുമതിയും അവർക്കു വേറെയും ലാഭമുണ്ടാക്കിക്കൊടുത്തു.

### ഡച്ചുകാരുടെ മതനയം

പോർട്ടുഗീസുകാരുടേതുപോലെ അന്ധമായിരുന്നില്ല ഡച്ചുകാരുടെ മതപരമായ നയം. പൊതുവേ അവരുടെ മതസമീപനം സഹിഷ്ണുതാപരവും ഉദാരവുമായിരുന്നു. പക്ഷേ, അവർ കൊച്ചി പിടിച്ചടക്കിയതിനുശേഷം ചുരുങ്ങിയ കാലത്തേക്കു മതത്തിന്റെ കാര്യത്തിൽ ചില കടന്നകൈകൾ പ്രവർത്തിക്കാതിരുന്നില്ല. കൊച്ചിയിൽനിന്നും സമീപപ്രദേശങ്ങളിൽനിന്നും അവർ എല്ലാ റോമൻകത്തോലിക്കാപ്പുരോഹിതന്മാരെയും പുറത്താക്കി. കൊച്ചിയിലെ വിശിഷ്ടമായ ജസ്യൂട്ട് ഗ്രന്ഥശാല തല്ലിപ്പൊളിച്ചു. ഡച്ചുപടയാളികളും നാവികരും 'പുകയിലയ്ക്കു തീ കൊളുത്താൻ മനോഹരമായ ആ ഗ്രന്ഥങ്ങൾ വലിച്ചു കീറുന്നത്' നേരിട്ടു കണ്ടതായി ടാവർനിയർ രേഖപ്പെടുത്തുന്നു. ജസ്യൂട്ടുകളുടെ ഗംഭീരമായ പള്ളികളിൽ പലതും അവർ ഇടിച്ചുനിരത്തുകയോ ആയുധപ്പുരകളായുപയോഗിക്കുകയോ ചെയ്തു. എന്നാൽ പ്രാരംഭകാലത്തുണ്ടായ ഈ മതഅസഹിഷ്ണുതയുടെ പൊട്ടിത്തെറിക്കലിനുശേഷം അവർ ആ മനോഭാവത്തിൽനിന്നു പിന്മാറി. മതസഹിഷ്ണുതയു

ടേതായ ഒരു ഉദാരനയം സ്വീകരിച്ചു. പറഞ്ഞയച്ച ജസ്യൂട്ട് പുരോഹിതന്മാരും മറ്റു യൂറോപ്യൻ കത്തോലിക്കാപ്പുരോഹിതന്മാരും മടങ്ങിവന്ന് മതപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവർ പിന്നീട് അനുവദിച്ചു. എറണാകുളത്ത് ചാത്തിയാത്ത് എന്ന സ്ഥലത്ത് ഒരു പള്ളി നിർമ്മിക്കാൻ അവർ 1673-ൽ കാർമ്മലൈറ്റ് പുരോഹിതന്മാർക്ക് അനുമതി നൽകി. കാർമ്മലൈറ്റുകൾ കേരളത്തിൽ ആദ്യം നിർമ്മിച്ച പള്ളിയാണിത്. അവർ അതേ വർഷംതന്നെ, പെരിയാറിന്റെ തീരത്ത് വരാപ്പുഴയിൽ കൊച്ചീരാജാവു കരമൊഴിവായിക്കൊടുത്ത സ്ഥലത്ത് മറ്റൊരു പള്ളിയും പണിയിച്ചു. അവിടെ കാർമ്മലൈറ്റ് പുരോഹിതന്മാർക്ക് ഒരു വസതിയും നിർമ്മിക്കുകയുണ്ടായി. 1682-ൽ കാർമ്മലൈറ്റുകൾ അവിടെ ഒരു വലിയ സെമിനാരി സ്ഥാപിച്ചു. ഇതാണ് ആലുവായിലെ മംഗലപ്പുഴയിൽ ഇന്നു കാണുന്ന സെന്റ് ജോസഫ്സ് പോണ്ടിഫിക്കൽ സെമിനാരിയായി വികസിച്ചത്. ഡച്ചുകാരുടെ കാലത്ത് വരാപ്പുഴയുടെ പ്രാധാന്യം വർദ്ധിക്കുകയും അത് കേരളത്തിലെങ്ങുമുള്ള കത്തോലിക്കരുടെ പൗരോഹിത്യാസ്ഥാനമായി കണക്കാക്കപ്പെടുകയും ചെയ്തു. ഇന്നത്തെ വരാപ്പുഴ അതിരൂപത ആ പാരമ്പര്യത്തെ നിലനിർത്തിപ്പോരുന്നു.

ഡച്ചുകാർ വൈദേശികപുരോഹിതന്മാരോട് ഔദാര്യപൂർവ്വം പെരുമാറിയതു കൂടാതെ, ലത്തീൻകത്തോലിക്കരുൾപ്പെടെയുള്ള കേരള ക്രൈസ്തവരുടെ സംരക്ഷണം ഏറ്റെടുക്കുകയും ചെയ്തു. അവർക്കു വാണിജ്യകാര്യങ്ങളിൽ ലത്തീൻ കത്തോലിക്കരുടെ സേവനം ആവശ്യമാകയാൽ അവരെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിക്കുകപോലുമുണ്ടായി. ഡച്ചുകാർ സുറിയാനി ക്രിസ്ത്യാനികളുടെ മതകാര്യങ്ങളിൽ ഇടപെട്ടില്ലെന്നു മാത്രമല്ല, റോമിന്റെ ആധിപത്യത്തിൽപ്പെടാതുള്ള സ്ഥിതി നിലനിർത്തുന്നതിന് സിറിയയിൽനിന്നു പുതിയ ബിഷപ്പുമാരെ കിട്ടാൻ സുറിയാനി ക്രിസ്ത്യാനികൾ ചെയ്ത ശ്രമത്തിൽ അവരെ സഹായിക്കുകകൂടി ചെയ്തു. പോർട്ടുഗീസുകാരുടെ നിഷ്ഠുരപീഡനത്തിനിരയായിരുന്ന ജൂതന്മാരോടും ഗൗഡസാരസ്വത ബ്രാഹ്മണരോടും സംരക്ഷണനായമായിരുന്നു ഡച്ചുകാർ പുലർത്തിയത്. അവർ എല്ലായ്പ്പോഴും ഹൈന്ദവജനതയുടെ മതവികാരത്തെ മാനിച്ചു. ഡച്ചുകാർ യുദ്ധത്തിലേർപ്പെട്ടപ്പോഴെല്ലാം ഹിന്ദുക്കളുടെ ക്ഷേത്രങ്ങളെയും മതസ്ഥാപനങ്ങളെയും ആക്രമണങ്ങളിൽ നിന്നൊഴിവാക്കിയിരുന്നു. 1740 സെപ്തംബറിൽ അവർ വടക്കുംകൂർ രാജാവുമായി ചെയ്ത ഉടമ്പടിയിൽ, 'ക്ഷേത്രങ്ങൾക്കും പശുക്കൾക്കും ഉപദ്രവമുണ്ടാകുകയില്ല' എന്നതായിരുന്നു ഒരു വ്യവസ്ഥ. കേരളത്തിലെ ഡച്ചുഭരണത്തിൻ കീഴിൽ ഡച്ചുകാരുടെ വിശുദ്ധീകരിച്ച പ്രൊട്ടസ്റ്റന്റ് മതത്തിനുവേണ്ടി ഒരു പൗരോഹിത്യഘടകം പ്രവർത്തിച്ചിരുന്നു. പക്ഷേ, അത് ഇവിടത്തെ ക്രിസ്ത്യൻ സമുദായത്തിൽ പറയത്തക്ക സ്വാധീനമൊന്നും ചെലുത്തിയില്ല. ഡച്ചുകാർ തങ്ങളുടെ മതത്തിൽ ആളുകളെ ചേർക്കാൻ കാര്യമായി ശ്രമിക്കുകയുമുണ്ടായില്ല.

### ഡച്ചുകാരുമായുണ്ടായ ബന്ധത്തിന്റെ ഫലങ്ങൾ

കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് സുപ്രധാനമായും ചില സംഭാവനകൾ ഡച്ചുകാരിൽനിന്നുണ്ടായി. കേരളവാണിജ്യത്തിനു പുനരുജ്ജീവനം സംഭവിക്കാനനുകൂലമായ സാഹചര്യങ്ങൾ അവർ സൃഷ്ടിച്ചു. കേരളത്തിലെ കാർഷികസമ്പദ്ഘടന മെച്ചപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് പുതിയതരം ഉൽപ്പന്നങ്ങളും ശാസ്ത്രീയമായ കൃഷിരീതിയും ഡച്ചുകാർ ഇവിടെ നടപ്പിലാക്കി. അവരുടെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ തെങ്ങുകൾ വിപുലമായി നട്ടുപിടിപ്പിക്കപ്പെട്ടു. തെങ്ങുകൃഷിക്കു പ്രോത്സാഹനം നൽകാൻ നല്ലതരം തൈകളും ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങളും അവർ പ്രചരിപ്പിച്ചു. വൈപ്പിലും വെണ്ടുരുത്തിയിലും തെങ്ങുകൃഷിയിൽ പരീക്ഷണം നടത്തി. അവിടെക്കണ്ട വിജയം, ഡച്ചുമാതൃകയെ അനുകരിച്ച് വൻതോതിൽ തെങ്ങുകൃഷി നടത്താൻ കേരളത്തിലെ കൃഷിക്കാർക്ക് ഉത്തേജനം നൽകി. തൽഫലമായി കൂടുതൽ സ്ഥലങ്ങളിൽ തെങ്ങുകൃഷി വ്യാപിക്കുകയും കേരോൽപ്പന്നങ്ങൾ വർദ്ധിക്കുകയും ചെയ്കയാൽ കയറിന്റെയും വെളിച്ചെണ്ണയുടെയും വാണിജ്യത്തിന് ഏറ്റമുണ്ടായി. നെൽക്കൃഷിക്കും അമരിക്കൃഷിക്കും ഡച്ചുകാർ പ്രോത്സാഹനം നൽകി. സൂററ്റിൽനിന്ന് മേൽത്തരം അമരത്തൈകൾ കൊണ്ടുവന്ന് എറണാകുളം, ആലങ്ങാട്, വെണ്ടു

രുത്തി, വരാപ്പുഴ മുതലായ സ്ഥലങ്ങളിൽ കൃഷി ചെയ്യുകയും അമരിച്ചെടി കൃഷി ചെയ്യുന്നതിൽ മത്സ്യത്തൊഴിലാളികൾക്കു പരിശീലനം നൽകുകയും ചെയ്തു. ഉപ്പുനിർമ്മാണം, ചായംമുക്കൽ തുടങ്ങിയ പുതിയ വ്യവസായങ്ങളും ഡച്ചുകാർ നടപ്പാക്കി. അവരെ അനുകരിച്ച് ഏതദ്ദേശീയരാജാക്കന്മാർ വൻതോതിൽ ഉപ്പളങ്ങളുണ്ടാക്കി മികച്ച ലാഭം നേടി. ഡച്ചുകാർ ചായം മുക്കുന്നതിൽ വിദഗ്ദ്ധരായ ഒട്ടധികം ആളുകളെ തൂത്തുക്കുടിയിൽനിന്നു കൊണ്ടുവന്ന് എല്ലാ സൗകര്യങ്ങളും സജ്ജീകരണങ്ങളും നൽകി കേരളത്തിൽ താമസിപ്പിക്കുകയും അവരുടെ തൊഴിലിൽ സ്ഥലവാസികൾക്കു പരിശീലനം കൊടുപ്പിക്കുകയും ചെയ്തു. ഡച്ചുകാരുടെ കീഴിൽ കേരളത്തിലെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടതോടെ കൊച്ചി, കൊല്ലം, അഞ്ചുതെങ്ങ്, കൊളച്ചൽ, തേങ്ങാപട്ടണം മുതലായ തുറമുഖങ്ങൾ സജീവമായി പ്രവർത്തിച്ചു.

വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും രംഗങ്ങളിൽ ഡച്ചുഭരണം കാര്യമായ സ്വാധീനമൊന്നും ചെലുത്തിയിട്ടില്ല എന്നു വേണം പറയാൻ. അവർ ഇവിടെ സെമിനാരികളോ വിദ്യാശാലകളോ സ്ഥാപിക്കുകയുണ്ടായില്ല. എന്നാൽ വിഷർ, ലിൻഷോട്ടൻ, ന്യൂഹോഫ്, ബാൽഡേയിസ് തുടങ്ങിയ ഡച്ചുകാരുടെ സ്മരണകളും കത്തുകളും വിവരണക്കുറിപ്പുകളും ഡച്ചുകാലഘട്ടത്തിലെ കേരളത്തിന്റെ ചരിത്രം നിർമ്മിക്കാൻ, അനന്തരകാലപണ്ഡിതന്മാർക്കു വിലപ്പെട്ട സാമഗ്രികളായിത്തീർന്നിട്ടുണ്ട്. ഇന്ത്യൻ സസ്യങ്ങളുടെ ഔഷധഗുണങ്ങളെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്ന 'ഹോർത്തുസ് മലബാറിക്കുസ്' എന്ന അമൂല്യഗ്രന്ഥത്തിന്റെ നിർമ്മാണമാണ് കേരളത്തിലെ ഡച്ചുകാർക്ക് സാംസ്കാരികരംഗത്തുണ്ടായ ഏറ്റവും മഹത്തായ നേട്ടം. അഡ്മിറൽ വാന്റീഡിന്റെ രക്ഷാധികാരത്തിലാണ് ഈ ഗ്രന്ഥത്തിന്റെ രചന നടന്നത്. ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടവരിൽ മാത്യൂസ് എന്ന കാർമ്മലൈറ്റ് സന്ന്യാസിയുടെയും രംഗഭട്ട്, അപ്പുഭട്ട്, വിനായകഭട്ട് എന്നീ ഗൗഢസാരസ്വതബ്രാഹ്മണരുടെയും ഇട്ടി അച്യുതൻ എന്ന ഈഴവവൈദ്യന്റെയും പേരുകൾ വിശേഷപരാമർശം അർഹിക്കുന്നു. അനേകം വർഷങ്ങൾ നീണ്ടുനിന്ന ആത്മാർപ്പണപൂർവ്വകമായ പ്രയത്നത്തിന്റെ ഫലമായി പൂർത്തിയാക്കപ്പെട്ട ഈ വിശിഷ്ടഗ്രന്ഥം, ഭംഗിയായി വരച്ച 794 ചിത്രങ്ങളോടുകൂടി 1678-നും 1730-നും ഇടയ്ക്ക്, പന്ത്രണ്ടു വാല്യങ്ങളായി ആംസ്റ്റർഡാമിൽനിന്ന് പ്രസിദ്ധപ്പെടുത്തി. ഈ ഗ്രന്ഥത്തെക്കുറിച്ച് വൈറ്റ്ഹൗസ് ഇങ്ങനെ പറയുന്നു: 'ഇത്രമേൽ ശ്രദ്ധചെലുത്തി രചിക്കപ്പെട്ട ഈവിധമൊരു ഗ്രന്ഥത്തിനുവേണ്ടി, പ്രസിദ്ധീകരണത്തിനുമുൻപ് എത്രയോ ധം ചെലവായിട്ടുണ്ടാവണം; ഇതിന്റെ രചയിതാക്കൾക്കും ഇതു രചിക്കപ്പെട്ട നാട്ടിനും ഈ ഗ്രന്ഥം യശോഭൂഷണം അണിയിച്ചുകൊടുക്കുന്നു.'

## ഹോർത്തൂസ് മലബാറിക്കൂസ്

'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന മഹത്തും ബൃഹത്തുമായ കൃതി തയ്യാറാക്കിയതിനുള്ള അപൂർവ്വ ബഹുമതിക്കർഹർ ഡച്ചുകാരാണ്. 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന പദത്തിനർത്ഥം 'കേരളോദ്യാനം' എന്നാണ്. കേരളത്തിലെ സസ്യങ്ങളുടെ ഔഷധഗുണങ്ങളെക്കുറിച്ച് വിപുലമായി ചർച്ച ചെയ്തിട്ടുള്ള ഈ ഗ്രന്ഥം ലത്തീൻഭാഷയിലാണ് രചിച്ചിരിക്കുന്നത്. അനേക വർഷങ്ങളിലെ നിസ്തന്ദ്ര പരിശ്രമം ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരമത്തിനു പിന്നിലുണ്ട്. അഞ്ഞൂറുപേജുവീതമുള്ള പന്ത്രണ്ടു വാല്യങ്ങളായിട്ടാണ് ഇത് ആംസ്റ്റർഡാമിൽനിന്നു പ്രസിദ്ധീകരിച്ചത്. എഴുന്നൂറ്റിനാല് മനോഹരചിത്രങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ആദ്യവാല്യം പ്രസിദ്ധീകൃതമായത് 1678-ലാണ്. ഒടുവിലത്തേത് 1703-ലും, ഡച്ചു ഗവർണ്ണറായ വാൻറീഡ് ഇതിന്റെ രചനയിൽ വ്യക്തിപരമായ താൽപ്പര്യം പ്രദർശിപ്പിച്ചിരുന്നു. പ്രധാന സഞ്ചാരകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ നാമത്തിന് ഗ്രന്ഥത്തിൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്. തദ്ദേശീയരും വിദേശികളുമായ പല പണ്ഡിതന്മാരുടെയും നിർലോഭസഹകരണം ഗ്രന്ഥരചനയിൽ ഇദ്ദേഹത്തിന് ലഭിച്ചുവെന്നത് തീർച്ചയാണ്. തദ്ദേശീയ പണ്ഡിതന്മാരിൽ പ്രമുഖർ രംഗഭട്ട്, വിനായകഭട്ട്, അപ്പുഭട്ട് എന്ന മൂന്നു ഗൗഡസാരസ്വത ബ്രാഹ്മണരും ചേർത്തലയിൽ നിന്നുള്ള കൊല്ലാട്ട് ഇട്ടി അച്യുതൻ എന്ന ഈഴവവൈദ്യനും ആയിരുന്നു. ഈ സംരംഭവു

മായി ബന്ധപ്പെട്ടിരുന്ന യൂറോപ്യൻ പണ്ഡിതരിൽ ഏറ്റവും പ്രമുഖർ മാത്ത്യൂസ് എന്ന കർമ്മലൈറ്റ് സന്ന്യാസിയായിരുന്നു. വളരെയേറെ വിഷയങ്ങളിൽ പാണ്ഡിത്യം സമ്പാദിച്ചയാളും ബഹുഭാഷാ പണ്ഡിതനുമായ ഒരു ഇറ്റാലിയൻ സന്ന്യാസിയായിരുന്നു അദ്ദേഹം.

ഹോർത്തൂസ് മലബാറിക്കൂസിന്റെ പ്രസിദ്ധീകരണം തീർച്ചയായും വാൻറീഡിന്റെ തോപ്പിയിലെ വർണ്ണാഭമായ ഒരു തൂവൽ തന്നെയാണ്. കാരണം, ഭാരതീയ സസ്യജാലത്തെക്കുറിച്ചുള്ള ഒരു വിപുലപഠനം എന്നതിനപ്പുറം ആ ഗ്രന്ഥത്തിന്റെ ചില പ്രത്യേകതകൾ അതിന് ഒരനന്യസ്വഭാവം കൈവരുത്തുന്നു. സസ്യങ്ങളുടെ വിവരണങ്ങൾ ലത്തീൻഭാഷയിലാണ് രചിക്കപ്പെട്ടിരിക്കുന്നതെങ്കിലും അറബി, സംസ്കൃതം, മലയാളം എന്നീ മറ്റു ഭാഷകളും അതിനകത്തുപയോഗിച്ചിട്ടുണ്ട്. മിക്ക ചെടികളുടെയും വിവരണങ്ങളോടൊപ്പം, ഓരോന്നിന്റെയും ഒന്നിൽ കൂടുതൽ ചിത്രങ്ങളും ചേർത്തിട്ടുണ്ട്. ഇവയുടെ പേരുകൾ മുൻപുപറഞ്ഞ എല്ലാ ഭാഷകളിലും നൽകിയിട്ടുണ്ട്. ഇവയുടെ സമാഹരണത്തിന് പ്രാദേശിക പണ്ഡിതന്മാർ നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ചുള്ള വിവരണങ്ങൾ അവരവരുടെ പ്രസ്താവനകളായിത്തന്നെ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളത് ഇതിന്റെ ഒരു പ്രത്യേകതയാണ്. ഗൗഡസാരസ്വത പണ്ഡിതന്മാരുടെ പ്രസ്താവനകൾ ദേവനാഗരി ലിപിയിലും ഇട്ടി അച്യുതന്റേത് മലയാളത്തിലുമാണ്. ഒരു കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അച്ചടിയുടെ ചരിത്രത്തിൽ മലയാളം ലിപിയിൽ ആദ്യമായി അച്ചുകൾ നിരത്തി മുദ്രണം ചെയ്യപ്പെട്ടത് ഇട്ടി അച്യുതന്റെ പ്രസ്താവനയാണ്.

'ഹിസ്റ്റോറിക്കൽ നോട്ടീസസ് ഓഫ് കൊച്ചിൻ' എന്ന ഗ്രന്ഥത്തിന്റെ തത്കർത്താവായ വൈറ്റ്ഹൗസ്, ഹോർത്തൂസ് മലബാറിക്കൂസിനെക്കുറിച്ച് ഇപ്രകാരം നിരീക്ഷണം നടത്തുന്നു: "വിവിധ സസ്യങ്ങൾ വളരുന്ന പ്രദേശങ്ങളെക്കുറിച്ച് നല്ല അറിവുള്ള നാട്ടുകാർ നാട്ടിലുടനീളം നടത്തിയ അന്വേഷണത്തിന്റെ ഫലമായിട്ടാണ് അവയുടെ മാതൃകകൾ കൊച്ചിയിലേക്കു കൊണ്ടുവരപ്പെട്ടത്. കാർമ്മലൈറ്റ് മാത്ത്യൂസാകട്ടെ, അവയുടെ ചിത്രങ്ങൾ അതീവ നിഷ്കർഷയോടെ കടലാസ്സിൽ പകർത്തി. ആ ചിത്രങ്ങൾ കാണുന്നവർക്ക് സസ്യങ്ങളെ തിരിച്ചറിയുന്നതിൽ ഒരു പ്രയാസവും നേരിടുകയില്ല. ഓരോ ചെടിയെക്കുറിച്ചുമുള്ള വിവരണം ആദ്യം മലയാളത്തിലാണ് എഴുതപ്പെട്ടത്. പിന്നീടത് കൊച്ചിയിൽ കഴിഞ്ഞിരുന്ന ഇമ്മാനുവേൽ കാർണീയിരോ എന്ന ഒരാൾ പോർട്ടുഗീസിലേക്ക് തർജ്ജമ ചെയ്തു. ഗവൺമെന്റ് സെക്രട്ടറിയായിരുന്ന ഹെർമാൻ വാൻഡോപ്പ് അവ പിന്നീട് ലത്തീനിലേക്ക് വിവർത്തനം ചെയ്തു. യൂറോപ്പിലെ വിവിധ രാജ്യങ്ങളിലുള്ള എല്ലാ വിദ്യാസമ്പന്നർക്കും പ്രയോജകീഭവിക്കണം എന്ന ഉദ്ദേശ്യമായിരുന്നു. ഇതിന്റെ പിന്നിലുള്ള ലക്ഷ്യം. ഈ പ്രക്രിയയുടെ എല്ലാം മേൽനോട്ടം വഹിച്ചിരുന്നത് സെസേറിയസ് എന്ന വേറൊരു പണ്ഡിതനായിരുന്നു. അദ്ദേഹം ഒരു ഡച്ചു പുരോഹിതനും വാൻറീഡിന്റെ അടുത്ത സ്നേഹിതനുമായിരിക്കാനാണിട. ശ്രദ്ധചെലുത്തി രചിക്കപ്പെട്ടതും ബൃഹത്തുമായ ഈ ഗ്രന്ഥം പുറത്തിറക്കുന്നതിന് ഒരു വൻതുക ചെലവു വന്നിരിക്കുമെന്നത് തീർച്ചയാണ്. ഇതിന്റെ രചയിതാക്കൾക്കും ഇതു രചിച്ച നാടിനും ഈ ഗ്രന്ഥം ഒരുപോലെ കീർത്തിയണയ്ക്കുന്നു".

### കുളച്ചൽയുദ്ധം (1741)

അനന്തരം മാർത്താണ്ഡവർമ്മ ഡച്ചുകോട്ടകൾക്കെതിരായി ഒരാക്രമണപരമ്പരതന്നെ നടത്തി, അവയെല്ലാം പിടിച്ചെടുത്തു. അദ്ദേഹത്തിന്റെ സുദൃഢനയങ്ങൾ ഡച്ചുകാരുമായുള്ള ഒരു വലിയ സംഘട്ടനം അനിവാര്യമാക്കി. ഡച്ചുകാരുടെ ഒരു പീരങ്കിപ്പട സിലോണിൽനിന്ന് കുളച്ചൽ വന്നിറങ്ങി, മാർത്താണ്ഡവർമ്മയുടെ തലസ്ഥാനമായ കൽക്കുളത്തേക്കു മുന്നേറി. വടക്കൻദിക്കിലായിരുന്ന രാജാവ് ഉടൻതന്നെ സൈന്യത്തെ തെക്കോട്ടു നയിക്കുകയും ഡച്ചുകാർ കൽക്കുളം പിടിക്കുന്നതു തടയാൻ തക്കസമയത്ത് അവിടെ എത്തിച്ചേരുകയും ചെയ്തു. 1741 ആഗസ്റ്റ് 10-ാം തീയതി കുളച്ചൽ വച്ചുനടന്ന സുപ്രസിദ്ധമായ യുദ്ധത്തിൽ മാർത്താണ്ഡവർമ്മയുടെ സൈന്യം ഡച്ചുകാരുടെമേൽ ഒരു ഗംഭീരവിജയം നേടി. ഒട്ടേറെ ഡച്ചുകാരെ തടവിൽ പിടിച്ചു. ഡിലനോയ് ആയിരുന്നു അവരിൽ ഏറ്റവും പ്രശസ്തൻ. അദ്ദേഹത്തെ മാർത്താണ്ഡവർമ്മ പിന്നീട് തന്റെ

സൈന്യത്തിന്റെ 'വലിയ കപ്പിത്താനാ'ക്കി. ഡച്ചുകാർക്ക് ഒരു മഹാവിപത്തായനുഭവപ്പെട്ട കുളച്ചൽ യുദ്ധം, കേരളം കീഴടക്കാമെന്ന അവരുടെ സ്വപ്നത്തെ എന്നെന്നേക്കുമായി തകർത്തു. ഇപ്പോൾ മാർത്താണ്ഡ വർമ്മയ്ക്കു സ്വന്തം രാജ്യത്തിന്റെ വടക്കോട്ടുള്ള വികസനമാർഗ്ഗം നിർബാധമായി തുറന്നുകിട്ടി. വൈകാതെ അദ്ദേഹം വടക്കൻനാടുകൾ കീഴടക്കാനുള്ള പടനീക്കങ്ങളിൽ ഏർപ്പെട്ടു.

### മാർത്താണ്ഡവർമ്മയുടെ നയം

മാർത്താണ്ഡവർമ്മ തൃപ്പാപ്പൂർ സ്വരൂപത്തിന്റെ (തിരുവിതാംകോട് അഥവാ പിൽക്കാലത്തെ തിരുവിതാംകൂർ) ഭരണാധികാരമേറ്റപ്പോൾ വേണാട് ആകെക്കൂടി കുഴഞ്ഞുമറിഞ്ഞ് അവ്യവസ്ഥമായിരുന്നു. ഭരണകാര്യനിർവഹണത്തിനു വേണ്ടത്ര സജ്ജീകരണമൊന്നും ഉണ്ടായിരുന്നില്ല. തികച്ചും അതൃപ്തികരമായിരുന്നു രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി. രാജാധികാരം എവിടെയും മാനിക്കപ്പെട്ടിരുന്നില്ല. രാജ്യത്തിലെ പൊതുജീവിതത്തിൽ പിള്ളമാരും മാടമ്പിമാരും പ്രബലശക്തികളായി സ്വയംപ്രതിഷ്ഠ നേടിയിരുന്നു. യോഗക്കാർ അവരെ സഹായിക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ, രാജ്യകാര്യങ്ങളിൽ നാടുവാഴിത്തത്തിന്റെ ഘടകങ്ങൾക്കായിരുന്നു മുൻകൈ. ഡച്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയ യൂറോപ്യൻശക്തികളുടെ പരസ്പരമാത്സര്യം സ്ഥിതിഗതികളെ കൂടുതൽ സങ്കീർണ്ണമാക്കി. ഇങ്ങനെ മാർത്താണ്ഡവർമ്മ ഭരണമേറ്റപ്പോൾ വിപത്കരമായ ഒരു സ്ഥിതിവിശേഷത്തെയാണ് അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടിവന്നത്.

യുവാവായ മാർത്താണ്ഡവർമ്മ ഹൃദയദാർഢ്യത്തോടെ സന്ദർഭത്തിനൊത്ത് ഉയർന്നു. നാടുവാഴിത്ത ഘടകങ്ങളെ തകർക്കുകയും രാജാവിന്റെ അധികാരത്തെ സർവ്വാദൃതമാക്കുകയും ചെയ്യുക എന്ന അടിസ്ഥാനലക്ഷ്യത്തോടെ, 'ചോരയുടെയും ഇരുമ്പിന്റെയും' ഒരു നയം അദ്ദേഹം കൈക്കൊണ്ടു. ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് വെളിയിൽനിന്നു സഹായംതേടാനും അദ്ദേഹം തീരുമാനിച്ചു. രാജാധികാരത്തെ എതിർത്തുപോന്ന നാടുവാഴിത്തത്തിന്റെ ശക്തികളെ അടിച്ചമർത്തുവാൻ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുമായും മധുര നായിക്കന്മാരുമായും ഉടമ്പടിയുണ്ടാക്കി അവരുടെ പിന്തുണ സമ്പാദിക്കണമെന്ന് യുവരാജാവായിരിക്കുമ്പോൾത്തന്നെ മാർത്താണ്ഡവർമ്മ മാതുലനെ ഉപദേശിച്ചിരുന്നു. അദ്ദേഹം അധികാരമേറ്റപ്പോൾ ഈ നയം കൂടുതൽ വീറോടെ തുടരുകയാണുണ്ടായത്. പിള്ളമാരുടെയും മാടമ്പിമാരുടെയും ശക്തി തകർത്ത്, സുശക്തവും കേന്ദ്രീകൃതവുമായ രാജവാഴ്ച സുസ്ഥാപിതമാക്കി, തിരുവിതാംകൂറിനെ ഒരു പ്രബല സൈനികരാജ്യമായുയർത്തിയതോടെ മാർത്താണ്ഡവർമ്മയുടെ ഈ നയം ആത്യന്തികമായ വിജയം വരിച്ചു.

ഭരണസമ്പ്രദായത്തിന്റെ പുനഃസംവിധാനത്തിലായിരുന്നു മാർത്താണ്ഡവർമ്മ ആദ്യമായി ശ്രദ്ധിച്ചത്. അദ്ദേഹം രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയും പൊതുചെലവിൽ മിതവ്യയം ഉറപ്പുവരുത്താൻ മനസ്സിരുത്തുകയും ചെയ്തു. സൈന്യത്തെ പുനഃസംഘടിപ്പിക്കുന്നതിൽ രാജാവിന്റെ സവിശേഷ ദൃഷ്ടി പതിഞ്ഞു. പുതിയ ആയുധങ്ങൾ നൽകി സൈന്യത്തെ സുസജ്ജമാക്കുകയും അച്ചടക്കം കർശനമായി നടപ്പിലാക്കുകയും ചെയ്തു. ഇങ്ങനെ എല്ലാ രീതിയിലും സന്നദ്ധനായശേഷം അദ്ദേഹം അന്തച്ഛിദ്രത്തിന്റെയും അരാജകത്വത്തിന്റെയും ശക്തികളെ തുടച്ചുനീക്കുന്നതിൽ വ്യാപൃതനായി.

### തൃപ്പടിദാനം

മാർത്താണ്ഡവർമ്മ നാടുകൾ വെട്ടിപ്പിടിച്ചു വിസ്തൃതമാക്കിത്തീർത്ത തിരുവിതാംകൂർരാജ്യം 1750 ജനുവരി 3-ാം തീയതി ബുധനാഴ്ച രേവതി നക്ഷത്രവും പൂർവ്വപക്ഷത്തു സപ്തമിയും ചേർന്ന സുദിനത്തിൽ (കൊല്ലം 325 മകരം 5) ശ്രീപത്മനാഭന് സർവ്വസ്വദാനമായി സമർപ്പിച്ചത് അദ്ദേഹത്തിന്റെ കർമ്മപദ്ധതിയിലെ സുപ്രധാനസംഭവമാണ്. അന്നുമുതൽ അദ്ദേഹവും അനന്തരഗാമികളും പത്മനാഭന്റെ ദാസന്മാർ എന്ന നിലയ്ക്ക് ദേവാർപ്പിതമായ പാവനനിയോഗമായി രാജ്യഭരണം നടത്തുമെന്നതായിരുന്നു തൃപ്പടിദാനത്തിന്റെ ആന്തരാർത്ഥം. തൃപ്പടിദാനം നിർവഹിക്കുന്നതിനു മുൻപുതന്നെ ശ്രീപത്മനാഭസ്വാമിക്ഷേത്രം പുതുക്കിപ്പണിയിക്കു

ന്നതിനും ക്ഷേത്രഭരണം നല്ലനിലയിലാക്കുന്നതിനും അദ്ദേഹം നടപടികൾ സ്വീകരിച്ചിരുന്നു. ക്ഷേത്രഭരണം നല്ലനിലയിലാക്കുന്നതിനും അദ്ദേഹം നടപടികൾ സ്വീകരിച്ചിരുന്നു. ക്ഷേത്രത്തിന്റെ അറ്റകുറ്റപ്പണികളും അനുബന്ധമന്ദിരങ്ങളുടെ നിർമ്മാണവും 1731-ൽ ആരംഭിച്ച് 1733-ൽ പൂർത്തിയായി. ഗണ്ഡകിനദീതടത്തിൽനിന്നു പ്രത്യേകം കൊണ്ടുവന്ന 12000 സാളഗ്രാമങ്ങൾകൊണ്ടാണ് ശ്രീപത്മനാഭവിഗ്രഹം പുതുക്കി നിർമ്മിച്ചത്. ഒറ്റക്കല്ലുകൊണ്ടുള്ളതും 'ഒറ്റക്കൽമണ്ഡപം' എന്നു പ്രസിദ്ധവുമായ മുഖമണ്ഡപത്തിന്റെ നിർമ്മാണം അഞ്ചാം നിലയോളമെത്തിയതും തൃപ്പടിദാനത്തിനുശേഷമായിരുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഉത്സവം രണ്ടുതവണ നടത്താനുള്ള ഏർപ്പാടുകളും മാർത്താണ്ഡവർമ്മ ചെയ്തു. പുരാണത്തിലെ കാർത്തവീര്യാർജ്ജുനനുമായി ബന്ധപ്പെട്ട പൂജാവിധങ്ങളെ മാതൃകയാക്കി ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഭദ്രദീപവും മുറജപവും തുടങ്ങിയതും മാർത്താണ്ഡവർമ്മയാണ്.

### മൈസൂർ ആക്രമണം

18-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലുണ്ടായ മൈസൂർ ആക്രമണം കേരളത്തിന്റെ ദീർഘവും ശബളാഭവുമായ ചരിത്രത്തിലെ ഒരു ഹ്രസ്വവിഷ്കംഭമാണ്. മലബാറിലെ രാഷ്ട്രീയകാര്യങ്ങളുടെ ആഭ്യന്തരസമ്മർദ്ദങ്ങളും മൈസൂറിലെ മുസ്ലീം ഭരണാധികാരികളായ ഹൈദർ ആലിയുടെയും ടിപ്പു സുൽത്താന്റെയും അതിക്രമപരിപാടികളുമാണ് ഈ ആക്രമണത്തിനിടയാക്കിയത്. അതിനു കളമൊരുക്കിക്കൊടുത്ത പ്രധാനഘടകം കേരളത്തിലെ രാജാക്കന്മാരുടെ പരസ്പരസഹകരണില്ലായ്മയും അനൈക്യവുമാണ്. സാമൂതിരിയുടെ രാജ്യവികസനനയങ്ങൾ കോഴിക്കോടും അയൽരാജ്യങ്ങളും തമ്മിലുള്ള ഒരു സംഘട്ടനപരമ്പരയ്ക്കു തീകൊളുത്തി മൈസൂറിന്റെ ആക്രമത്തിനനുകൂലമായ സ്ഥിതിഗതികൾ സൃഷ്ടിച്ചു. കോലത്തിരിയും കണ്ണൂരെ ആലിരാജാവും തമ്മിലുണ്ടായ മത്സരവും ആക്രമണത്തിന് അവസരമുണ്ടാക്കിയ പ്രധാന ഘടകമാണ്. ഏതദ്ദേശീയ രാജാക്കന്മാരും പ്രഭുക്കന്മാരും കലഹിച്ചുകൊണ്ടിരുന്നപ്പോൾ, യൂറോപ്യൻശക്തികൾ തങ്ങളുടെ വാണിജ്യതാത്പര്യങ്ങൾ വളർത്തിയെടുക്കാൻ അവരുമായി ഉപജാപങ്ങളിൽ ഏർപ്പെട്ടു. കേരളരാഷ്ട്രീയത്തിലിടപെടാനും സ്വന്തം രാജ്യവിപുലീകരണങ്ങൾ നേടാനും ഹൈദർ ആലി ഈ സ്ഥിതിഗതികളിൽ ഒരു സുവർണ്ണാവസരം കണ്ടു. തന്റെ സേനകൾക്കു നിർബാധം ആയുധങ്ങളെത്തിച്ചുകൊടുക്കാൻ മയ്യഴിയിലെ ഫ്രഞ്ചുതാവളത്തിലേക്ക് ഒരു പ്രവേശനം കിട്ടണമെന്ന മോഹവും അദ്ദേഹത്തെ കേരളാക്രമണത്തിൽ തിടുക്കംകൊള്ളിച്ചു.

### പാലക്കാട്ട് കൈകടത്തുന്നു

കേരളത്തിൽ മൈസൂർ ആദ്യമായി കൈകടത്തുന്നത് പാലക്കാട്ടാണ്. അന്നു നാടുവാണുകൊണ്ടിരുന്ന സാമൂതിരി 1756-1757 കാലത്ത് പാലക്കാട്ടുരാജാവിന്റെ നടുവട്ടം എന്ന പ്രദേശം പിടിച്ചടക്കി. പാലക്കാട്ടുരാജാവായ കോമു അച്ചൻ സാമൂതിരിയുടെ ആക്രമണത്തെ നേരിടാൻ മൈസൂറിന്റെ സഹായത്തിനപേക്ഷിച്ചു. മൈസൂർരാജാവ് അന്നു ഡിണ്ടിഗലിലെ ഫൗജ്ദാർ ആയിരുന്ന ഹൈദർ ആലിയെ പാലക്കാട്ടുരാജാവിന്റെ സഹായത്തിനു നിയോഗിച്ചു. ഹൈദർക്ക് അടിയന്തരമായി സ്യാലനായ മുഖ്റും ആലിയാണ് പാലക്കാട്ടുരാജാവിനെ സഹായിക്കാനുള്ള മൈസൂർസൈന്യത്തെ നയിച്ചത്. മൈസൂറിന്റെയും പാലക്കാടിന്റെയും സംയുക്തസൈന്യങ്ങളുടെ സത്വരവും സുശക്തവുമായ നീക്കത്തിനുമുമ്പിൽ കോഴിക്കോട്ടുസൈന്യങ്ങൾ പിന്തിരിഞ്ഞോടി. പാലക്കാട്ടുനിന്നു പിടിച്ചെടുത്ത പ്രദേശങ്ങൾ തിരിച്ചേല്പിക്കുവാനും യുദ്ധച്ചെലവിലേക്ക് പന്ത്രണ്ടു ലക്ഷം രൂപ മൈസൂറിനു കൊടുക്കുവാനും സാമൂതിരിക്കു സമ്മതിക്കേണ്ടിവന്നു.

### ഹൈദർ ആലിയുടെ ആദ്യത്തെ ആക്രമണം

1761-ൽ ഹൈദർ ആലി മൈസൂറിന്റെ ഭരണാധികാരമേറ്റപ്പോൾ തന്റെ രാജ്യവിപുലീകരണപരിപാടി ആദ്യമായി കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. 1763-ൽ ബെദ്നോർ രാജ്യം പിടിച്ചടക്കിയതോടുകൂടി അദ്ദേഹം കേരളത്തിന്റെ വടക്കേ അതിർത്തിയോളം എത്തി. മുമ്പ് ബെദ്നോറിന്റെ വകയായിരുന്ന ചില

അതിർത്തിക്കോട്ടകൾ വിട്ടുകൊടുക്കണമെന്ന് ഹൈദർ നിലേശ്വരം രാജാവിനോട് ആവശ്യപ്പെട്ടു. രാജാവ് അതു കൂട്ടാക്കിയില്ല. ഹൈദർ ഉടൻതന്നെ ഉത്തരകേരളം ആക്രമിക്കാൻ തീരുമാനമെടുത്തു. ഈ സന്ദർഭ ത്തിൽ കോലത്തുനാടിന്റെ കാര്യങ്ങളിൽ ഇടപെടാൻ കണ്ണൂരിലെ ആലിരാജാവ് ഹൈദർ ആലിയെ ക്ഷണിച്ചു. റീജന്റായി കോലത്തുനാടു ഭരിച്ചുകൊണ്ടിരുന്ന ഇളമുറരാജാവിന്റെ അധികാരത്തെ ചോദ്യം ചെയ്തുകൊണ്ട് കപ്പുത്തമ്പാനെന്ന (കേരളവർമ്മ) ഒരിളമുറരാജാവ് കലാപമുണ്ടാക്കുന്ന കാലമായിരുന്നു അത്. തമ്പാനും ആലിരാജാവിന്റെ പ്രേരണയ്ക്കു വശംവദനായി ഹൈദർ ആലിയോടു നിവേദനം നടത്തി. 1764 ആദ്യം ഹൈദർ ആലി തന്റെ ദൂതനായ അനന്തറാവുവിനെ തലശ്ശേരിക്കയയ്ക്കുകയും താൻ കേരളീയരാജാക്കന്മാരു മായി യുദ്ധത്തിലേർപ്പെട്ടാൽ ഇംഗ്ലീഷുകാർ നിഷ്പക്ഷത പാലിച്ചുകൊള്ളുമെന്ന് ഒരുറപ്പ് അവരിൽനിന്നു സമ്പാദിക്കുകയും ചെയ്തു.

1766 ഫെബ്രുവരിയിൽ ഹൈദർ തന്റെ സൈന്യത്തെ ഉത്തരകേരളത്തിലേക്കു നയിച്ചു. നാലായിരം വരുന്ന കുതിപ്പടയാളികൾ ഉൾപ്പെടെ, തെരഞ്ഞെടുക്കപ്പെട്ട പന്തീരായിരം സൈനികർ ചേർന്നതായിരുന്നു മൈസൂർസൈന്യം. ആലിരാജാവിന്റെ എണ്ണായിരത്തോളം വരുന്ന ഭടന്മാർ സമർത്ഥമായി മൈസൂർ സൈന്യത്തെ സഹായിക്കുകയും ചെയ്തു. മാടായിയിലും വളപട്ടണത്തുംവച്ച് നിർണ്ണായകമായ സമരങ്ങൾ നടന്നു. മൈസൂർസൈന്യം കോലത്തിരിയുടെ ചിറയ്ക്കൽ കൊട്ടാരം പിടിച്ചെടുത്തു. അവിടെയുണ്ടായിരുന്ന രാജകുടുംബാംഗങ്ങൾ തലശ്ശേരിയിലെ തിരുവങ്ങാട്ടുക്ഷേത്രത്തിൽ അഭയംതേടി. ഹൈദർ പിന്നീട് കോട്ടയ ത്തേക്കാണ് പുറപ്പെട്ടത്. ദുർബലമായ ഒരു ചെറുത്തുനില്പിനുശേഷം കോട്ടയം രാജാവു കീഴടങ്ങി. മൈസൂർ സൈന്യം കോട്ടയം പിടിച്ചടക്കിയിട്ട് കടത്തനാട്ടേക്കു പാഞ്ഞു. ഹൈദർക്ക് അവിടെ കഠിനമായ എതിർപ്പു നേരിടേണ്ടിവന്നു. പക്ഷേ, അദ്ദേഹത്തിന്റെ ഉയർന്ന യുദ്ധതന്ത്രജ്ഞതകൊണ്ട് കടത്തനാട്ടുരാജാവിന് ഓടിപ്പോ കാതെ തരമില്ലെന്നായി. ഹൈദർ അവിടെനിന്ന് ലക്കിടിക്കോട്ടകളാൽ ഗതാഗതസൗകര്യം ഉറപ്പുവരുത്തിയതി നുശേഷം കോഴിക്കോട്ടേക്കു പട നയിക്കുംവഴി കുറുമ്പനാട്ടിൽ കടന്നു. സാമൂതിരി തന്റെ തലയ്ക്കുമേൽ വന്നുവീണ ഈ പ്രതിസന്ധിഘട്ടം വല്ലവാറും തരണംചെയ്യാൻ ആശാവഹമായ മറ്റു മാർഗ്ഗമൊന്നും കാണാതെ ഹൈദർ ആലിയെ സമീപിച്ച് സ്വന്തം സമ്പത്തു മുഴുവൻ പാരിതോഷികമായി നൽകാമെന്നു പറ ഞ്ഞു. എന്നാൽ ഹൈദർ അതുകൊണ്ടു തൃപ്തനാകാതെ ഒരു കോടി സ്വർണ്ണമോഹർ ആവശ്യപ്പെട്ടു. അതിന്റെ ഭാരം താങ്ങാൻ സാമൂതിരിക്കു കഴിവില്ലായിരുന്നു. മൈസൂർസൈന്യം കോഴിക്കോട്ടു പ്രവേശിച്ചു. സാമൂതിരി കുടുംബാംഗങ്ങളെ പൊന്നാനിക്കയച്ചതിനുശേഷം കൊട്ടാരത്തിനു തീ കൊളുത്തിയിട്ട് ആത്മാഹൂതി ചെയ്തു.

## മലബാർ കലാപങ്ങൾ

ഹൈദർ ഇപ്പോൾ കോഴിക്കോടിന്റെ പരമാധികാരിയായിത്തീർന്നു. പക്ഷേ, മഴക്കാലം അടുക്കുക യാൽ മൂവായിരം സ്ഥിരം പടയാളികളെ ആലിരാജാവിന്റെയും മലബാർ മാപ്പിളമാരുടെയും സഹായത്തിൽ കോഴിക്കോട്ടു നിർത്തിയിട്ട് അദ്ദേഹം കോയമ്പത്തൂരേക്കു പോയി. ഹൈദർ പുതുതായി പിടിച്ചടക്കിയ മലബാ റിന്റെ സിവിൽ ഗവർണ്ണറായി മദ്ദണ്ണ എന്ന ബ്രാഹ്മണനെ-അദ്ദേഹം മൈസൂരിലെ പരിചയസമ്പന്നനായ ഒരു റവന്യൂ ഉദ്യോഗസ്ഥനായിരുന്നു-നിയമിച്ചു. കോഴിക്കോടായിരുന്നു ഗവർണ്ണറുടെ ആസ്ഥാനം. ഹൈദർ ആലി യുടെ വേർപാട് കേരളത്തിൽ ഒരു ബഹുജനപ്രക്ഷോഭണം ആരംഭിക്കാനുള്ള സൂചനയായിരുന്നു. കോട്ടയ ത്തെയും കടത്തനാട്ടെയും നായന്മാർ പ്രക്ഷോഭണത്തിന്റെ കൊടിക്കൂറ പാറിച്ചുകൊണ്ട് പല ദേശങ്ങളും തിരി ച്ചുപിടിച്ചു. ഹൈദർക്കെതിരായ ഈ മുന്നേറ്റത്തിൽ കപ്പുത്തമ്പാനും പങ്കെടുത്തു. പ്രാവിശ്യയിലുടനീളം ഒന്ന ടക്കം ഇളകിവശായ നായന്മാർ കോഴിക്കോട്ടുണ്ടായിരുന്ന മൈസൂർസൈന്യത്തെ കഠിനമായുപരോധിച്ചു. മല ബാറിലെ സംഭവവികാസങ്ങളെക്കുറിച്ച് അറിവുകിട്ടിയ ഹൈദർ ഈ കലാപം അടിച്ചമർത്താൻ സാഹസപ്പെട്ട് കേരളത്തിൽ പാഞ്ഞെത്തി. നാട്ടിൻപുറങ്ങളെല്ലാം തകർത്തുതരിപ്പണമാക്കിക്കൊണ്ട് മൈസൂർസൈന്യം അതി വേഗം മുന്നോട്ടു കുതിച്ചു. നായന്മാരുടെ ശക്തി സംഹരിക്കാൻ ഹൈദർ തുടർച്ചയായി അതിനിഷ്ഠുരമായ നടപടികൾ കൈക്കൊണ്ടു. അവയെല്ലാം വിജയിക്കുകയും പ്രക്ഷോഭണം തൽക്കാലം കെട്ടടങ്ങുകയും

ചെയ്തു. ഹൈദർ വീണ്ടും കോയമ്പത്തൂരേക്കു പോയി. അദ്ദേഹം കേരളത്തിൽനിന്ന് തിരിച്ചു ചെല്ലുമ്പോൾ മഹാരാഷ്ട്രത്തിന്റെ ആക്രമണഭീഷണി നേരിടേണ്ടിവന്നു.

ഹൈദർക്ക് നേരിട്ട ബുദ്ധിമുട്ടുകൾ വീണ്ടുമൊരു പ്രക്ഷോഭണത്തിന് കേരളത്തിലെ പ്രഭുക്കന്മാർക്ക് ധൈര്യം നൽകി. കോട്ടയമായിരുന്നു മുന്നണിയിൽ. നാലായിരം ഭടന്മാരുള്ള ഒരു മൈസൂർസൈന്യത്തെ അവർ അടിച്ചുതുരത്തി. കലാപക്കാർ കോഴിക്കോട്ടെ മൈസൂർ സേനാവിഭാഗത്തെ വളഞ്ഞുതകർക്കാൻ ശ്രമിച്ചെങ്കിലും മദ്ദണ്ണയുടെ നയതന്ത്രജ്ഞത മൈസൂറിനെ ആ വിനാശത്തിൽനിന്നു രക്ഷപ്പെടുത്തി. പരാജയത്തിന്റെ വക്കോളമെത്തിയ മൈസൂർസൈന്യം നായർപ്രഭുക്കന്മാരിൽനിന്നു നഷ്ടപരിഹാരം വാങ്ങിക്കൊണ്ടു പിൻവാങ്ങി. ഹൈദർക്കു വർഷംതോറും കപ്പം കൊടുത്തുകൊള്ളാമെന്ന് പുതിയ സാമൂതിരി സമ്മതിച്ചു. ഹൈദർ വടക്കേ മലബാറിലെ നായർപ്രഭുക്കന്മാരുമായും കൂടിയാലോചന നടത്തി. യുദ്ധത്തിനു നഷ്ടപരിഹാം കൊടുക്കുക, ആലിരാജാവിന് ഉപദ്രവമുണ്ടാക്കാതിരിക്കുക, പാലക്കാടും അവിടത്തെ കോട്ടയും ഹൈദരാലിയുടെ കൈവശംതന്നെയായിരിക്കുക എന്നീ മൂന്നു വ്യവസ്ഥകളിൽ തന്റെ പട്ടാളത്തെ പിൻവലിക്കാമെന്ന് ഹൈദർ ആലി സമ്മതിച്ചു. അതനുസരിച്ച് 1768-ൽ മൈസൂർ സൈന്യം കേരളത്തിൽനിന്നു പിന്മാറി.

## ഹൈദറുടെ രണ്ടാമത്തെ കേരളാക്രമണം

കുടക് പിടിച്ചടക്കിയതിനുശേഷം 1773-ൽ രണ്ടാമതും കേരളം ആക്രമിക്കാൻ ഹൈദർ തീരുമാനിച്ചു. ശ്രീനിവാസറാവുവിന്റെയും സയ്യിദ് സാഹിബിന്റെയും നേതൃത്വത്തിൽ ഒരു മൈസൂർ സൈന്യം വയനാടു കടന്ന്, താമരശ്ശേരിച്ചുരം വഴി 1773 ഡിസംബറിൽ മലബാറിലെത്തി. കേരളത്തിലെ നാടുവാഴികൾ ഈ ആക്രമണത്തെ ചെറുത്തില്ല. അങ്ങനെ മലബാറിൽ മൈസൂറിന്റെ ആധിപത്യം ഒരിക്കൽക്കൂടി സ്ഥാപിതമായി. ശ്രീനിവാസറാവു സിവിൽ ഗവർണ്ണറായും സർദാർഖാൻ പ്രധാന സൈന്യാധിപനായും നിയമിക്കപ്പെട്ടു. ഹൈദർ ആലി പിന്നീട് കൊച്ചിയിലേക്കു ശ്രദ്ധതിരിച്ചു. യുദ്ധച്ചെലവിലേക്ക് ഒരുലക്ഷം ഇക്കേരി പഗോഡ നൽകണമെന്ന് അദ്ദേഹം കൊച്ചീരാജാവിനോട് ആവശ്യപ്പെട്ടു. രാജാവ് അതു കൈയോടെ സമ്മതിച്ചു. പക്ഷേ, നേരത്തെ സാമൂതിരിയുടെ അധീനത്തിലായിരുന്ന തലപ്പള്ളി മേൽവട്ടത്തുനിന്നു തലേവർഷം പിരിച്ച നികുതിയും ഹൈദർക്കു കൊടുക്കണമെന്ന നിർദ്ദേശം കൊച്ചീരാജാവു നിരാകരിക്കുകയാണുണ്ടായത്. ഇത് സർദാർഖാനെ അരിശംകൊള്ളിച്ചു. മൈസൂർ സൈന്യം ചാവക്കാട്ടുനിന്നു കുന്നംകുളം വഴി വന്ന് തൃശൂർ കൈവശപ്പെടുത്തി. കൊച്ചീരാജാവ് ദൂതന്മാരെ ശ്രീരംഗപട്ടണത്തേക്കയച്ച്, മൈസൂറിന് ആണ്ടുതോറും കപ്പം കൊടുത്തുകൊള്ളാമെന്ന വിവരം ഹൈദർ ആലിയെ അറിയിക്കുകയും അങ്ങനെ 1776 ഒക്ടോബറിൽ തൃശൂർനിന്ന് മൈസൂർസൈന്യം പിന്മാറാനുള്ള അന്തരീക്ഷം സൃഷ്ടിച്ചെടുക്കുകയും ചെയ്തു. തലപ്പിള്ളി മേൽവട്ടത്തിന്മേലുള്ള കൊച്ചീരാജാവിന്റെ അവകാശം ഹൈദർ അംഗീകരിച്ചു. സാമൂതിരിയുടെ അവകാശം അദ്ദേഹം നിരസിക്കുകയാണ് ഉണ്ടായത്. ഇതിനിടയ്ക്ക് തിരുവിതാംകൂറിന്റെ നേർക്ക് ആക്രമണം നടത്തുന്നതിന് ഡച്ചുകാരുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽക്കൂടി തന്റെ സൈന്യങ്ങൾ കടന്നുപോകാൻ അനുവദിക്കണമെന്നുള്ള ഹൈദർ ആലിയുടെ അപേക്ഷ ഡച്ചുകാർ തള്ളിക്കളഞ്ഞു. മൈസൂർസൈന്യം സർദാർഖാന്റെ നേതൃത്വത്തിൽ ഡച്ചുകാരുടെ വകയായ ചേറ്റുവായിലേക്കു നീങ്ങി. അവർ ചേറ്റുവാക്കോട്ടയും പാപ്പിനിവട്ടവും അതിവേഗം പിടിച്ചെടുത്തു. തുടർന്ന് കൊടുങ്ങല്ലൂർ രാജാവിന്റെ ദേശങ്ങളും കീഴടക്കി. രാജാ കേശവദാസൻ മുൻകൈയെടുത്തു നിർമ്മിച്ച നെടുങ്കോട്ട ഒരു പ്രതിബന്ധമാകയാൽ സർദാർഖാന് തന്റെ ആക്രമണം തെക്കോട്ടു വ്യാപിപ്പിക്കാൻ കഴിഞ്ഞില്ല.

## ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരുമായി ഹൈദർക്കുണ്ടായിരുന്ന ബന്ധം

ഹൈദർ കേരളത്തിൽ സ്വീകരിച്ചിരുന്ന നയത്തിന് ആ സമയമായപ്പോഴേക്കു വലിയ വ്യതിയാനമുണ്ടായി. കീഴടക്കിയ പ്രദേശങ്ങൾ ഭരിക്കാൻ മൈസൂറിൽനിന്നു ഗവർണ്ണർമാരെ അയയ്ക്കുന്നതിനുപകരം, സൗഹൃദത്തിൽ കഴിയുന്ന കേരളത്തിലെ നാടുവാഴികളുടെ സേവനം പ്രയോജനപ്പെടുത്താൻ അദ്ദേഹം തീരുമാനിച്ചു.

കോലത്തുനാട്ടിൽ റീജന്റായി ഭരിച്ചുകൊണ്ടിരുന്ന രാജാവ് ഹൈദറുടെ പ്രതിനിധിയായി വടക്കേമലബാറിലെ ഭരണകാര്യങ്ങൾ നോക്കാൻ നിയമിക്കപ്പെട്ടു. വ്യഗ്രനായ രാജാവ് കുറങ്ങോട്ടുനായരുടെയും കോട്ടയം രാജാവിന്റെയും നേർക്കുചെന്ന് അവരെ ഹൈദറുടെ ആശ്രിതന്മാരാക്കാൻ ശ്രമിച്ചു. ഹൈദറുടെ ഈ പരീക്ഷണം കേരളത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിക്കുകയാൽ 1775–1776 കാലത്ത് മലബാർഭാഗത്ത് താരതമ്യേന ഒരു ശാന്തത അനുഭവപ്പെട്ടു. ഏതായാലും നായന്മാരുടെ എതിർപ്പിന്റെ വീര്യം കെടുത്താൻ ഹൈദർക്കു കഴിഞ്ഞില്ല. 1778–ൽ പുതിയ കലാപം പൊട്ടിപ്പുറപ്പെട്ടു.

ഇതിനിടയിൽ 1778–ൽ യൂറോപ്പിൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ യുദ്ധം തുടങ്ങി. മയ്യഴിയുടെ സുരക്ഷിതത്വത്തിൽ താൽപ്പര്യമുണ്ടായിരുന്ന ഹൈദർ, മയ്യഴിയുടെ സംരക്ഷണത്തിനുവേണ്ട എല്ലാ സഹായവും ഫ്രഞ്ചുകാർക്കു ചെയ്തുകൊടുക്കണമെന്ന്, മലബാറിന്റെ ഭരണകാര്യം നോക്കുന്ന കോലത്തുനാട്ടുരാജാവിനു നിർദ്ദേശം കൊടുത്തു. രാജാവിന്റെ സൈന്യം തലശ്ശേരി ആക്രമിച്ചു. ഈ ആക്രമണം സാമൂതിരിക്കും കോട്ടയം രാജാവിനും ഇംഗ്ലീഷുകാരുടെ ഭാഗംചേർന്നു യുദ്ധം ചെയ്യാൻ പ്രേരകമായി. ഇംഗ്ലീഷുകാർ തീക്ഷ്ണമായ നടപടികൾ അവലംബിച്ചു. അവർ 1779 മാർച്ചിൽ മയ്യഴി കീഴടക്കി. കോട്ടയം രാജാവും സാമൂതിരിയും ഈ സന്ദർഭമുപയോഗിച്ച് ഹൈദരിൽനിന്നു തങ്ങളുടെ പ്രദേശങ്ങളധികവും വീണ്ടെടുത്തു. കടത്തനാട്ടുരാജാവിന്റെയും കോലത്തുനാട്ടുരാജാവിന്റെയും സൈന്യസഹായത്തോടുകൂടി മൈസൂർപ്പട്ടാളം ഇംഗ്ലീഷുകാർക്കെതിരായ ആക്രമണപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. ഇംഗ്ലീഷുകാർ മയ്യഴി കൈവിട്ടു തലശ്ശേരിയിൽ കേന്ദ്രീകരിച്ചു. ഹൈദറുടെ കർണ്ണാട്ടിക് ആക്രമണത്തോടുകൂടി ഇംഗ്ലീഷുകാർ സാമൂതിരിയുമായും തിരുവിതാംകൂർ രാജാവുമായും സഖ്യത്തെക്കുറിച്ചാലോചിക്കാൻ മുൻകൈയെടുത്തു. ഈ കൂടിയാലോചന പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ സർദാർഖാന്റെ സൈന്യം 1780 ഒക്ടോബറിൽ കടൽവഴിയും കരവഴിയും വന്നു തലശ്ശേരി വളഞ്ഞു. ഈ ഉപരോധം 18 മാസം നീണ്ടുനിന്നു. 1781 മെയിൽ ഇംഗ്ലീഷുകാർക്ക് മേജർ ആബിംഗ്ടന്റെ നേതൃത്വത്തിൽ പോഷകസേന വന്നുചേർന്നപ്പോൾ തലശ്ശേരി ആക്രമണവിമുക്തമായി. 1782 ജനുവരിയിൽ ഇംഗ്ലീഷുകാർ വീണ്ടും മയ്യഴി പിടിച്ചു.

തലശ്ശേരി പിടിക്കുന്നതിൽ ഹൈദർക്കുപറ്റിയ പരാജയം കേരളത്തിലെ പ്രക്ഷോഭകരുടെ വീര്യം വളർത്തി. മൈസൂറിന്റെ ഭരണത്തിനെതിരായി നായന്മാർ വീണ്ടും കലാപം കൂട്ടി. ഇതിനകം മേജർ ആബിംഗ്ടൻ 1782 ഫെബ്രുവരിയിൽ കോഴിക്കോടു പിടിച്ചടക്കി. നായന്മാർ മലബാറിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും മൈസൂർസൈന്യത്തെ അടിച്ചുമാറ്റി. അങ്ങനെ മൈസൂർ സൈന്യത്തിനു നേരിട്ട തിരിച്ചടി. കേരളത്തിൽ അധികാരം പുനഃസ്ഥാപിക്കാൻ ഹൈദർ ആലിയെ പ്രേരിപ്പിച്ചു. അതിനുവേണ്ടി അദ്ദേഹം പുത്രനായ ടിപ്പുവിനെ നിയോഗിക്കുകയും ചെയ്തു. ഇതിൽ നിർണ്ണായകമായ ഫലമെന്തെങ്കിലും കാണുന്നതിനുമുമ്പ് 1782 ഡിസംബറിൽ ഹൈദർ ആലി അന്തരിച്ചു. സിംഹാസനാരോഹണത്തിനുവേണ്ടി ടിപ്പുവിനു തിരക്കിട്ടു മൈസൂറിലേക്കു മടങ്ങിപ്പോകേണ്ടിവന്നു.

### ടിപ്പുവിന്റെ ആദ്യകാലവിജയങ്ങൾ

ടിപ്പു കേരളത്തിൽനിന്നു പോയ ഉടൻതന്നെ കേണൽ ഫുള്ളർടന്റെ നേതൃത്വത്തിൽ ഒരു ഇംഗ്ലീഷ് സൈന്യം 1783 ഡിസംബറിൽ പാലക്കാട്ടുകോട്ട പിടിക്കുകയും അതിനു ചുറ്റുമുള്ള പ്രദേശം സാമൂതിരിയുടെ മേൽനോട്ടത്തിലാക്കുകയും ചെയ്തു. അധികം കഴിയുന്നതിനുമുമ്പ് ടിപ്പു കേരളത്തിൽ മടങ്ങിവന്ന്, കോരപ്പുഴവരെയുള്ള തെക്കേമലബാർ മുഴുവനും തിരിച്ചുപിടിച്ചു. തലശ്ശേരിയിലുണ്ടായിരുന്ന ഇംഗ്ലീഷ് വ്യാപാരികളുടെ എതിർപ്പിനു മുമ്പിൽ ടിപ്പുവിനു മുന്നേറ്റം തുടരാൻ കഴിഞ്ഞില്ല. 1783 ഡിസംബറിൽ ഇംഗ്ലീഷുകാർ കണ്ണൂർ തകർത്തു. അവരുമായി ഒരു സൗഹൃദസന്ധിയിൽ ഒപ്പിടാൻ അറയ്ക്കൽബീവി നിർബന്ധിതയായി. ഏതായാലും രണ്ടാം മൈസൂർ യുദ്ധത്തിനു വിരാമമിട്ട മംഗലാപുരം ഉടമ്പടിയനുസരിച്ച് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി മലബാറിന്മേൽ തങ്ങൾക്കുണ്ടായിരുന്ന അവകാശം ഉപേക്ഷിക്കുകയും കേരളത്തിലെ രാജാക്ക

ന്മാരെ ടിപ്പുവിന്റെ സുഹൃത്തുക്കളും ബന്ധുക്കളുമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇതു മലബാറിൽ മൈസൂറിന്റെ ആധിപത്യത്തിനു നൽകിയ മൗനാംഗീകാരമായിരുന്നു.

## ടിപ്പുവിന്റെ കോഴിക്കോടാക്രമണം

1783-ൽ മലബാർ ടിപ്പുവിന്റെ ആധിപത്യത്തിലേക്കു തിരിച്ചുവന്നപ്പോൾ അവിടത്തെ കാര്യങ്ങൾ നേരാംവണ്ണം നടന്നിരുന്നില്ല. ഹൈദർ ആലി മരിക്കുംമുമ്പ് അർഷദ്ബഗ്ഖാൻ എന്ന കഴിവുറ്റ ഒരുദ്യോഗ സ്ഥനെ മലബാർ ഗവർണ്ണറായി നിയമിച്ചിരുന്നു. എന്നാൽ ടിപ്പുവിന്റെ മർദ്ദനനയങ്ങൾ മലബാറിലെ ജനങ്ങളെ കോപാകുലരാക്കുകയും ഏറനാട്ടിലെയും വള്ളുവനാട്ടിലെയും മാപ്പിളമാർപോലും പ്രക്ഷോഭം കൂട്ടുകയും ചെയ്തു. ആർഷദ്ബഗ്ഖാന്റെ നിർദ്ദേശപ്രകാരം ടിപ്പു ഒരു വലിയ സൈന്യവുമായി, താമരശ്ശേരിച്ചുരംവഴി 1788 ജനുവരിയിൽ മലബാറിൽ കടന്നു. വഴിയിൽ കാര്യമായ എതിർപ്പൊന്നും നേരിടാതെ കോഴിക്കോട്ടേക്കു നീങ്ങി. അദ്ദേഹം മലബാറിലായിരുന്ന കാലത്ത് അവിടത്തെ ഭരണരീതിയിലും സാമൂഹികാചാരത്തിലും സമ ഗ്രമായ മാറ്റം വരുത്താൻ ചില ആശയങ്ങൾ മനസ്സിൽ കണ്ടുകൊണ്ട് ഉദ്ദിഷ്ടലക്ഷ്യം നേടാൻ ജനങ്ങൾക്കു പിടിക്കാത്ത ചില പരിപാടികൾ നടപ്പാക്കി. കോഴിക്കോട്ടുനിന്നും നഗരോപാന്തത്തിൽ ബേപ്പൂർനദിയുടെ തെക്കേക്കരയ്ക്കുള്ള ഫെറൂക്കിലേക്കു മലബാറിന്റെ തലസ്ഥാനം മാറ്റുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഗംഭീരപദ്ധതികളിലൊന്ന്. അതു പരാജയത്തിൽ കലാശിച്ചു.

മലബാറിലെ സാമൂഹികസമ്പ്രദായം അടിസ്ഥാനപരമായൊന്നുടച്ചു വാർക്കാനുള്ള ശ്രമത്തിൽ കർക്ക ശമായ ചില പുതിയ രീതികൾ സുൽത്താൻ നടപ്പിലാക്കിനോക്കി. 1788-ൽ മലബാറിലെ ജനങ്ങളോട് പ്രഖ്യാ പിച്ച ഒരു വിളംബരത്തിൽ ബഹുഭർത്തൃത്വസമ്പ്രദായത്തെ അദ്ദേഹം കഠിനമായാക്ഷേപിച്ചു. ടിപ്പുവിന്റെ ഈ പ്രവൃത്തിയെ ജനങ്ങൾ സാർവ്വത്രികമായെതിർക്കുകയും രാജ്യം മുഴുവൻ പ്രക്ഷുബ്ധമാവുകയും ചെയ്തു. ടിപ്പുവിന്റെ കടന്നകൈക്കെതിരായി മലബാറിലെ രാജാക്കന്മാർ ഈസ്റ്റിന്ത്യാ കമ്പനിയുടെ സംരക്ഷണം തേടി. പടിഞ്ഞാറേക്കോവിലകത്തെ രവിവർമ്മയുടെയും മറ്റു രാജാക്കന്മാരുടെയും നേതൃത്വത്തിൽ നായന്മാർ 1788 നവംബറിൽ കോഴിക്കോട് ആക്രമിച്ചു. ഈ ഉപരോധത്തെ ചെറുക്കാൻ ടിപ്പു എം. ലാല്ലിയുടെ കീഴിൽ 6000 പടയാളികളെ അയച്ചെങ്കിലും മഹാപരാക്രമിയായ രവിവർമ്മയെ രംഗത്തുനിന്ന് അകറ്റാൻ കഴിഞ്ഞില്ല. തന്റെ ജനവിരുദ്ധമായ നയങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാത്ത ജനങ്ങളിൽ അവ വാൾമുനയുടെ ഭീഷണികൊണ്ടു നിർബന്ധപൂർവ്വം നടപ്പിലാക്കാൻവേണ്ടി ടിപ്പു തന്നെ 1789 ആദ്യം താമരശ്ശേരിച്ചുരം വഴി മലബാറിൽ വന്നു.

## ടിപ്പു സുൽത്താൻ കണ്ണൂരിൽ

നായന്മാരെ ചെറുക്കാൻ കോഴിക്കോട്ട് ഒരു സൈന്യത്തെ നിർത്തിയിട്ട് ടിപ്പുസുൽത്താൻ വടക്കോട്ടു പോയി. അദ്ദേഹത്തിന്റെ മുന്നേറ്റം സ്ഥലത്തെ പ്രഭുക്കന്മാർക്കിടയിൽ അമ്പരപ്പുളവാക്കി. അവരിൽ പലരും താമരശ്ശേരിയിൽ ഇംഗ്ലീഷ് വ്യാപാരശാലയിൽ അഭയംതേടുകയും പിന്നീട് തിരുവിതാംകൂറിലേക്കു പോവു കയും ചെയ്തു. തലശ്ശേരിയിലുണ്ടായിരുന്ന ഇംഗ്ലീഷ് വ്യാപാരികൾ തങ്ങളുടെ അനുയായികളുടെ കീഴിൽ പ്രഭുക്കന്മാർക്ക് അഭയം നൽകിയതിൽ കഠിനമായി പ്രതിഷേധിച്ചുകൊണ്ട് ടിപ്പു അവർക്ക് ഒരു സന്ദേശം അയ ച്ചു. അനന്തരം അദ്ദേഹം കണ്ണൂർ സന്ദർശിച്ച് അവിടെവച്ചു തന്റെ പുത്രൻ അബ്ദുൾഖാലിക്കും അറ യ്ക്കൽബീവിയുടെ മകളും തമ്മിലുള്ള വിവാഹം കൊണ്ടാടി. കോലത്തിരിയുടെ ചില പ്രദേശങ്ങൾ അദ്ദേഹം ബീവിക്കു വിട്ടുകൊടുക്കുകയും ചെയ്തു. ടിപ്പു പിന്നെ കടൽത്തീരംവഴി ചാവക്കാട്ടേക്കും അവിടെനിന്ന് കോയമ്പത്തൂരേക്കും പോയി.

## ടിപ്പുവിന്റെ തിരുവിതാംകൂർ ആക്രമണം

തിരുവിതാംകൂറായിരുന്നു ടിപ്പുവിന്റെ അടുത്ത ലക്ഷ്യം. മലബാറിൽനിന്നു പോന്ന സാമൂതിരിക്കും മറ്റു രാജാക്കന്മാർക്കും അഭയം നൽകിയ ധർമ്മരാജാവിന്റെ നയത്തോട് ടിപ്പുവിന് കലശലായ എതിർപ്പുണ്ടായി. അദ്ദേഹം തിരുവിതാംകൂർ രാജാവിനെ നയോപായങ്ങളാൽ പാട്ടിലാക്കാൻ നോക്കി. അതിനുവേണ്ടി കൊച്ചീരാജാവിന്റെ സേവനം ഉപയോഗപ്പെടുത്താൻ ശ്രമിച്ചതു ഫലിച്ചില്ല. ഇതിനകം ധർമ്മരാജാവ് ഡച്ചുകാരിൽനിന്ന് കൊടുങ്ങല്ലൂർകോട്ടയും (കോട്ടപ്പുറം) പള്ളിപ്പുറം കോട്ടയും (ആയക്കോട്ട) വിലയ്ക്കു വാങ്ങുകയും നെടുങ്കോട്ട കെട്ടി ബലപ്പെടുത്തുകയും ചെയ്തു. ഇതു സുൽത്താനെ കോപാകുലനാക്കി. തിരുവിതാംകൂർ രാജാവിനെ നയത്തിൽ വശീകരിക്കാനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ ടിപ്പു ആ രാജ്യം കീഴടക്കി സ്വന്തം മേൽക്കോയ്മയിലാക്കാൻ തീരുമാനിച്ചു. അദ്ദേഹം 1789 നവംബറിൽ കോയമ്പത്തൂർനിന്ന് കൊച്ചീപ്രദേശത്തേക്ക് പ്രവേശിക്കുകയും കടന്നുപോന്ന പ്രദേശങ്ങളെ വിജനമാക്കിക്കൊണ്ടുള്ള ദീർഘമായ സൈനികയാത്രയ്ക്കുശേഷം 1789 ഡിസംബർ 14-ാം തീയതി തൃശൂർ എത്തിച്ചേരുകയും ചെയ്തു. ഒരു മാസക്കാലം അവിടെ താമസിച്ച ടിപ്പു തൃശൂർ നഗരത്തെ ഒരു പുതിയ ജില്ലയുടെ ആസ്ഥനമാക്കി. കേരളത്തിൽ അദ്ദേഹത്തിനധീനമായ പ്രദേശങ്ങൾ ഈ ആസ്ഥാനത്തിന്റെ അധികാരപരിധിക്കുള്ളിലായിരുന്നു. 1789 ഡിസംബർ 29-ാം തീയതി 7000 ഭടന്മാരുള്ള ഒരു സൈന്യത്തോടുകൂടി അദ്ദേഹം നെടുങ്കോട്ട ആക്രമിച്ചു. പക്ഷേ, ആ 'പഹയൻ കോട്ട' ഭേദിക്കാനും തെക്കോട്ടു കടക്കാനും പ്രയാസമായിരുന്നു. 1790 ഏപ്രിൽ 15-ാം തീയതി ടിപ്പു നെടുങ്കോട്ട ഭേദിക്കുകയും തിരുവിതാംകൂർ സൈന്യത്തെ പിറകോട്ട് ഓടിക്കുകയും ചെയ്തു. അതിനുശേഷം ടിപ്പു കൊടുങ്ങല്ലൂരെത്തി അവിടത്തെ കോട്ട കൈവശപ്പെടുത്തി. കൂരിയപ്പള്ളിക്കോട്ടയും ആയക്കോട്ടയും അടുത്തടുത്തു ടിപ്പുവിനു കീഴടങ്ങി. മൈസൂർ സൈന്യം ആലങ്ങാട്ടും പറവൂരും കീഴടക്കിയിട്ട് ആലുവായിൽ താവളമടിച്ചു. കാലവർഷം ആരംഭിക്കുകയാൽ ടിപ്പുവിനു പടനീക്കം നിർത്തിവയ്ക്കേണ്ടിവന്നു. ഇതിനിടയിൽ ബ്രിട്ടീഷുകാർ മൈസൂറിനോട് യുദ്ധം പ്രഖ്യാപിച്ചതായും അവരുടെ സൈന്യം ശ്രീരംഗപട്ടണത്തേക്കു നീങ്ങുന്നതായും അദ്ദേഹത്തിനു വിവരംകിട്ടി. ടിപ്പു ഉടൻതന്നെ കേരളത്തിൽനിന്നു സൈന്യത്തെ പിൻവലിക്കാൻ തീരുമാനിക്കുകയും കോയമ്പത്തൂർ വഴി കേരളത്തിൽനിന്നു പോവുകയും ചെയ്തു.

## മൈസൂർ അധിനിവേശത്തിന്റെ അന്ത്യം

ടിപ്പു പിൻവാങ്ങിയതിനെത്തുടർന്ന് കേരളത്തിലെങ്ങും മൈസൂറിന്റെ ആധിപത്യം തകർന്നു. സാമൂതിരിയും കൊച്ചിരാജാവും ഇംഗ്ലീഷുകാരുടെ അനുകൂലികളായി സ്വയം പ്രഖ്യാപിച്ചു. സമരതന്ത്രപ്രധാനമായ പാലക്കാട്ടുകോട്ട 1790 സെപ്റ്റംബർ 22-ാം തീയതി കേണൽ സ്റ്റുവെർട്ടിനു കീഴടങ്ങി. ചാവക്കാടു മുതൽ കണ്ണൂർവരെയുള്ള പ്രദേശങ്ങൾ മൈസൂർ ഭരണത്തിൽനിന്നു വിമുക്തമായി. കണ്ണൂരിലെ ബീവി ചില എതിർപ്പുകളൊക്കെ പ്രകടിപ്പിച്ചു. കണ്ണൂർക്കോട്ട പിടിക്കാൻ ബോംബയിൽനിന്ന് ഒരു ഇംഗ്ലീഷ് സൈന്യം ജനറൽ ആബർക്രോംബിയുടെ നേതൃത്വത്തിൽ പ്രത്യേകം നിയോഗിക്കപ്പെട്ടു. 1790 ഡിസംബർ 14-ാം തീയതി ആരംഭിച്ച കണ്ണൂരിന്റെ ഉപരോധം നാലുദിവസത്തോളം നീണ്ടപ്പോൾ കീഴടങ്ങാനുള്ള ആഗ്രഹം ബീവി ഇംഗ്ലീഷുകാരെ അറിയിച്ചു. 5000 പേരടങ്ങുന്ന ടിപ്പുവിന്റെ ഒരു സൈന്യം കണ്ണൂരുണ്ടായിരുന്നു. അവർ നിരായുധരാക്കപ്പെട്ടു. ബ്രിട്ടീഷ് സൈന്യം കണ്ണൂർകോട്ടയിൽ കടന്ന് അതു കൈയടക്കി. ഇപ്പോൾ മലബാർ മുഴുവൻ ഇംഗ്ലീഷുകാരുടെ കീഴിലായി. 1792 ഫെബ്രുവരി 22-ാം തീയതിയും മാർച്ച് 18-ാം തീയതിയും ഒപ്പുവെച്ച ശ്രീരംഗപട്ടണം ഉടമ്പടികളാൽ ടിപ്പു മലബാർ ഔപചാരികമായി ഇംഗ്ലീഷുകാർക്ക് വിട്ടുകൊടുത്തു. വിട്ടുകൊടുത്ത പ്രവിശ്യയിൽ കൊച്ചിയും കൂർഗും ഉൾപ്പെട്ടിരുന്നെങ്കിലും വയനാട് ഉണ്ടായിരുന്നില്ല. കേരളത്തിൽ ആധിപത്യമുറപ്പിക്കാൻ കാൽനൂറ്റാണ്ടുകാലം മൈസൂർ സുൽത്താന്മാർ ചെയ്ത ശ്രമം അവിടെ ബ്രിട്ടീഷാധിപത്യത്തിന്റെ സംസ്ഥാപനത്തിലാണ് കലാശിച്ചത്.

## മൈസൂർ ആക്രമണത്തിന്റെ ഫലങ്ങൾ

കേരളത്തിൽ മൈസൂർ നടത്തിയ ആക്രമണങ്ങൾക്ക് രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹികമായും പ്രാധാന്യമർഹിക്കുന്ന ഫലങ്ങളുണ്ടായി. നാടുവാഴിത്തസമ്പ്രദായത്തിലുള്ള ഭരണം തിരോഭവിച്ചതും തൽസ്ഥാനത്ത് ഒരു കേന്ദ്രീകൃതഭരണം നിലവിൽവന്നതുമാണ് ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയഫലം. ഹൈദർ ആലിയുടെയും ടിപ്പുവിന്റെയും ആക്രമണങ്ങളെ ചെറുക്കുന്നതിൽ മുഖ്യമായ പങ്കുവഹിച്ച നായന്മാർക്ക് മലബാറിലെ ഭരണകാര്യവ്യവസ്ഥയിൽ മുമ്പുണ്ടായിരുന്ന സമുന്നതസ്ഥാനം ഇപ്പോൾ നഷ്ടപ്പെട്ടു. മിക്ക നാടുവാഴികളും പ്രഭുക്കന്മാരും തങ്ങളുടെ പ്രജകളെ ആക്രമണകാരിയുടെ കാരുണ്യത്തിനു വിട്ടുകൊടുത്തിട്ട് തിരുവിതാംകൂറിൽ രാഷ്ട്രീയാഭയം പ്രാപിച്ചു. മൈസൂർ ഭരണാധികാരികൾക്ക് തങ്ങളുടെ ആധിപത്യത്തിൽപ്പെട്ടു കിട്ടിയ പ്രദേശങ്ങളിൽ ഒരു കേന്ദ്രീകൃതഭരണസമ്പ്രദായം സ്ഥാപിക്കാൻ നാടുവാഴികളുടെയും നായർ പ്രഭുക്കന്മാരുടെയും തിരോധാനം സഹായകമായി.

നവീനവും പുരോഗമനോന്മുഖവുമായ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു മൈസൂറിന്റെ ഭരണസമ്പ്രദായം. മലബാറിലെ ഭൂനികുതിവ്യവസ്ഥ നവീകരിക്കപ്പെട്ടു. ഭൂമിയിൽനിന്നുള്ള യഥാർത്ഥമായ വരുമാനത്തെ ആസ്പദമാക്കിയാണ് അവർ നികുതി ഏർപ്പെടുത്തിയത്. ഉദ്യോഗസ്ഥന്മാർ നേരിട്ട് കുടിയന്മാരിൽനിന്നു നികുതി പിരിക്കുന്ന സമ്പ്രദായം നിലവിൽവന്നു. കുടിയന്മാർക്കു മാന്യതയുണ്ടാക്കിക്കൊടുത്ത ഈ പുതിയ വ്യവസ്ഥ ജന്മികളുടെ താൽപ്പര്യത്തെ വിപരീതമായി ബാധിച്ചു. മൈസൂർ ഭരണാധിപന്മാർ പല പുതിയതരം നാണയങ്ങൾ പുറപ്പെടുവിക്കുകയും ഉത്തരകേളത്തിന്റെ വിവധ ഭാഗങ്ങളെ കൂട്ടിയിണക്കുന്ന അനേകം റോഡുകൾ നിർമ്മിക്കുകയും ചെയ്തു. മലബാറിൽ ആദ്യമായി ആധുനികരീതിയിലുള്ള റോഡുകൾ വെട്ടിച്ചത് ടിപ്പുസുൽത്താനാണെന്ന് പലപ്പോഴും ആളുകൾ പറയാറുണ്ട്. 1796-ൽ മലബാറിലെ റോഡുകളുടെ നിലയെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കിയ കേണൽ ഡോവ് ഇങ്ങനെ രേഖപ്പെടുത്തുന്നു: 'മലബാറിലെ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കന്ന റോഡുകളുടെ ഒരു ശൃംഖല ടിപ്പു ആസൂത്രണം ചെയ്യുകയും ഒരതിർത്തിയോളം നിർമ്മാണം നിർവ്വഹിക്കുകയും രാജ്യത്തിലെ കൊടുംവനങ്ങളിലേക്കുപോലും റോഡുകളെ വ്യാപിപ്പിക്കുകയും ചെയ്തു.' ടിപ്പു നിർമ്മിച്ച എണ്ണമറ്റ ഈ റോഡുകളെല്ലാം സഹ്യപർവ്വതത്തിലൂടെ ശ്രീരംഗപട്ടണത്തിലേക്കുള്ള പ്രധാനമാർഗ്ഗത്തിൽ ചെന്നുചേരുകയാൽ അവ പീരങ്കിപ്പടയ്ക്കു സഞ്ചാരയോഗ്യമാംവിധം ശക്തിപ്പെടുത്താൻ അദ്ദേഹം അദ്ധ്വാനത്തിന്റെയോ ധനവിനിയോഗത്തിന്റെയോ കാര്യത്തിൽ ലുബ്ധു കാണിച്ചില്ല. അദ്ധ്വാനമോ ധനമോ വ്യയം ചെയ്തില്ല. മൈസൂറിലെ ഭരണാധികാരികൾ ഉറപ്പിച്ച അടിസ്ഥാനത്തിന്മേലാണ് ബ്രിട്ടീഷുകാർ പിന്നീട് തങ്ങളുടെ ഭരണപദ്ധതിയും രാഷ്ട്രീയ സമ്പ്രദായവും പടുത്തുണ്ടാക്കിയത്.

മൈസൂറിന്റെ ആക്രമണം കേരളത്തിലെ പരമ്പരാഗതമായ സാമൂഹിക ജീവിതത്തിന് ഒരു 'ആഘാതചികിത്സ'യായിരുന്നു. മൈസൂറിന്റെ അധിനിവേശത്തിനുമുമ്പ് ബ്രാഹ്മണർ, ക്ഷത്രിയർ, നായന്മാർ തുടങ്ങിയ സവർണ്ണഹിന്ദുക്കൾക്ക് ഉന്നതസ്ഥാനമാനങ്ങളാണുണ്ടായിരുന്നത്. ഹൈദറും ടിപ്പുവും ഈ ഉയർന്ന ജാതിക്കാരോട് ബഹുമാനത്തിന്റെ കണികപോലും കാട്ടിയിരുന്നില്ല. അവർ സവർണ്ണഹിന്ദുക്കളുടെ ചിരകാലാവകാശങ്ങൾ ഇല്ലാതാക്കാനുള്ള നടപടികൾ കൈക്കൊള്ളുക കൂടിച്ചെയ്തു. നായന്മാരാണ് അവരുടെ രോഷത്തിനു പ്രത്യേകം ശരവ്യമായത്. അസംഖ്യം നായർസ്ത്രീകളെയും കുട്ടികളെയും അടിമകളാക്കി വിൽക്കുകയും നായന്മാർ ഏറ്റവും താണജാതിക്കാരാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ബ്രാഹ്മണരെയും ക്ഷത്രിയരെയും നായന്മാരെയും ഉയർന്ന ജാതിയിൽപ്പെട്ട മറ്റു ഹിന്ദുക്കളെയും പിടിച്ച് ഇസ്ലാംമതത്തിൽ ചേർക്കുകയോ പുരാതനമായ രക്ഷാസങ്കേതങ്ങളിൽനിന്ന് ഓടിപ്പോകാൻ അവരെ നിർബന്ധിക്കുകയോ ചെയ്യുന്ന കാഴ്ച ജനഹൃദയങ്ങളിൽ മനഃശാസ്ത്രപരമായ സുശക്തചലനങ്ങൾ സൃഷ്ടിച്ചു. അതു സവർണ്ണരുടെ സാമൂഹ്യോത്കർഷത്തെപ്പറ്റിയുള്ള മിഥ്യാബോധം തകർക്കുകയും താണവർഗ്ഗക്കാർക്ക് സ്വന്തം അന്തസ്സിനെയും പദവിയെയും കുറിച്ച് ബോധമുളവാക്കുകയും ചെയ്തു. ഇങ്ങനെ മൈസൂറിന്റെ ആക്രമണം പഴയ സാമൂഹികക്രമത്തിന്റെ

മരണപ്രഖ്യാപനമായിരുന്നു. അതു കേരളത്തിന്റെ ചരിത്രത്തിൽ സാമൂഹികപരിവർത്തനത്തിന്റെ ഒരു പുതു യുഗം ഉദ്ഘാടനം ചെയ്യുകയുണ്ടായി.

കേരളത്തിലെ മൈസൂർ ഭരണത്തിന്റേതായ ഈ അന്തരാളഘട്ടം കളങ്കമേശാത്ത ഒരനുഗ്രഹമായിരുന്നില്ല. അവസാനമില്ലാത്ത യുദ്ധങ്ങൾ ആ കാലഘട്ടത്തിന്റെ സവിശേഷതയായിരുന്നല്ലോ. ഈ യുദ്ധങ്ങളുടെ ഫലമായി രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി തകരാറിലായി. ആക്രമണകാരികളുടെ നൃശംസപ്രവൃത്തികൾമൂലം എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങൾ വമ്പിച്ച തോതിൽ മലബാറിൽനിന്ന് ഓടി രക്ഷപ്പെട്ടു. ക്രൂരതയ്ക്കിരയായ കൃഷിക്കാർ വനങ്ങളിലും കാടുകളിലും അഭയം പ്രാപിച്ചു. ഇതു കാർഷികാധഃപതനത്തിനു കാരണമായി. പരമ്പരയാ കലകളുടെയും സാഹിത്യത്തിന്റെയും സംരക്ഷകരായിരുന്ന ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും പലായനം സംസ്കാരരംഗത്ത് ഒരു നിശ്ചലതയ്ക്കിടയാക്കി. മൈസൂർ ആക്രമണത്തിന്റെ ഫലമായി നല്ല നഗരങ്ങൾ പലതും നശിച്ചു. വാണിജ്യവും വ്യാപാരവും തകർന്നു. രാജ്യത്തിൽ പലേടങ്ങളിലും മുളകുവള്ളിയുടെ കൃഷി നിർത്തി വയ്ക്കുകയാൽ കുരുമുളകുവ്യാപാരം മിക്കവാറും നിലച്ചു. കേരളത്തിലെ തുറമുഖങ്ങൾ ഏതാണ്ടു ശൂന്യമാവുകതന്നെ ചെയ്തു. കൃഷിയുടെയും വാണിജ്യത്തിന്റെയും അധഃപതനം നാടിന്റെ സമ്പദ്ഘടനയെ തകർക്കുകയാൽ ജനസംഖ്യയിൽ ഒരു നല്ലവിഭാഗം ദാരിദ്ര്യത്തിലേക്കു നീങ്ങി. പാശ്ചാത്യരാജ്യങ്ങളുമായി നൂറ്റാണ്ടുകളായി നിലനിന്നിരുന്ന വാണിജ്യബന്ധത്തിന്റെ ഫലമായി കേരളം സമ്പാദിച്ചു സൂക്ഷിച്ച പൊന്നും വെള്ളിയും നാട്ടിൽനിന്ന് അപ്രത്യക്ഷമായി.

അതേസമയം ടിപ്പുവിന്റെ ആക്രമണംകൊണ്ട് സാമ്പത്തികമായി ചില നേട്ടങ്ങളുണ്ടായെന്നും ഒരഭിപ്രായമുണ്ട്. കുരുമുളക്, ഏലം, ചന്ദനത്തടി എന്നിവയുടെ കച്ചവടം സർക്കാരിന്റെ കുത്തകയാക്കി. ഇവ ശേഖരിക്കാൻ ഉത്തരകേരളത്തിന്റെ പല ഭാഗങ്ങളിലും പണ്ടകശാലകൾ തുറന്നു. വടകര, കൊയിലാണ്ടി, കോഴിക്കോട്, മയ്യഴി എന്നിവിടങ്ങളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്ത സ്ഥലങ്ങൾ.

ഈ പണ്ടകശാലകളിൽ ഒരു നിശ്ചിതവിലയ്ക്ക് ഈ സാധനങ്ങൾ സംഭരിച്ച് വിദേശവ്യാപാരികൾക്ക് വിറ്റിരുന്നു. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വിൽക്കാൻ ഇത് സഹായകമായി. വിദേശവ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനായി മസ്കറ്റ്, ജിഡ്ഡ, ഓർമുസ്, പെഗു (ബർമ്മ) എന്നിവിടങ്ങളിൽ വ്യാപാരകേന്ദ്രങ്ങൾ തുറന്നു. കൂടാതെ താൽപ്പര്യമുള്ളവർക്ക് ഓഹരികൾ വിറ്റ് ഒരു കച്ചവടക്കമ്പനിയും സുൽത്താൻ സ്ഥാപിച്ചു. ഓഹരിക്കാർക്ക് അമ്പത് ശതമാനം ലാഭവിഹിതം ഉറപ്പാക്കാനുള്ള സംവിധാനവുമുണ്ടാക്കി. മലബാർതീർത്ത് ഒരു മുത്തുച്ചിപ്പിവാരൽ കേന്ദ്രവും സ്ഥാപിച്ചു. മസ്കറ്റിൽനിന്ന് മുങ്ങൽവിദഗ്ദ്ധന്മാരെയും ഇറക്കുമതി ചെയ്തു. ഈദൃശ നടപടികൾകൊണ്ട് സാമ്പത്തികരംഗം ഒന്നുണർന്നു.

ടിപ്പുവിന്റെ മതനയം ഒരു വിവാദവിഷയമാണ്. കേരളത്തിൽ ടിപ്പു ക്ഷേത്രധ്വംസനവും നിർബന്ധിത മതപരിവർത്തനവും നടത്തിയെന്ന് ആരോപിക്കപ്പെട്ടിട്ടുണ്ട്. ഇത് രണ്ടും നടന്നിട്ടുണ്ടെങ്കിലും മതപരമായ കാരണങ്ങളാലല്ല്, നേരെമറിച്ച് രാഷ്ട്രീയ-സാമ്പത്തിക കാരണങ്ങളാലാണെന്ന് ടിപ്പുവിന്റെ നയങ്ങളെ ന്യായീകരിക്കുന്ന ചരിത്രകാരന്മാർ സമർത്ഥിക്കുന്നു. ക്ഷേത്രങ്ങളിൽ അഭയം തേടിയ ശത്രുസൈനികരെ അമർച്ച ചെയ്യുകയും ക്ഷേത്രങ്ങളിലെ സ്വത്തു സ്വന്തമാക്കുകയുമായിരുന്നു ടിപ്പുവിന്റെ ലക്ഷ്യങ്ങളും കൂടാതെ ഗുരുവായൂർ, തിരുവഞ്ചിക്കുളം എന്നിങ്ങനെ പല ക്ഷേത്രങ്ങളിലേക്കും ടിപ്പു ഭൂമിയും പണവും ദാനംചെയ്ത രേഖകളെ ആസ്പദമാക്കി മതകാര്യങ്ങളിൽ സുൽത്താൻ ഉദാരമായ നയമാണ് ഇവിടെയും തുടർന്നുപോന്നതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇങ്ങനെയെല്ലാമാണെങ്കിലും ടിപ്പുവിന്റെ മതപരമായ ചില കടന്ന കൈകൾ ഇവിടത്തെ ഹിന്ദുക്കളിൽ ഭയവും ആശങ്കയും ഉണർതതിയെന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. ഇതിന്റെ ഫലമായി മൈസൂർ ആക്രമണങ്ങൾ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഇടിയിൽ ഒരു വലിയ വിടവുണ്ടാക്കി. ഇത് സമുദായിക സൗഹാർദ്ദത്തിനേറ്റ വമ്പിച്ച പ്രഹരമായിരുന്നു. അതിനപ്പുറം മലബാറിലെ മുസ്ലീങ്ങളിൽ ഭൂരിപക്ഷവും പടയോട്ടങ്ങളിൽ ആക്രമണകാരികളുടെ പക്ഷം ചേർന്നത് അവരുടെ ഹൈന്ദവസഹോദ

രർക്കിടയിൽ ശത്രുത്വം വളർത്തി. മൈസൂർഭരണത്തിൽ മുസ്ലിങ്ങൽ വിശേഷാവകാശങ്ങൾ അനുഭവിച്ചിരുന്നു. മൈസൂർ ഭരണാധികാരികൾക്കുശേഷം മലബാറിന്റെ ആധിപത്യം ഏറ്റെടുത്ത ബ്രിട്ടീഷുകാർ മുസ്ലിങ്ങളുടെ ഈ പ്രത്യേകപദവി അംഗീകരിച്ചുകൊടുത്തില്ല. ഇടക്കാലത്തു ലഭിച്ച വിശേഷാവകാശങ്ങൾ നഷ്ടപ്പെട്ടപ്പോൾ പുതിയ പരിതഃസ്ഥിതിയുമായി ഇണങ്ങിച്ചേരാൻ കഴിയാത്ത മാപ്പിളമാർ ബ്രിട്ടീഷ് അധികാരത്തിനെതിരെ പല പ്പോഴും പ്രക്ഷോഭണമുണ്ടാക്കി. 19-ാം ശതകത്തിൽ മാപ്പിളമാർ ഇങ്ങനെ കൂടെക്കൂടെ കലാപമുണ്ടാക്കിയതിന് ഒരു കാരണം മൈസൂർ ആക്രമണങ്ങളായിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല.

# മൊഡ്യൂൾ – 3

## ബ്രിട്ടീഷ് ആധിപത്യം

പോർട്ടുഗീസുകാരെയും ഡച്ചുകാരെയുംപോലെ ഇംഗ്ലീഷുകാരും വാണിജ്യകാര്യങ്ങൾക്കായിട്ടാണ് കേരളത്തിൽ വന്നത്. ആദ്യം കേരളത്തിൽവന്ന ഇംഗ്ലീഷുകാരൻ മാസ്റ്റർ റാൽഫ് ഫിച്ച് ആണെന്നു തോന്നുന്നു. അദ്ദേഹം 1583-ൽ മറ്റു ചില കച്ചവടക്കാരുമൊത്ത് ഇംഗ്ലണ്ടിൽനിന്നു പൗരസ്ത്യദേശത്തേക്കു പുറപ്പെട്ട് കൊച്ചിയിലെത്തി. ജെയിംസ് ലങ്കാസ്റ്റർ 1591-ൽ പ്ലിമത്തിൽനിന്നു പുറപ്പെടുന്നതിനു വളരെ മുമ്പായിരുന്നു ഇത്. അതുകൊണ്ട് ഈ രംഗത്ത് റാൽഫ് ഫിച്ചാണ് 'ഒന്നാമത്തെ ഇംഗ്ലീഷുകാരൻ'.

## കേരളവുമായുള്ള ഇംഗ്ലീഷുകാരുടെ ആദ്യകാലബന്ധങ്ങൾ

1615-ൽ ക്യാപ്റ്റൻ കീലിങ് മൂന്നു കപ്പലുകളുമായി കോഴിക്കോടിനു സമീപമെത്തി. ഈ കപ്പലുകളിലായിരുന്നു സർ തോമസ് റോ ബ്രിട്ടീഷ് പ്രതിനിധിയായി ജഹാംഗീറിനെ സന്ദർശിക്കാൻ വന്നത്. കീലിങ് സാമൂതിരിയുമായി ഒരുടമ്പടിയുണ്ടാക്കി. കൊടുങ്ങല്ലൂർനിന്നും കൊച്ചിയിൽനിന്നും പോർട്ടുഗീസുകാരെ ബഹിഷ്കരിക്കാൻ ഇംഗ്ലീഷുകാർ കോഴിക്കോടിനെ സഹായിക്കണമെന്ന് ഈ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരുന്നു. സാമൂതിരി തന്റെ രാജ്യത്ത് വാണിജ്യം നടത്താനുള്ള സ്വാതന്ത്ര്യം ഇംഗ്ലീഷുകാർക്കു നൽകി. എന്നാൽ ഉടമ്പടിയിൽ പറഞ്ഞിരുന്നതുപോലെ ഇംഗ്ലീഷുകാർ പോർട്ടുഗീസുകാർക്കെതിരായി സാമൂതിരിയെ സഹായിച്ചില്ല. അവർ പൊന്നാനിയിലും കോഴിക്കോട്ടും പണ്ടകശാലകൾ തുറക്കാൻ പത്തുപേരെ നിർത്തിയിട്ട് സ്ഥലം വിട്ടു. പോർട്ടുഗീസ് ശക്തിയുടെ അവസാനദിവസങ്ങളായിരുന്ന 1634-1635 കാലത്ത് ഇംഗ്ലീഷുകാർ പോർട്ടുഗീസുകാരുമായി ഒരു കരാറിൽ ഏർപ്പെട്ടു. ഈ കരാറിൻപടി അവർക്ക് കേരളത്തിലെ പോർട്ടുഗീസ് തുറമുഖങ്ങളിൽ പ്രവേശനം ലഭിച്ചു. ബ്രിട്ടീഷ് കച്ചവടക്കാർ 1636-ൽ കൊച്ചിയിൽനിന്ന് ഇംഗ്ലണ്ടിലേക്ക് ആദ്യമായി കുരുമുളകു കയറ്റുമതി ചെയ്തു. വിഴിഞ്ഞത്ത് ഒരു വ്യവസായശാല സ്ഥാപിക്കാൻ വേണാട്ടുരാജാവിൽനിന്ന് 1644-ൽ ഇംഗ്ലീഷുകാർക്ക് അനുവാദം കിട്ടി. ഇതിനിടയ്ക്ക് പോർട്ടുഗീസ് പ്രദേശങ്ങൾ ഡച്ചുകാർ പിടിച്ചെടുത്തത് ബ്രിട്ടീഷുകാരുടെ പദ്ധതികളെ കീഴ്മേൽ മറിച്ചു. 1663-ൽ ഡച്ചുകാർ കൊച്ചി പിടിച്ചപ്പോൾ അവിടെയുണ്ടായിരുന്ന ഇംഗ്ലീഷ് വ്യാപാരികൾ പൊന്നാനിയിലേക്കു പോയി. മറ്റു തുറമുഖങ്ങളിലെ ഇംഗ്ലീഷ് താൽപ്പര്യങ്ങൾക്കും കാര്യമായ ഇടിവുതട്ടി. കോഴിക്കോട്ട് ഒരു ഫാക്ടറി (വ്യവസായശാല) സ്ഥാപിക്കാൻ 1664-ൽ സാമൂതിരി ഇംഗ്ലീഷുകാരെ അനുവദിച്ചു. എന്നാൽ എല്ലാ വിദേശവ്യാപാരികളുടെയും ഉദ്ദേശ്യങ്ങളിൽ സംശയാലുവായിരുന്ന അദ്ദേഹം തന്റെ രാജ്യത്തു കൂടുതൽ സ്ഥലങ്ങൾ അവർക്ക് അനുവദിക്കുകയുണ്ടായില്ല.

## ഇംഗ്ലീഷുകാർ അഞ്ചുതെങ്ങിൽ

കോഴിക്കോട് പല ബുദ്ധിമുട്ടുകളും നേരിട്ട് ഇംഗ്ലീഷുകാർ കേരളത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു. വ്യവസായശാല നിർമ്മിക്കാൻ അഞ്ചുതെങ്ങിൽ ഒരു ചെറിയ മണൽപ്രദേശം 1684-ൽ ആറ്റിങ്ങൽ റാണിയിൽനിന്ന് അവർക്കു കിട്ടി. അവിടെ ഒരു കോട്ട കെട്ടാനുള്ള അനുവാദവും 1690-ൽ ഇംഗ്ലീഷുകാർക്കു ലഭിച്ചു. 1695-ൽ കോട്ടയുടെ പണി പൂർത്തിയായി. അഞ്ചുതെങ്ങ് കിട്ടിയത് ഇംഗ്ലീഷുകാർക്ക് ഒരു വലിയ നേട്ടമായിരുന്നു. വടക്കോട്ടുള്ള ജലഗതാഗതത്തിന്, ആ സ്ഥലം സൗകര്യപ്രദമായിരുന്നതുകൊണ്ട് വാണിജ്യം അഭിവൃദ്ധിപ്പെടാൻ അതു സഹായകമായി. സൈനികസാമഗ്രികൾ സംഭരിക്കുന്ന ഒരു കേന്ദ്രവും അവർ അവിടെ തുറന്നു. വളരെ വൈകാതെ പശ്ചിമതീരത്ത് ബോംബെ കഴിഞ്ഞാൽ ഇംഗ്ലീഷുകാരുടെ ഏറ്റവും പ്രധാനപ്പെട്ട സങ്കേതമായിത്തീർന്നു അഞ്ചുതെങ്ങ്. ദക്ഷിണകേരളത്തിലും മദ്ധ്യകേരളത്തിലും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ സ്വാധീനശക്തി വ്യാപിപ്പിക്കാൻ കാലുറപ്പിക്കുന്നതിനൊരിടമാവുകയും ചെയ്തു അത്. ആറ്റിങ്ങൽ റാണി അഞ്ചുതെങ്ങിൽ ഇംഗ്ലീഷുകാർക്ക് സൗജന്യങ്ങളനുവദിച്ചു കൊടുത്തത് സ്ഥലവാസികളെ രോഷാകുലരാക്കി. ഇംഗ്ലീഷുകാർ നിശ്ചയിക്കുന്ന വിലയ്ക്ക് കർഷകൻ അവർക്ക് കുരുമുളക് വിൽക്കണമെന്ന നിബന്ധ

നയും നാട്ടുകാരെ അസ്വസ്ഥരാക്കി. അവർ 1697-ൽ അഞ്ചുതെങ്ങിലെ ഫാക്ടറി ആക്രമിച്ചു. പക്ഷേ, ആ ആക്രമണം അലസിപ്പോവുകയാണുണ്ടായത്.

### ആറ്റിങ്ങൽ കലാപം (1721)

1721-ൽ അഞ്ചുതെങ്ങിലെ വ്യവസായശാലയുടെ കാര്യത്തിൽ ഒരു പ്രതിസന്ധിഘട്ടമുണ്ടായി. അവിടത്തെ ഇംഗ്ലീഷ് വ്യാപാരികൾ, നേതാവായ ഗിഫോർഡിന്റെ കീഴിൽ, കലുഷപ്രവൃത്തികളാലും ധൃഷ്ടമായ പെരുമാറ്റത്തിലും ജനങ്ങളെ ശത്രുക്കളാക്കി. അതേസമയം അവർ വർഷംതോറും വിലപ്പെട്ട പാരിതോഷികങ്ങൾ നൽകി ആറ്റിങ്ങൾറാണിയെ സന്തോഷിപ്പിക്കുകയും ചെയ്തിരുന്നു. ആ പ്രദേശങ്ങളിൽ അധികാരം നടത്തിയിരുന്ന പിള്ളമാരുടെ പ്രതിനിധികൾ ഇംഗ്ലീഷുകാർ റാണിക്കു കൊടുക്കാറുള്ള സമ്മാനങ്ങളെല്ലാം തങ്ങള് മുഖേന വേണം റാണിക്കു സമർപ്പിക്കേണ്ടതെന്ന് ആവശ്യപ്പെട്ടു. ഇത് ഗിഫോർഡ് നിരസിച്ചു. അയാൾ റാണിക്കു നേരിട്ടു സമ്മാനം നൽകാൻ 140 ഇംഗ്ലീഷുകാരുടെ ഒരു സംഘവുമായി ആറ്റിങ്ങലേക്കു പുറപ്പെട്ടു. ഈ ബലപ്രകടനത്തിൽ സ്ഥലവാസികൾ ആറ്റിങ്ങളേക്കു പുറപ്പെട്ടു. ഈ ബലപ്രകടനത്തിൽ സ്ഥലവാസികൾ കോപാകുലരായി. അവർ ആ സംഘത്തെ ആക്രമിച്ച് മുഴുവൻ ആളുകളെയും കൊന്നു (1721 ഏപ്രിൽ 15). അനന്തരം ആക്രമണക്കാർ അഞ്ചുതെങ്ങിൽ ചെന്നു കോട്ട വളഞ്ഞു. ഗണ്ണർ ഇൻസ് കോട്ട പ്രതിരോധിച്ചു. ഉപരോധം ആറുമാസത്തോളം നീണ്ടുനിന്നു. തലശ്ശേരിയിൽനിന്ന് ഇംഗ്ലീഷുകാരുടെ പോഷകസേന വന്നുചേർന്നപ്പോഴാണ് അത് അവസാനിച്ചത്. കേരളത്തിൽ ബ്രിട്ടീഷ് അധികാരത്തിനെതിരായ ആദ്യത്തെ സംഘടിതപ്രക്ഷോഭമെന്ന നിലയിൽ ആറ്റിങ്ങൽ കലാപം പ്രാധാന്യമർഹിക്കുന്നു. ഈ കലാപത്തിന്റെ പരാജയത്തെത്തുടർന്ന് ഇംഗ്ലീഷുകാരും റാണിയും തമ്മിൽ ഒരു കരാറുണ്ടാക്കി. ഇതിൻപ്രകാരം ആക്രണത്തിൽ കമ്പനിക്കുണ്ടായ എല്ലാ നഷ്ടങ്ങളും റാണി പരിഹരിക്കണമായിരുന്നു. കുരുമുളകുകച്ചവടത്തിന്റെ കുത്തകയും ഇഷ്ടമുള്ളേടത്തെല്ലാം വ്യവസായശാലകൾ സ്ഥാപിക്കാനുള്ള അവകാശവും ഈ കരാറുമൂലം ഇംഗ്ലീഷുകാർക്കു ലഭിച്ചു.

### ഇംഗ്ലീഷുകാരും തിരുവിതാംകൂറും തമ്മിൽ ചെയ്ത ഉടമ്പടി (1723)

1723 ഏപ്രിലിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയും തിരുവിതാംകോട്ട (തിരുവിതാംകൂർ) രാജാവും തമ്മിൽ ഔപചാരികമായ ഒരുടമ്പടിയുണ്ടാക്കി. 'ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഒരു ഭാരതീയരാജാവുമായി ആദ്യമായിച്ചെയ്ത ഉടമ്പടിയാണിത്' എന്ന കാര്യം എടുത്തുപറയേണ്ടതുണ്ട്. ഈ ഉടമ്പടിയിൽ തിരുവിതാംകൂർ രാജാവ് സ്വന്തം ചെലവിൽ ഇംഗ്ലീഷുകാർക്ക് കുളച്ചൽ ഒരു കോട്ട കെട്ടിക്കൊടുക്കാമെന്ന് ഏറ്റു. കോട്ടയ്ക്കുവേണ്ട പീരങ്കികളും വെടിക്കോപ്പുകളും നൽകാമെന്ന് കമ്പനി സമ്മതിച്ചു. തിരുവിതാംകൂറും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയും തമ്മിലുള്ള സൗഹൃദത്തിന് അടിസ്ഥാനമുറപ്പിച്ച ഈ ഉടമ്പടിയിൽ ഇരുഭാഗക്കാരുടെയും കമാൻഡർ ഡോക്ടർ അലക്സാണ്ടർ ഓമും ഒപ്പുവച്ചു. പിള്ളമാരെയും മാടമ്പിമാരെയും അമർത്തുന്നതിന് എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കാമെന്നുള്ള കമ്പനിയുടെ സന്നദ്ധത ഡോക്ടർ അലക്സാണ്ടർ ഓം 1723 ആഗസ്റ്റിൽ രേഖാമൂലം രാജാവിനെ അറിയിച്ചു. 1726-ൽ ആറ്റിങ്ങൽ റാണി ഇംഗ്ലീഷുകാർക്ക് ഇടവായിൽ ഒരു ഫാക്ടറി നിർമ്മിക്കാൻ സ്ഥലം കൊടുത്തു. ഇംഗ്ലീഷുകാരും തിരുവിതാംകൂറും തമ്മിലുള്ള സൗഹൃദത്തിന്റെയും സഖ്യത്തിന്റെയും ബന്ധം മാർത്താണ്ഡ വർമ്മയുടെ ഭരണകാലത്തു വീണ്ടും വികസിച്ചു.

### തലശ്ശേരിയിലെ ഇംഗ്ലീഷ് ഫാക്ടറി

ഇംഗ്ലീഷുകാർ തങ്ങളുടെ സ്വാധീനം ദക്ഷിണകേരളത്തിൽ അനുക്രമം ഉറപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഉത്തരകേരളത്തിലും തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ കൈക്കൊണ്ടിരുന്നു. അവർ കോലത്തുനാട്ടിലെ അന്നത്തെ യഥാർത്ഥ ഭരണാധികാരിയായ വടക്കെളംകൂറുമായി കൂടിയാലോചനകൾ നട

ത്തി, തലശ്ശേരിയിൽ ഒരു വ്യവസായശാല സ്ഥാപിക്കാനുള്ള അനുവാദം വാങ്ങി, വ്യവസായശാലയ്ക്കു നിശ്ചയിച്ച സ്ഥലം കുറങ്ങോട്ടുനായരുടെ ദേശത്തായിരുന്നു. നായർ ഈ നടപടി അംഗീകരിച്ചില്ല. എന്നാണ് ഫാക്ടറി സ്ഥാപിച്ചതെന്ന് കൃത്യമായി അറിഞ്ഞുകൂടാ. 1683-ൽ ആയിരുന്നെന്ന് ബോർഡ് വുഡ് പറയുന്നു. 1694-ൽ 1965 കാലത്ത് ആകാനാണ് സാധ്യതയെന്നത്രേ ലോഗന്റെ അഭിപ്രായം. 1702-ൽ ഇംഗ്ലീഷ് കമ്പനികൾ സംയോജിച്ചപ്പോൾ കാർവാർ, കോഴിക്കോട്, അഞ്ചുതെങ്ങ് എന്നിവയ്ക്കൊപ്പം തലശ്ശേരി വ്യവസായശാലയും ബോംബെയോടു ചേർക്കപ്പെട്ടു. ഒരു ചീഫും 'ഫാക്ടേഴ്സ്' എന്നു വിളിക്കപ്പെടുന്ന സമിതിയുമാണ് അതിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിച്ചത്.

അഞ്ചുതെങ്ങിലെന്നപോലെ തലശ്ശേരിയിലും ഇംഗ്ലീഷുകാർക്ക് സ്ഥലവാസികളായ കഠിനമായ എതിർപ്പു നേരിടേണ്ടിവന്നു. 1704-1705 കാലത്ത് വടക്കെളംകൂറിന്റെ എതിരാളികളായ കോലത്തിരി കുടുംബാംഗങ്ങളിൽ ഒരാൾ കുറങ്ങോട്ടുനായരുമായിച്ചേർന്ന് കമ്പനിയുടെ പണ്ടകശാല ആക്രമിക്കുകയും സാധനസാമഗ്രികൾക്കും ഭാരിച്ച നഷ്ടമുണ്ടാക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് ഇംഗ്ലീഷുകാർ ഭരണാധികാരിയായിരുന്ന വടക്കെളംകൂറിൽനിന്ന് തലശ്ശേരിയിൽ ഒരു കോട്ട കെട്ടാൻ അനുവാദം സമ്പാദിക്കുകയും അദ്ദേഹത്തെക്കൊണ്ടുതന്നെ പണി വേഗം പൂർത്തിയാവുകയും 1708 ആഗസ്റ്റ് 20-ാം തീയതി വടക്കെളംകൂർ അതു കമ്പനിക്കു ഔപചാരികമായി ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു. കുറങ്ങോട്ട് നായർ കമ്പനിക്കു ശല്യമുണ്ടാക്കുക എന്ന പരിപാടി തുടർന്നുകൊണ്ടിരുന്നു. എന്നാൽ അദ്ദേഹം 1719 സെപ്തംബറിൽ കമ്പനിയോടുള്ള ശത്രുത നിർത്തിവയ്ക്കുകയും അവരുമായി ഒരു സൗഹൃദസന്ധിയിൽ ഏർപ്പെടുകയും ചെയ്തു. നായർ തന്റെ ദേശത്ത് കുരുമുളകുകച്ചവടത്തിന്റെ കുത്തകയും ചുങ്കം ചുമത്താതെ ഇംഗ്ലീഷുകാർക്കു കൊടുത്തു. ആദ്യമാദ്യം ഒട്ടേറെ ബുദ്ധിമുട്ടുകളുണ്ടായെങ്കിലും തലശ്ശേരിയിലെ ഇംഗ്ലീഷുകാരുടെ വാണിജ്യം ഗണ്യമായ രീതിയിൽ അഭിവൃദ്ധിപ്പെട്ടു.

### ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും

ഏറെക്കഴിയുംമുമ്പ്, രാഷ്ട്രീയവും വാണിജ്യപരവുമായ ബന്ധങ്ങളിൽ ഇംഗ്ലീഷുകാരുടെ എതിരാളികളായിരുന്ന ഫ്രഞ്ചുകാരുടെ ഗുരുതരമായ ഭീഷണി ഉത്തരകേരളത്തിലെ ബ്രിട്ടീഷ് ശക്തിക്ക് അഭിമുഖീകരിക്കേണ്ടിവന്നു. 1725-ൽ എം.ഡി. പർദൈല്ലന്റെ നേതൃത്വത്തിൽ ഒരു ഫ്രഞ്ച് നാവികസംഘം തലശ്ശേരിക്കു നാലു മൈൽ അകലെ മയ്യഴി (മാഹി)ക്കടുത്തു പ്രത്യക്ഷപ്പെടുകയും കടത്തനാട്ടു രാജാവിൽനിന്നു മയ്യി പിടിച്ചെടുക്കുകയും ചെയ്തു. മയ്യഴിയിലെ ഫ്രഞ്ചുകാരുടെ സാന്നിദ്ധ്യം തലശ്ശേരിയിലെ ഇംഗ്ലീഷ് താവളത്തിന്റെ ഭദ്രതയ്ക്ക് ഹാനികരമായിരുന്നു. ഏതദ്ദേശീയരാജാക്കന്മാരുടെ പിന്തുണ നേടാൻ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ഉപജാപം നടത്തി. തലശ്ശേരി ഫാക്ടറിയിലെ ചീഫായിരുന്ന ആഡം കടത്തനാട്ടുരാജാവിന്, ഫ്രഞ്ചുകാർക്കെതിരായ അദ്ദേഹത്തിന്റെ സമരം മുന്നോട്ടുകൊണ്ടുപോകാൻ എല്ലാത്തരത്തിലും പ്രോത്സാഹനവും പിന്തുണയും നൽകി. പക്ഷേ, 1725 സെപ്തംബറിൽ സാമ്പത്തികമായ ബുദ്ധിമുട്ടുകളാൽ രാജാവ് ആ എതിർപ്പുകൾ മാറ്റിവെച്ചു. ഇംഗ്ലീഷുകാരിൽനിന്നു തലശ്ശേരി വീണ്ടെടുക്കാനുള്ള കുറങ്ങോട്ടുനായരുടെ പരിശ്രമങ്ങൾ തുടരാൻ ഇപ്പോൾ ഫ്രഞ്ചുകാർ അദ്ദേഹത്തിനു പ്രേരണ നൽകി. ഇംഗ്ലീഷുകാരുടെയും ഫ്രഞ്ചുകാരുടെയും പട്ടാളങ്ങൾ തമ്മിൽ ഒട്ടധികം ഏറ്റുമുട്ടലുകൾ നടന്നു. വടക്കേ മലബാറിലെ ഈ സമരത്തിന് ബ്രിട്ടീഷ് ഗവൺമെന്റോ ഫ്രഞ്ച് ഗവൺമെന്റോ സമ്മതം നൽകിയിരുന്നില്ല. അതതു ഗവൺമെന്റുകളുടെ നിർദ്ദേശം ലഭിക്കയാൽ തലശ്ശേരിയിലെ ഇംഗ്ലീഷുകാരും മയ്യഴിയിലെ ഫ്രഞ്ചുകാരും പരസ്പരം സമാധാനത്തിൽ കഴിയാൻ 1728-ൽ ഒരു ധാരണയിലെത്തി.

### ധർമ്മപട്ടണം കൈവശപ്പെടുത്തുന്നു

മയ്യഴിമേഖലയിൽ സമാധാനം പുനഃസ്ഥാപിതമായെങ്കിലും അപ്പോഴും വടക്ക് സെന്റ് ആഞ്ജലോക്കോട്ട (കണ്ണൂർക്കോട്ട) കൈവശം വെച്ചുകൊണ്ടിരുന്ന ഡച്ചുകാരിൽനിന്ന് ഇംഗ്ലീഷുകാർക്ക് ഉപദ്രവങ്ങളുണ്ടാ

യി. ഇംഗ്ലീഷുകാരുടെ നേരെ എതിർപ്രവർത്തനങ്ങൾ ആരംഭിക്കാൻ ഡച്ചുകാർ ആലിരാജാവിനെ ഇളക്കിവിട്ടു. ഏതായാലും ഇംഗ്ലീഷുകാർ കോട്ടയം രാജാവിന്റെ സഹായത്തോടുകൂടി ധർമ്മടംദ്വീപിൽനിന്നു ആലിരാജാവിനെ പുറത്താക്കി. അദ്ദേഹത്തിനെതിരായി ചിറയ്ക്കൽ രാജാവ് നടത്തിക്കൊണ്ടിരുന്ന സമരങ്ങൾക്കും ഇംഗ്ലീഷുകാർ പിന്തുണ നൽകി. അതിനു പ്രത്യുപകാരമായി വടക്കെളംകൂറായ ഉദയവർമ്മ 1730-ൽ ഇരുവഴിനാട്, ധർമ്മടം, രണ്ടുതറ എന്നീ ദേശങ്ങളിലെ വാണിജ്യത്തിന്റെ കുത്തകയും അവിടങ്ങളിൽ കൊടിക്കൂറ നാട്ടാനുള്ള അവകാശവും കമ്പനിക്ക് അനുവദിച്ചുകൊടുത്തു. 1732-ൽ കോലത്തിരിയുടെ നാടുകൾ ആക്രമിച്ച ബെദ്നോർസൈന്യം വളപട്ടണംപുഴ കടന്നു മുന്നോട്ടുവന്നു. ഈ യുദ്ധത്തിനിടയിൽ (1732-1736) ചിറയ്ക്കൽ രാജാവ്, ആലിരാജാവ് കോട്ടയം രാജാവ് എന്നിവരുമായി ഇംഗ്ലീഷുകാരുണ്ടാക്കിയ ഉടമ്പടികളുടെ ഫലമായി ധർമ്മടംദ്വീപിന്റെ പരിപൂർണ്ണമായ അവകാശം അവർ കൈവശമാക്കി. അവർ ബെദ്നോർ സൈന്യത്തിനെതിരായ യുദ്ധത്തിൽ ചിറയ്ക്കൽ രാജാവിനെ കാര്യമായി സഹായിച്ചു. ഇക്കാര്യത്തിൽ കോട്ടയം രാജാവും ഡച്ചുകാരും ഇംഗ്ലീഷുകാർക്കും പിന്തുണ നൽകുകയും ചെയ്തു. 1736-ൽ കർണ്ണാടകസൈന്യങ്ങൾ തിരിച്ചോടിക്കപ്പെട്ടു.

### ഇംഗ്ലീഷ്-ഫ്രഞ്ചു സംഘട്ടനം (1739-1749)

കർണ്ണാടകയുമായി യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ മയ്യഴിയിലെ ഫ്രഞ്ചുകാർ പല കുഴപ്പങ്ങളുമുണ്ടാക്കി ഇംഗ്ലീഷുകാരെ ശല്യപ്പെടുത്തി. 1741 നവംബറിൽ ഫ്രഞ്ച് അഡ്മിറൽ മാഹി ലെബോർദിനെ തലശ്ശേരി ഉപരോധിക്കാൻ അഞ്ചു കപ്പലുകളുള്ള ഒരു നാവികസൈന്യവുമായി മയ്യഴിയിൽ എത്തി. എന്നാൽ, അദ്ദേഹം ഇംഗ്ലീഷുകാരോട് ഏറ്റുമുട്ടുന്നതിനു പകരം കടത്തനാട്ടുരാജാവുമായി യുദ്ധം ചെയ്യുകയും രാജാവിന്റെ ചില പ്രദേശങ്ങൾ പിടിച്ചടക്കുകയുമാണ് ചെയ്തത്. ലെബോർദിനെ 1742-ൽ മോറീഷ്യസ്സിലേക്കു പോകുന്നതിനു മുൻപ് ഇംഗ്ലീഷുകാരുമായി സുഹൃദ്ബന്ധം പുനഃസ്ഥാപിച്ചു. കുറങ്ങോട്ടുനായരുടെ ദേശത്തുള്ള പട്ടാളക്കാവൽത്താവളങ്ങൾ പൊളിച്ചു നീക്കാനും പീരങ്കികളുൾപ്പെടെ പട്ടാളത്തെ പിൻവലിക്കാനും ഇരുകൂട്ടരും സമ്മതിച്ചു. 1744-ൽ യൂറോപ്പിൽ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ യുദ്ധമാരംഭിച്ചപ്പോൾ, വടക്കേ മലബാറിലെ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും പരസ്പരം ശത്രുതയിൽപ്പെടാതെ കഴിഞ്ഞു. ഏതായാലും ചില ചില്ലറ ഏറ്റുമുട്ടലുകൾ ഉണ്ടാകാതിരുന്നില്ല. യൂറോപ്പിലെ യുദ്ധത്തിന് അവസാനം കുറിച്ച 1749-ലെ എയ്‌ലാ ഷാപ്പെൽ സന്ധി ഉത്തരകേരളത്തിലെ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും തമ്മിലും സമാധാനം പുലർത്താൻ ഇടയാക്കി.

### തലശ്ശേരിയുടെ ഉപരോധം

ഇംഗ്ലീഷുകാരുമായി മൈത്രിയിൽ കഴിഞ്ഞ വടക്കെളംകൂർ ഉദയവർമ്മ 1746 ജൂണിൽ മരിച്ചപ്പോൾ കുഞ്ഞിരാമൻ വടക്കെളംകൂറായി ഭരണമേറ്റു. ഇംഗ്ലീഷുകാരുടെ ശത്രുതയിലായിരുന്നു ഇദ്ദേഹം. കടത്തനാട്ടുരാജാവിന്റെ സഹോദരിയെ വിവാഹം ചെയ്തിരുന്ന കുഞ്ഞിരാമൻ അവർക്കായി ഇരുവഴിനാട്ടിൽ ഒരു മന്ദിരം പണിയിച്ചു. അദ്ദേഹത്തിനു നമ്പ്യാന്മാരെ പുറത്താക്കി സ്വന്തം മകനെ ഇരുവഴിനാട്ടിലെ ഭരണാധികാരിയായി പ്രതിഷ്ഠിക്കണമെന്നുണ്ടായിരുന്നു. അതു നടന്നില്ല. 1750-ൽ കടത്തനാട്ടു വാഴുന്നവർ വടക്കെളംകൂറിന്റെ അനുവാദത്തോടുകൂടി രാജാ എന്ന ബിരുദം ഔപചാരികമായി സ്വീകരിച്ചു. തലശ്ശേരിക്കോട്ടയിൽ പുതിയ ചീഫായി വന്ന ഡോറിൽ കുഞ്ഞിരാമനെതിരെ വയസ്സനും പേരിനുമാത്രം രാജാവുമായിരുന്ന കോലത്തിരിയുമായി ഉപജാപം നടത്തി. ഇതിന്റെ ഫലമായി കോലത്തുനാട്, കോട്ടയം, കടത്തനാട് എന്നിവിടങ്ങളിലെ സൈന്യങ്ങൾ ഒന്നുചേർന്ന് തലശ്ശേരി വളഞ്ഞു തിരുവങ്ങാട് ഉൾപ്പെടെ സമരതന്ത്രപ്രധാനമായ പല കോട്ടകളും അവർ പിടിച്ചെടുത്തു. ഇതിനിടയിൽ ഫ്രഞ്ചുകാരും രംഗത്തിറങ്ങി. അവർ നീലേശ്വരം കോട്ട പിടിച്ചു. ഈ സന്ദർഭത്തിൽ ഡോറിൽ കുതന്ത്രങ്ങളിൽ സഖ്യകക്ഷികളിൽ ഛിദ്രമുണ്ടാക്കി. തന്നിമിത്തം 1751-ൽ ഈ സംഖ്യത്തിൽനിന്നും കോട്ടയം രാജാവു പിന്മാറി. ഇതിനെത്തുടർന്ന് 1752 മെയിൽ കോട്ടയം രാജാവിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷുകാരും കോലത്തുനാട്ടുരാജാവും തമ്മിൽ ഒരു താൽക്കാലികധാരണയുണ്ടായി.

### മയ്യഴിയുടെ പതനം

1756 ഒക്ടോബറിൽ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ യൂറോപ്പിലാരംഭിച്ച യുദ്ധം കേരളത്തിലും പ്രതിദ്ധ്വനിച്ചു. 1761 ജനുവരി 16-ാം തീയതിയിലെ പോണ്ടിച്ചേരിയുടെ പതനം ജനുവരി 31-ാം തീയതി അറിയാനിടയായ ഇംഗ്ലീഷുകാർ ഫ്രഞ്ചുകാരുടെ മുമ്പിൽ ഒരു ശക്തിപ്രദർശനം നടത്താൻ എല്ലാ ഒരുക്കങ്ങളും ചെയ്യുകയുണ്ടായി. ഫെബ്രുവരി 3-ാം തീയതി മയ്യഴിയിലെ ഫ്രഞ്ച് സേനാനായകൻ എം. ലേയറ്റ് കീഴടങ്ങുകയും പത്തു ദിവസം കഴിഞ്ഞ് മയ്യഴിയിൽ ഇംഗ്ലീഷ് പതാക പാറുകയും ചെയ്തു. ഏതായാലും പാരീസിലെ സന്ധിയനുസരിച്ച് മയ്യഴി ഫ്രഞ്ചുകാർക്കു തിരിച്ചു കൊടുത്തു. 1765 ഒക്ടോബർ 20-ാം ഫ്രഞ്ചുരാർ മയ്യഴിയിലെ അവരുടെ പഴയ താവളത്തിലേക്കു മടങ്ങി.

### മൈസൂർആക്രമണവും ബ്രിട്ടീഷ്ശക്തിയുടെ വളർച്ചയും

മൈസൂർ ആക്രമണത്തിന്റെ കാലഘട്ടം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ കേരളീയപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം വൈഷമ്യം നിറഞ്ഞതായിരുന്നു. അക്കാലത്ത് തലശ്ശേരിയിലെ വ്യാപാരശാലയ്ക്ക് പല ആപൽസന്ധികളും നേരിട്ടു. 1764-ൽ ഹൈദറുടെ ദൂതനായ അനന്തറാവു തലശ്ശേരിയിലെ ഇംഗ്ലീഷ് വ്യാപാരികളെ സന്ദർശിച്ച്, മൈസൂറും കേരളരാജാക്കന്മാരും തമ്മിലുള്ള യുദ്ധത്തിൽ ഇംഗ്ലീഷുകാർ നിഷ്പക്ഷത പാലിച്ചുകൊള്ളാമെന്ന ഒരുറപ്പ് അവരിൽനിന്നു സമ്പാദിച്ചതായി പറഞ്ഞുവല്ലോ. 1766-ൽ ഹൈദർ ആദ്യമായി നടത്തിയ കേരളാക്രമണത്തിന് പ്രാരംഭവിജയങ്ങളുണ്ടാകാൻ വഴി തെളിച്ച സുപ്രധാനഘടകമായിരുന്നു ഇംഗ്ലീഷുകാരുടെ ഈ നിഷ്പക്ഷത. 1773-ൽ ആരംഭിച്ച ഹൈദറുടെ രണ്ടാമത്തെ കേരളാക്രമണത്തിൽ അദ്ദേഹം തലശ്ശേരിയിലെ ഇംഗ്ലീഷുകാരുമായി തുറന്ന സംഘട്ടനത്തിൽ ഏർപ്പെട്ടു. ഹൈദർ മയ്യഴിയിലെ ഫ്രഞ്ചുകാരുമായി ചെയ്ത സംഖ്യമായിരുന്നു ഈ സംഭവവികാസത്തിന്റെ പ്രധാനകാരണം. മയ്യഴി കീഴടക്കുന്നതിൽ ബ്രിട്ടീഷുകാർക്കുണ്ടായ വിജയത്തിന്റെയും തലശ്ശേരി പിടിക്കുന്നതിൽ ഹൈദർക്കു പറ്റിയ പരാജയത്തിന്റെയും കഥകൾ കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിക്കുകയുണ്ടായി.

മൈസൂറിന്റെ ആക്രമണത്തിനെതിരായി സാമൂതിരിയും നാടുവാഴികളും നടത്തിയ യുദ്ധത്തിൽ അവരെ ഇംഗ്ലീഷ് പട്ടാളങ്ങൾ സജീവമായി സഹായിച്ചു. 1782-ൽ കോഴിക്കോടു പിടിക്കുന്നതിൽ മേജർ ആബിങ്ടന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് സൈന്യം ശ്രദ്ധാർഹമായ പങ്കുവഹിക്കുകയുണ്ടായി. കേണൽ ഫുള്ളർടന്റെ കീഴിൽ മറ്റൊരു ഇംഗ്ലീഷ്സൈന്യം 1783-ൽ പാലക്കോട്ടുകോട്ട പിടിച്ചെടുത്തു. ടിപ്പുസുൽത്താൻ ഭരണാധികാരിയായതോടുകൂടി ഇംഗ്ലീഷുകാരും മൈസൂറും തമ്മിലുള്ള ശത്രുത കൂടുതൽ രൂക്ഷമായി. സാമൂതിരിയെപ്പോലുള്ള കേരളരാജാക്കന്മാർ മൈസൂറിന്റെ ആധിപത്യഭാരം തട്ടിത്തെറിപ്പിക്കാൻ ഇംഗ്ലീഷുകാരുടെ ഊർജ്ജസ്വലമായ സഹായം തേടി. 1789-ൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് അനേകം നാടുവാഴികൾക്കും അനുചരന്മാർക്കും തലശ്ശേരിയിലെ വ്യാപാരശാല അഭയം നൽകി. 1789-ൽ ടിപ്പു തിരുവിതാംകൂറിലേക്കു പട നയിച്ചപ്പോൾ ഇംഗ്ലീഷുകാർ തങ്ങളുടെ സംരക്ഷിതബന്ധുവായ തിരുവിതാംകൂർ രാജാവിനുവേണ്ടി യുദ്ധത്തിൽ സജീവമായി ഇടപെടാൻ തീരുമാനിച്ചു.

1790-ൽ ബ്രിട്ടീഷുകാർ ശ്രീരംഗപട്ടണത്തേക്കു മുന്നേറിയപ്പോൾ മൈസൂർസേനകൾ കേരളത്തിൽനിന്നു പിന്മാറി. കേരളത്തിലെ അവരുടെ പ്രബലകേന്ദ്രങ്ങളെല്ലാം തകർന്നുപോയി. 1790 സെപ്തംബർ 22-ാം തീയതി കേണൽ സ്റ്റുവർട്ട് പാലക്കാട്ടു കോട്ട പിടിച്ചെടുത്തു. അതു മലബാറിലേക്കു പ്രവേശിക്കുവാനുള്ള ബ്രിട്ടീഷുകാരുടെ മാർഗ്ഗം തുറന്നു. അവസാനം കീഴടങ്ങിയ കോട്ടകളിൽ ഒന്നായിരുന്നു അറയ്ക്കൽബീവിയുടെ കണ്ണൂർകോട്ട. ജനറൽ ആബർ ക്രോംബി കണ്ണൂർക്കോട്ട പിടിച്ചടക്കിയതും അതുമായി ബന്ധപ്പെട്ട സംഭവങ്ങളും കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞു കഴിഞ്ഞു. 1792-ലെ ശ്രീരംഗപട്ടണം ഉടമ്പടിയനുസരിച്ച് വയനാടൊഴിച്ചുള്ള മുഴുവൻ മലബാറും കൊച്ചിയും കുടകും ടിപ്പു ഇംഗ്ലീഷുകാർക്കു വിട്ടുകൊടുത്തു. 1799-ൽ ഒടുവിലത്തെ മൈസൂർയുദ്ധം അവസാനിച്ചപ്പോൾ ശ്രീരംഗപ്പട്ടണത്തിനു സംഭവിച്ച പതനത്തോടു

കൂടി കാസർകോട്-ഹോസ്ദുർഗ്ഗ് പ്രദേശങ്ങൾ ഉൾപ്പെടെയുള്ള തെക്കൻ കാനറ ഇംഗ്ലീഷുകാരുടെ നിയന്ത്രണ ത്തിലായി. ഈ സമയമായപ്പോഴേക്ക് വയനാടും അവരുടെ അധീനത്തിൽ വന്നു. നാടുവാഴികളെ അടു ത്തൂൺ കൊടുത്തു പിരിച്ചുവിട്ടിട്ട്, ക്രമേണ മലബാറും തെക്കൻ കാറയും ഇംഗ്ലീഷുകാർ നേരിട്ടു ഭരിക്കാൻ തുടങ്ങിയപ്പോൾ, തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർക്ക് സാമന്തപദവി അനുവദിച്ചു കൊണ്ട് അവരുമായി വെവ്വേറെ ഉടമ്പടിയുണ്ടാക്കി ബന്ധം പുലർത്തി.

## മലബാറിലെ രാഷ്ട്രീയവ്യവസ്ഥാപനം

1792-ലെ ശ്രീരംഗംപട്ടണം ഉടമ്പടിയുടെ വ്യവസ്ഥകളനുസരിച്ച് മലബാർ ബ്രിട്ടീഷുകാരുടെ കൈവശ മായെങ്കിലും പ്രവിശ്യയുടെ ഭരണം പെട്ടെന്ന് ഏറ്റെടുക്കുക സമുചിതമല്ലെന്ന് അവർ കരുതി. നാടുവിട്ട രാജാ ക്കന്മാർക്ക് ടിപ്പുവിന്റെ ബഹിഷ്കരണത്തിനുശേഷം, അതതു നാടുകൾ തിരിച്ചുകൊടുത്തുകൊള്ളാമെന്ന കോൺവാലീസ് പ്രഭുവിന്റെ വാഗ്ദാനം നിറവേറ്റാനും കമ്പനി ഒരുക്കമായിരുന്നില്ല. അടുത്തവർഷത്തെ നികു തിസംഭരണത്തെ സംബന്ധിച്ച് ചില ധാരണകളുണ്ടാക്കാൻ കൂടിയാലോചനകൾ നടത്തുന്നതിനും മലബാറിൽ പുതുതായി നേടിയ പ്രദേശങ്ങളുടെ ഭരണത്തിനു കൈക്കൊള്ളേണ്ട താൽക്കലികനടപടികൾ നിർദ്ദേശിക്കുന്ന തിനുമായി ബോംബെ ഗവർണ്ണറായ ജനറൽ ആബർ ക്രോംബി നിയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം, മലബാറിലെ രാഷ്ട്രീയസ്ഥിതിഗതികൾക്കു വ്യവസ്ഥയുണ്ടാക്കുന്നതിനും ഭരണകാര്യങ്ങൾ നിർവ്വഹി ക്കുന്നതിനും മി. ഫാർമറെയും മേജർ ഡോവിനെയും കമ്മീഷണർമാരായി നിയമിച്ചു. നികുതിപിരിവിൽ ഏർപ്പെടുത്തേണ്ട നടപടികളെക്കുറിച്ച്, അവർ സാമൂതിരിയും ചിറയ്ക്കൽ രാജാവുമുൾപ്പെടെ എല്ലാ രാജാക്ക ന്മാരുമായി കൂടിയാലോചന നടത്തി. രാജാക്കന്മാർ കമ്പനിയുടെ നിയന്ത്രണത്തിനു വിധേയമായി അതതു നാടുകൾ ഭരിച്ചുകൊള്ളണമെന്നും അവർ ഓരോ നിശ്ചിതതുക കമ്പനിക്കു കൊടുത്തുകൊള്ളണമെന്നും വ്യവസ്ഥ ചെയ്തു. ഇങ്ങനെ രാജാക്കന്മാരുമായി ചെയ്ത കരാറ് ഒരു വർഷത്തേക്കു മാത്രമായിരുന്നു. അതി നുശേഷം ഓരോ അഞ്ചുവർഷത്തേക്കും അതു പുതുക്കിക്കൊടുത്തുകൊള്ളാമെന്നായിരുന്നു ധാരണ.

1792 ഡിസംബറിൽ നേരത്തെ പറഞ്ഞ രണ്ടു കമ്മീഷണർമാർക്കു പുറമേ ജൊനാഥൻ ഡങ്കനും ചാൾസ് ബൊഡ്ഡാമുംകൂടി നിയമിതരായി. ഈ ‘ജോയിന്റ് കമ്മീഷണർമാർ’ മലബാറിനുവേണ്ടിയുള്ള ഒരു പുതിയ ഭരണസമ്പ്രദായത്തിനു രൂപംകൊടുത്തു. അവർ കുരുമുളകുകച്ചവടം മാത്രം കുത്തകയാക്കി. മറ്റെല്ലാ സാധനങ്ങളിലും സ്വതന്ത്രവാണിജ്യം പ്രഖ്യാപിച്ചു. അടിമക്കച്ചവടം നിരോധിച്ചുകൊണ്ട് 1792-ൽ ഒരു വിളം ബരം പ്രസിദ്ധപ്പെടുത്തി. അനന്തരം തദ്ദേശരാജാക്കന്മാരുടെ അവകാശങ്ങളിൽ തീർപ്പു കല്പിച്ചും കമ്പിനിയു മായുള്ള ബന്ധത്തിൽ അവരുടെ സ്ഥിരപദവി നിർണ്ണയിച്ചും അവരിൽ ഓരോരുത്തരുമായി ജോയിന്റ് കമ്മീഷ ണർമാർ കരാറുണ്ടാക്കി. വിഭിന്ന രാജാക്കന്മാർക്കു നൽകേണ്ട മാലിഖാനെക്കുറിച്ചും കക്ഷികൾക്ക് തൃപ്തികര മായ രീതിയിൽ കാലക്രമത്തിൽ തീരുമാനമായി.

1793 മാർച്ച് 30-ാം തീയതി ഭരണസൗകര്യം മുൻനിർത്തി മലബാർ വടക്കേ മലബാറെന്നും തെക്കേ മല ബാറെന്നും രണ്ടായി വിഭജിക്കപ്പെട്ടു. യഥാക്രമം തലശ്ശേരിയും ചെർപ്പുളശ്ശേരിയുമായിരുന്നു ആസ്ഥാനങ്ങൾ. ഓരോ വിഭാഗവും ഓരോ സൂപ്രണ്ടിന്റെ കീഴിലായിരുന്നു. ഇരു വിഭാഗങ്ങൾക്കുമായി കോഴിക്കോട് തലസ്ഥാ നമാക്കിക്കൊണ്ട് ഒരു സൂപ്പർവൈസർ ചീഫ് മജിസ്ട്രേട്ട് നിയമിതനായി. അദ്ദേഹത്തിനായിരുന്നു സൂപ്രണ്ടുമാ രുടെ പൊതുമേൽനോട്ടം. അവസാനത്തെ സൂപ്പർവൈസറായിരുന്ന ജെയിംസ് സ്റ്റീവൻസിനെതിരായി സാമൂ തിരി സമർപ്പിച്ച പരാതികളെക്കുറിച്ചന്വേഷിക്കാൻ നിയുക്തനായ കമ്മീഷൻ 1796-ൽ ആ തസ്തികയുടെ ചുമത ലകൂടി ഏറ്റെടുത്തു. 1800 മെയ് 20-ാം തീയതി മലബാർ ബോംബെപ്രാവിശ്യയിൽനിന്നു വിടർത്തി മദിരാശിപ്ര വിശ്യയിൽ ചേർത്തതോടുകൂടി കമ്മീഷൻ പിരിച്ചുവിടപ്പെട്ടു. 1801 ഒക്ടോബർ ഒന്നാംതീയതി പ്രിൻസിപ്പൽ കളക്ടർ മേജർ മക്ലോയ്ഡ് മലബാർ ജില്ലയുടെ ഭരണം ഏറ്റെടുത്തു.

### കൊച്ചി, തിരുവിതാംകൂർ എന്നീ രാജ്യങ്ങളുമായുള്ള ഉടമ്പടികൾ

കൊച്ചിയിലെയും തിരുവിതാംകൂറിലെയും രാജാക്കന്മാരുമായി കമ്പനി പുതിയ ഉടമ്പടികളുണ്ടാക്കി. 1791-ൽ കമ്പനിയുമായി ചെത് ഒരു ഉടമ്പടിയിൽ കൊച്ചീരാജാവ് ഇംഗ്ലീഷുകാരുടെ സാമന്തനാകാമെന്നും ആണ്ടുതോറും കപ്പം കൊടുക്കാമെന്നും സമ്മതിച്ചു. ടിപ്പു കീഴടക്കിയ കൊച്ചിപ്രദേശങ്ങൾ തിരിച്ചുകിട്ടാൻ രാജാവിനെ സഹായിക്കാമെന്ന് കമ്പനി ഉറപ്പുകൊടുത്തു. കമ്പനിയുടെ നിർദ്ദേശമനുസരിച്ചു വേണമായിരുന്നു അദ്ദേഹം ആ പ്രദേശങ്ങൾ ഭരിക്കേണ്ടത്. വിശ്വസ്തനായ ഒരു ബന്ധുവിനു നൽകേണ്ട എല്ലാസംരക്ഷണവും കൊച്ചീരാജാവിനു നൽകാമെന്നും ബ്രിട്ടീഷുകാർ വാഗ്ദാനം ചെയ്തു. 1800-ൽ കൊച്ചി മദിരാശി ഗവൺമെന്റിന്റെ നിയന്ത്രണത്തിലാക്കപ്പെട്ടു. അങ്ങനെ കൊച്ചീരാജ്യം ഇംഗ്ലീഷുകാരുടെ രാഷ്ട്രീയനിയന്ത്രണത്തിലായി.

തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം യുദ്ധത്തിന്റെ മുഴുവൻ ചെലവും തിരുവിതാംകൂർ രാജാവ് വഹിക്കണമെന്ന് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ആവശ്യപ്പെട്ടു. രാജാവ് കോൺവാലീസ് പ്രഭുവിന്റെ മുമ്പാകെ പരാതി ബോധിപ്പിച്ചു. അദ്ദേഹം എല്ലാകാര്യവും അനുഭാവപൂർവ്വം പരിഗണിക്കുകയുണ്ടായി. തിരുവിതാംകൂറും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയും തമ്മിൽ 1795-ൽ ഔപചാരികമായി ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു. ഈ ഉടമ്പടിയനുസരിച്ച് തിരുവിതാംകൂർ രാജാവ് ബ്രിട്ടീഷ്മേൽക്കോയ്മ അംഗീകരിക്കുകയും ബ്രിട്ടീഷുകാർ വെളിയിൽനിന്നുണ്ടാകുന്ന ആക്രമണങ്ങൾക്കെതിരെ തിരുവിതാംകൂറിനെ സഹായിക്കാമെന്നു വാക്കുകൊടുക്കുകയും ചെയ്തു. കേണൽ മെക്കാളെ തിരുവിതാംകൂറിലെ റസിഡന്റായി നിയമിക്കപ്പെട്ടു. 1805-ൽ ഇംഗ്ലീഷുകാരും തിരുവിതാംകൂറും സൗഹൃദത്തിന്റെയും മൈത്രിയുടെയും അടിസ്ഥാനത്തിൽ ഒരു പുതിയ ഉടമ്പടിയിൽ ഒപ്പുവെച്ചു. ഈ ഉടമ്പടിയനുസരിച്ച് തിരുവിതാംകൂർ ഇംഗ്ലീഷുകാരുടെ സംരക്ഷണം സ്വീകരിച്ചുകൊണ്ട് അവരുടെ ഒരു വിധേയമിത്രമായി. തിരുവിതാംകൂർ പ്രതിവർഷം കൊടുക്കേണ്ട കപ്പം എട്ടു ലക്ഷം രൂപയായി ക്ലിപ്തപ്പെടുത്തുകയും ചെയ്തു. തിരുവിതാംകൂറിന്റെ ആഭ്യന്തരകാര്യങ്ങളിൽ മാത്സര്യമോ കലാപമോ ഉണ്ടാവുകയാണെങ്കിൽ ഇടപെടാനുള്ള വ്യക്തമായ അധികാരം ഈ ഉടമ്പടി ഇംഗ്ലീഷുകാർക്കു നൽകി. രാജ്യത്തിന്റെ ആഭ്യന്തരഭരണത്തിൽ ഇംഗ്ലീഷുകാർ കൊടുക്കുന്ന ഏതുപദേശവും സ്വീകരിച്ചുകൊള്ളാമെന്നും രാജാവു സമ്മതിച്ചു. വേലുത്തമ്പി കൂടിയാലോചന നടത്തി രൂപപ്പെടുത്തിയ 1805-ലെ ഈ ഉടമ്പടി തിരുവിതാംകൂറിന്റെ രാഷ്ട്രീയസ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നതിനിടയാക്കി.

ഇങ്ങനെ ടിപ്പുവിന്റെ തിരോധാനത്തിനുശേഷം ഒന്നോ രണ്ടോ ദശാബ്ദങ്ങൾക്കുള്ളിൽ കേരളം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലായി.

### ബ്രിട്ടീഷാധിപത്യത്തെ വെല്ലുവിളിക്കുന്നു

കേരളത്തിൽ വിഭിന്നമേഖലകളിൽ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കപ്പെട്ടത് കഠിനമായ എതിർപ്പുകളെ നേരിടാതെയായിരുന്നില്ല. ജനങ്ങളിൽ ദേശാഭിമാനികളായവർ ആ ആധിപത്യസ്ഥാപനത്തെ വെല്ലുവിളിച്ചു. 18-ാം ശതകത്തിന്റെ അവസാനവർഷങ്ങളിലും 19-ാം ശതകത്തിന്റെ ആദ്യദശകങ്ങൾ ബ്രിട്ടീഷ്അധികാരത്തെ തട്ടിത്തെറിപ്പിക്കാൻ സംഘടിതയത്നങ്ങൾ നടക്കുകയുണ്ടായി. ആധുനികകേരളത്തിലെ മലബാറും തിരുവിതാംകൂറും കൊച്ചിയും ആ ആദ്യകാലസ്വാതന്ത്ര്യസമരങ്ങളിൽ പങ്കെടുത്തു.

### ഒന്നാമത്തെ പഴശ്ശിവിപ്ലവം (1793–1797)

കോട്ടയം രാജാകുടുംബത്തിലെ കേളവർമ്മ പഴശ്ശിരാജാവ് മലബാറിലെ ബ്രിട്ടീഷുകാർക്കെതിരായി പൂർവ്വാധികം രൂക്ഷമായ പ്രക്ഷോഭണങ്ങൾ സംഘടിപ്പിച്ചു. 1793-നും 1797-നും ഇടയ്ക്ക് അദ്ദേഹം സംഘടിപ്പിച്ച ഒന്നാമത്തെ പ്രക്ഷോഭണത്തിന്റെ പ്രധാനകാരണം ബ്രിട്ടീഷുകാരുടെ തെറ്റായ നികുതിനയമായിരുന്നു.

മൈസൂർ ഭരണാധികാരികൾ ഉദ്യോഗസ്ഥന്മാർ മുഖേന കൃഷിക്കാരിൽനിന്നു നേരിട്ടാണ് നികുതിപിരിച്ചിരുന്നത്. ബ്രിട്ടീഷുകാർ ഈ നയം മാറ്റുകയും അതതു നാടുകളിലെ രാജാക്കന്മാരിൽനിന്ന് മൊത്തം തുകകളായി നികുതി ഈടാക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ആണ്ടുതോറുമായിരുന്ന പാട്ടം 1794–ൽ അയ്യാണ്ടുപാട്ടമായി പുതുക്കി. ജനങ്ങൾ സംഘടിതരായി എതിർക്കുകയാൽ നികുതിപിരിക്കുന്നതിൽ രാജാക്കന്മാർ പരാജയപ്പെട്ടു. തീരെ മയമില്ലാത്ത മട്ടിലാണ് തുക നിശ്ചയിച്ചിരുന്നത്. അത് അടച്ചുതീർക്കാൻ ജനങ്ങൾക്കു കഴിവില്ലായിരുന്നു. നിർബന്ധിച്ചു കരം ഈടാക്കുന്നത് ജനങ്ങൾ എതിർത്തു. ഇങ്ങനെ അവർ ബ്രിട്ടീഷ് ഭരണാധികാരത്തെ വെല്ലുവിളിച്ചു. എല്ലാ നാടുകളിലെയും പൊതുസ്വഭാവം ഇതായിരിക്കെ, കോട്ടയത്തിന്റെ പരാതിക്ക് മറ്റൊരു കാരണംകൂടിയുണ്ടായി. കോട്ടയം രാജകുടുംബത്തിലെ ഇളയരാജാവായ കേരളവർമ്മ ടിപ്പുവിനെതിരായ യുദ്ധങ്ങളിൽ ഇംഗ്ലീഷുകാരെ സഹായിച്ചിരുന്നു. എന്നാൽ ടിപ്പു പിൻവാങ്ങിയപ്പോൾ കമ്പനിയുടെ ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തെ അവഗണിക്കുകയും മാതുലനായ കുറുമ്പ്രനാട്ടുരാജാവിന് 1793–ൽ കോട്ടയംപ്രദേശം പാട്ടത്തിനു കൊടുക്കുകയും ചെയ്തു. കേരളവർമ്മയോടു നിർവ്യാജമായ സ്നേഹബഹുമാനങ്ങളുണ്ടായിരുന്ന കോട്ടയത്തെ ജനങ്ങൾ ഇംഗ്ലീഷുകാരുടെ ഈ നടപടിയിൽ കോപാവിഷ്ടരായി.

കമ്പനി ചെയ്തുവെച്ച ഏർപ്പാടുകളെ പഴശ്ശിരാജാവ് എതിർക്കുകയും കമ്പനിക്കും തന്റെ അമ്മാവനുമെതിരായി പ്രക്ഷോഭണത്തിന്റെ കൊടിക്കൂറ ഉയർത്തുകയും ചെയ്തു. കോട്ടയത്തെ എല്ലാ നികുതിസംഭരണവും അദ്ദേഹം നിർത്തിവയ്പിച്ചു. 'എല്ലാ രാജാക്കന്മാരിലുംവച്ച് ഏറ്റവും ദുരാദർശനും ഏറ്റവും അന്യായക്കാരനും' ആയിട്ടാണ് കമ്മീണർമാർ പഴശ്ശിരാജാവിനെ കണക്കാക്കിയത്. അദ്ദേഹത്തെ ചൊല്പടിയിൽ കൊണ്ടുവരാൻ അവർ എല്ലാ അടവുകളും പ്രയോഗിച്ചു. പക്ഷേ, രാജാവ് ആ രാജ്യത്തു തികച്ചും ജനപ്രിയനായതുകൊണ്ട്, നികുതിപിരിവ് ഒരു വർഷത്തേക്കു നിർത്തിവയ്ക്കാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായി. ഇതിനിടയിൽ കമ്മീഷണർമാർ പഴശ്ശിരാജാവിനെ പരസ്യമായി അവഗണിച്ചുകൊണ്ട് കുറുമ്പ്രനാട്ടുരാജാവിന്റെ പാട്ടം അഞ്ചുവർഷത്തേക്കും പുതുക്കിക്കൊടുത്തു. തൽഫലമായി പ്രക്ഷോഭണം അക്രമാസക്തമായി.

1795 ജൂൺ 28–ാം തീയതി പഴശ്ശിരാജാവ് എല്ലാ നികുതിപിരിവും നിർത്തിവയ്പിച്ചുകൊണ്ട് ബ്രിട്ടീഷ് അധികാരത്തെ പരസ്യമായി വെല്ലുവിളിച്ചു. കലാപകാരിയെന്ന് സൂപ്പർവൈസർ പ്രഖ്യാപിച്ച ഇരുവഴിനാടു നമ്പ്യാർമാരിലൊരാൾക്ക് അദ്ദേഹം അഭയം നൽകി. ഇക്കാലത്ത് ഒരു ചെട്ടിയുടെ വീട് കൊള്ളയടിച്ച രണ്ടു മാപ്പിളമാരെ രാജാവ് മരണശിക്ഷയ്ക്കു വിധിക്കുകയാൽ അദ്ദേഹത്തെ കൊലക്കുറ്റം ചുമത്തി ബന്ധനത്തിലാക്കാൻ കമ്പനിയുടെ ഉദ്യോഗസ്ഥന്മാർ കല്പന പുറപ്പെടുവിച്ചു. ആ കല്പന നടപ്പാക്കുന്നതിൽ അവർ പരാജയപ്പെടുകയാണുണ്ടായത്. കുറുമ്പ്രനാട്ടിലെ നികുതിപിരിവുകാരെ സഹായിക്കാൻ കമ്പനി 1795–ൽ കോട്ടയം കമ്പോളത്തിലും മണത്തണയിലും പട്ടാളക്കാരെ നിയോഗിച്ചു. പക്ഷേ, പഴശ്ശിരാജാവിന്റെ സമർത്ഥനായ അടവുകളാൽ നികുതിപിരിവുനടന്നില്ല. 1795 ഏപ്രിലിൽ ലഫ്റ്റനന്റ് ഗോർഡന്റ് കീഴിൽ ബ്രിട്ടീഷ് പട്ടാളം രാജാവിനെ അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ വച്ചു പിടികൂടുവാൻ ഒരു ശ്രമം നടത്തി. പക്ഷേ, കൊട്ടാരത്തിനുള്ളിൽ കടന്നപ്പോഴേക്ക് 'പക്ഷി പറന്നുപോയിരുന്നു' അവർ കൊട്ടാരം കൊള്ളയടിച്ച് വിലപ്പെട്ട സാധനങ്ങളെല്ലാം എടുത്തുകൊണ്ടുപോയി.

പഴശ്ശിരാജാവ് വയനാടൻ മലകളിലേക്കു പിൻവാങ്ങി ഒളിപ്പോരിൽ ഏർപ്പെട്ടു. 1796 ജൂണിൽ കുറ്റിയാടിയിലൂടെയുള്ള എല്ലാ ഗതാഗതവും അദ്ദേഹം നിർത്തിച്ചു. ബ്രിട്ടീഷുകാർ ഇപ്പോൾ രാജാവുമായി കൂടിയാലോചന നടത്തുകയും പഴശ്ശിയിലെ കൊട്ടാരത്തിലേക്കു മടങ്ങിവരാൻ അദ്ദേഹത്തെ അനുവദിക്കുകയും ചെയ്തു. എന്നാൽ കമ്പനിയുടെ ഉദ്യോഗസ്ഥന്മാരും രാജാവും തമ്മിൽ പുതിയ തെറ്റിദ്ധാരണകളുണ്ടായി. അദ്ദേഹം തന്റെ അനുയായികളൊത്ത് വീണ്ടും വയനാട്ടിലെ വനങ്ങളിലേക്കു പിന്മാറി. ജനങ്ങളെ പഴശ്ശിരാജാവുമായി സഹകരിക്കുന്നതിൽനിന്നു നിരോധിച്ചുകൊണ്ട് ബ്രിട്ടീഷ് കമ്മീഷണർമാർ 1795 ഡിസംബർ 18–ാം തീയതി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ഇതിനകം രാജാവ് അതിർത്തിക്കപ്പുറത്തുള്ള ടിപ്പുവിന്റെ ആളുക

ളുമായി ബന്ധം പുലർത്തി, വയനാട്ടിൽനിന്ന് ഇംഗ്ലീഷുകാരെ തുരുത്തുന്നിൽ മൈസൂറിന്റെ സഹായം തേടി. കുറുമ്പ്രനാട്ടുരാജാവിന്റെ ചില ആളുകളും കലാപകാരികളുടെ ഭാഗത്തുചേർന്നു. 1797 ജനുവരിയിൽ സമരങ്ങളുടെ ഒരു പരമ്പരതന്നെ നടക്കുകയുണ്ടായി. ഒട്ടധികം ഇംഗ്ലീഷുകാർക്കു ജീവഹാനി നേരിട്ടു. ബ്രിട്ടീഷ് സേനാവിഭാഗങ്ങൾ വയനാട്ടിൽനിന്നു സമതലപ്രദേശത്തേക്കു പിൻവാങ്ങാൻ നിർബന്ധിതരായി.

1797 മാർച്ചിൽ ഒരു ബ്രിട്ടീഷ്സൈന്യം കേണൽ ഡോവിന്റെ നേതൃത്വത്തിൽ എതിർപ്പൊന്നും നേരിടാതെ പേരിയചൂരംവരെ എത്തി. ലഫ്റ്റനന്റ് മീലിയുടെ കീഴിൽ മറ്റൊരു വിഭാഗം അദ്ദേഹത്തോടു ചേർന്നു. മാർച്ച് 9 തൊട്ടു മൂന്നുദിവസം തുടർച്ചയായി നടന്ന യുദ്ധത്തിൽ, പഴശ്ശിരാജാവിന്റെ പതാകയ്ക്കു കീഴിൽ ആയിരക്കണക്കിനണിനിരന്ന നയാന്മാരും കുറിച്ചിയരും ബ്രിട്ടീഷ് സേനകളെ തളർത്തിക്കളഞ്ഞു. വയനാട്ടിൽനിന്നു തന്റെ സൈന്യത്തെ പിൻവലിക്കാൻ കേണൽ ഡോ തീരുമാനിച്ചു. മടങ്ങുംവഴി അവരെ പഴശ്ശിസൈന്യങ്ങൾ ആക്രമിച്ചു. 1797 മാർച്ച് 18-ാം തീയതി, മേജർ കാമറോണിന്റെ കീഴിൽ പേരിയചൂരം വഴി കടന്നുപോവുകയായിരുന്ന 1100 പേരടങ്ങിയ ഒരു സൈന്യത്തെ പഴശ്ശിപ്പട അപ്രതീക്ഷിതമായി ചാടിവീണ് ഛിന്നഭിന്നമാക്കിക്കളഞ്ഞു. ബ്രിട്ടീഷുകാർക്ക് അതൊരു പരീക്ഷണഘട്ടമായിരുന്നു. പഴശ്ശിരാജാവുമായുള്ള സന്ധി അവർക്ക് രാഷ്ട്രീയമായ ഒരു അടിയന്തരകാര്യമായിത്തീരുകയുണ്ടായി. ബോംബെ ഗവർണർ ജൊനാഥൻ ഡങ്കൻ മലബാറിൽവന്ന് രാജാവുമായി അനുരഞ്ജനത്തിനു കളമൊരുക്കി. കുറുമ്പ്രനാട്ടുരാജാവുമായുണ്ടായിരുന്ന കരാറ് റദ്ദു ചെയ്തു. ചിറയ്ക്കൽ രാജാവിന്റെ മദ്ധ്യസ്ഥതയിൽ കലാപത്തിന് ഒരറുതിയുണ്ടായി. പഴശ്ശിരാജാവ് ആണ്ടുതോറും 8,000 രൂപ അടുത്തൂൺ സ്വീകരിക്കുകയും കമ്പനിയുമായി സമാധാനത്തിൽ കഴിയാമെന്നു സമ്മതിക്കുകയും ചെയ്തു.

## രണ്ടാമത്തെ പഴശ്ശിവിപ്ലവം (1800-1805)

1797-ൽ ഇംഗ്ലീഷുകാരും പഴശ്ശിരാജാവും തമ്മിലുണ്ടായ താൽക്കാലികസന്ധി ഏറെക്കാലത്തേക്കു നിലനിന്നില്ല. 1800-ൽ രാജാവു വീണ്ടും ബ്രിട്ടീഷധികാരത്തിനെതിരായി പ്രക്ഷോഭണം കൂട്ടി. 1799-ൽ ശ്രീരംഗപട്ടണത്തിന്റെ പതനത്തെക്കുടർന്നുണ്ടായ ഉടമ്പടിയനുസരിച്ച് ടിപ്പുസുൽത്താൽ ഇംഗ്ലീഷുകാർക്കു വിട്ടുകൊടുത്ത വയനാട് അവർ കൈവശമാക്കാൻ ശ്രമിച്ചതാണ് ഈ പ്രക്ഷോഭമത്തിന്റെ അടിയന്തരകാരണം. പഴശ്ശിരാജാവ് വയനാട് സ്വന്തം ജില്ലയാണെന്ന് അവകാശപ്പെടുകയും വയനാടു പിടിച്ചെടുക്കാനുള്ള ബ്രിട്ടീഷുകാരുടെ നീക്കത്തെ എതിർക്കുകയും ചെയ്തു. നായന്മാർ, കുറിച്ചിയർ, മാപ്പിളമാർ, വെളിയിൽനിന്നുള്ള മുസ്ലിങ്ങൾ എന്നിവരുടെ വലിയ സംഘങ്ങളെ ശേഖരിച്ച് ബ്രിട്ടീഷുകാർക്കെതിരായി സുശക്തമായ ഒരു സൈന്യത്തെ അദ്ദേഹം സംഘടിപ്പിച്ചു. കണ്ണവത്തു ശങ്കരൻനമ്പ്യാർ, കൈതോരി അമ്പുനായർ, കുറിച്ചിയരുടെ നേതാവായ തലയ്ക്കൽ ചന്തു എന്നീ സ്വാമിഭക്തരായ സേനാനായകന്മാരുടെ വിദഗ്ദ്ധസേവനം അദ്ദേഹത്തിന്റെ കൈകൾക്കു ബലം കൂട്ടി. ഒന്നാന്തരമൊരു സമരതന്ത്രജ്ഞനായിരുന്ന രാജാവുതന്നെ, വയനാട്ടിലെ വനാന്തരങ്ങളിൽ ഇംഗ്ലീഷുകാർക്കെതിരെ ഫലപ്രദമായി പടവെട്ടാൻ തന്റെ സൈന്യങ്ങൾക്ക് ഒളിപ്പോരിന്റെ അടവുകളിൽ വിശേഷപരിശീലനം നൽകി.

ഈ വെല്ലുവിളിയെ ഗൗരവബുദ്ധ്യാ നേരിടാനും ഇരുമ്പുമുഷ്ടികൊണ്ടു കലാപത്തെ അടിച്ചമർത്താനും ബ്രിട്ടീഷ് ഗവൺമെന്റ് തീരുമാനിച്ചു. മലബാറിലെയും തെക്കൻകാനറായിലെയും മൈസൂറിലെയും ബ്രിട്ടീഷ് പട്ടാളങ്ങളുടെ സർവ്വസൈന്യാധിപനായി 1800-ൽ സർ ആർതർ വെല്ലസ്ലി (പിൽക്കാലത്തെ വെല്ലിങ്ടൺ പ്രഭു) നിയമിതനായി. വെല്ലസ്സി തലശ്ശേരിയിൽവന്ന്, ശത്രുവിനെതിരായ സൈനികസമരതന്ത്രം ആസൂത്രണം ചെയ്തു. രാജാവിന്റെ ഒളിപ്പോരടവുകളെ നേരിടാനുള്ള എതിർനടപടിയെന്ന നിലയിൽ വെല്ലസ്ലി അനേകം റോഡുകൾ നിർമ്മിക്കുകയും സമതലപ്രദേശങ്ങളിൽ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പട്ടാളക്കാരുടെ കാവൽത്താവളങ്ങൾ ഉറപ്പിക്കുകയുമുണ്ടായി. ഒളിപ്പോരുകാരെ വേട്ടയാടാൻ ഈ താവളങ്ങളിൽനിന്നു

നാനാഭാഗങ്ങളിലേക്കും ചെറിയ സൈനികസംഘങ്ങളെ നിയോഗിക്കുക എന്നതായിരുന്നു വെല്ലസ്ലിയുടെ ലക്ഷ്യം.

1800 ജൂൺ-ജൂലൈ മാസങ്ങളിലെ മഴക്കാലത്ത് പഴശ്ശിരാജാവ് ആക്രമണങ്ങൾ ആരംഭിച്ചു. പഴശ്ശിപ്പട യാളികൾ സുഗന്ധദ്രവ്യങ്ങൾ കൃഷിചെയ്തിരുന്ന തോട്ടങ്ങളും ബ്രിട്ടീഷുകാരുടെ ചില പടത്താവളങ്ങളും ആക്രമിച്ചു. 1801 ആദ്യം കേണൽ സ്റ്റീവൻസൻ മൈസൂറിൽനിന്ന് ഒരു വലിയ സൈന്യവുമായി വയനാട്ടിൽ കടന്നു. മൈസൂർ അതിർത്തിതൊട്ട് താമരശ്ശേരിച്ചുരം വരെ കോട്ടകളുടെ ഒരു ശൃംഖല നിർമ്മിക്കുകയും കോഴിക്കോടുമായി ഗതാഗതബന്ധം പുലർത്തുകയും പഴശ്ശിരാജാവിനെ തെക്കേ മലബാറിലുള്ള അനുയായി കളിൽനിന്ന് ഒറ്റപ്പെടുത്തുകയും എന്നിട്ട് എല്ലാ ഭാഗങ്ങളിൽനിന്നും രാജാവിന്റെ പഴശ്ശിക്കൊട്ടാരം വളയുകയും ചെയ്യുക എന്നതായിരുന്നു കേണൽ സ്റ്റീവൻസിന്റെ ലക്ഷ്യം. തുടർന്നുണ്ടായ സമരങ്ങളിൽ ബ്രിട്ടീഷ് പട്ടാള ത്തിനു വലിയതോതിൽ ജയമുണ്ടായി. വയനാട്ടിലെ സമരതന്ത്രപ്രധാനമായ എല്ലാ സ്ഥലങ്ങളും അവർ പിടി ച്ചെടുത്തു. പത്നിയും ഏറ്റവും പ്രിയപ്പെട്ട അനുചരന്മാരുമായി വനാന്തരങ്ങളിൽ അലഞ്ഞുതിരിയേണ്ട ഒര വസ്ഥ പഴശ്ശിരാജാവിനു വന്നുചേർന്നു. അദ്ദേഹത്തിന്റെ അനുചരന്മാർ നായാടപ്പെടുകയും പ്രമുഖനേതാക്ക ന്മാരുമായ ചുഴലിനമ്പ്യാരും പെരുവയിൽനമ്പ്യാരും തടവുകാരാക്കപ്പെടുകയും ചെയ്തു. പെരുവയിൽന മ്പ്യാരെ ബ്രിട്ടീഷുകാർ കണ്ണവത്തുവച്ചു തൂക്കിക്കൊന്നു. പ്രക്ഷോഭണപ്രസ്ഥാനം തകർന്നുപോയെന്നും രാജാ വിന്റെ കീഴടക്കം അത്യാസന്നമായെന്നും തോന്നി.

1801 നവംബറിൽ ബ്രിട്ടീഷ് പടയാളികളുടെ ഒരു സംഘം ലഫ്റ്റനന്റ് എഡ്വോർഡിന്റെ നേതൃത്വത്തിൽ രാജാവിന്റെ ഒരു പ്രധാന സേനാനായകനായ കണ്ണവത്തു ശങ്കരൻനമ്പ്യാരെ തടവിൽപിടിച്ച്, കണ്ണുവത്തുള്ള അദ്ദേഹത്തിന്റെ വസതിക്കു തൊട്ടടുത്ത കുന്നിൻപുറത്തുവച്ചു തൂക്കിലിട്ടു. പഴശ്ശിപ്രക്ഷോഭണത്തിനു തീക്ഷ്ണമായ ഒരാഘാതമായിരുന്നു ഇത്. 1802 ജനുവരിയിൽ കളക്ടർ മേജർ മക്ലോയ്ഡ് ജില്ലയെ നിരായു ധീകരിച്ചു. ഈ സംഭവവികാസങ്ങളൊക്കെ ഉണ്ടായിട്ടും പ്രക്ഷോഭണം കെട്ടടങ്ങിയില്ല. 1802 ഒക്ടോബറിൽ പ്രക്ഷോഭണകാരികൾ എടച്ചേന കുങ്കൻനായരുടെയും തലയ്ക്കൽ ചന്തുവിന്റെയും നേതൃത്വത്തിൽ പനമരം കോട്ട പിടിച്ചെടുക്കുകയും അവിടെയുണ്ടായിരുന്ന 70 ഇംഗ്ലീഷ് സൈനികരെ വകവരുത്തുകയും ചെയ്തു. ഈ വിജയം പഴശ്ശിദേശാഭിമാനികളെ ആവേശഭരിതരാക്കി. അവർ ശക്തി സമ്പാദിച്ച് വടനാടൻ പ്രദേശങ്ങൾ മുഴുവൻ സ്വന്തം നിയന്ത്രണത്തിലാക്കി. എല്ലാ ഭാഗങ്ങളിൽനിന്നും ബ്രിട്ടീഷ് പട്ടാളങ്ങൾ വയനാട്ടിലേക്കു കുതിച്ചു. പ്രക്ഷോഭകർ സുരക്ഷിതത്വം കരുതി വനാന്തർഭാഗങ്ങളിലേക്കു വീണ്ടും മടങ്ങിപ്പോയി.

ഇതിനിടയിൽ മേജർ മക്ലോയഡ് ഭൂനികുതിയുടെ നിരക്കു വർദ്ധിപ്പിച്ചും വിനിമയത്തിന്റെ പട്ടിക പരി ഷ്കരിച്ചും ജനങ്ങളെ മുഴുൻ അപ്രീതരാക്കി. തുടർന്ന് ഒരു ജനകീയമുന്നേറ്റമുണ്ടായി. ഈ സന്ദർഭമുപയോ ഗിച്ച് പഴശ്ശിപ്പടയാളികൾ തങ്ങളുടെ ഒളിത്താവളങ്ങളിൽനിന്നു പുറത്തുവരികയും സമതലത്തിലെ ജനങ്ങ ളുടെ പ്രക്ഷോഭണത്തിൽ പങ്കുചേരുകയും ചെയ്തു. കണ്ണൂർ, ധർമ്മടംദ്വീപ് മുതലായ പ്രദേശങ്ങളിൽപ്പോലും രൂക്ഷമായ സംഘട്ടനങ്ങളുണ്ടായി. പഴശ്ശിസൈനികർ അഞ്ചരക്കണ്ടിയിലെ സുഗന്ധദ്രവ്യക്കൃഷിത്തോട്ടങ്ങൾ നശിപ്പിച്ചു. വയനാട്ടിലെ ബ്രിട്ടീഷ് പട്ടാളങ്ങളുടെ സ്ഥിതി വളരെ കഷ്ടത്തിലായിരുന്നു. അവരിൽ ഒട്ടേറെ പ്പേർക്ക് മലമ്പനി പിടിപെട്ടു. രാജ്യത്തിന്റെ വിവിധഭാഗങ്ങളിലുള്ള പഴശ്ശിപ്പോരാളികളുടെ ചെറിയ സംഘ ങ്ങളെ നേരിടാൻ കോൽക്കാർ എന്ന പേരിൽ 1200 പോലീസുകാരുടെ ഒരു ചെറിയ സംഘത്തെ സംഘടിപ്പി ച്ചു.

## പഴശ്ശിരാജാവിന്റെ ജീവാർപ്പണം

യുവാവും ഉത്സാഹശാലിയുമായ തോമസ് ഹാർവേ ബാബർ എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ 1804 ആദ്യം തലശ്ശേരിയിലെ സബ്കളക്ടറായി വന്നു. പഴശ്ശിവിപ്ലവം അടിച്ചമർത്താനുള്ള ചുമതല അദ്ദേഹത്തിൽ നിക്ഷിപ്തമായി. ചിറയ്ക്കൽ പ്രദേശത്തു പല പ്രാദേശിക കലാപങ്ങളും കോൽക്കരുടെ സഹായത്തോടുകൂടി

അദ്ദേഹം അടിച്ചമർത്തി. 1804 ഏപ്രിലിൽ ബാബർ ഒരു പുതിയ നയത്തിനു രൂപംകൊടുത്തു. ഓരോ പ്രദേശത്തും താമസിക്കുന്ന ജനങ്ങൾക്കു വിപ്ലവകാരികളുടെ നിസ്സഹരിക്കാനുള്ള ഉത്തരവാദിത്വമുണ്ടെന്നും വിപ്ലവാരികളുടെ നീക്കങ്ങളെക്കുറിച്ച് അവർ വിവരം നൽകേണ്ടതായി വന്നു. മദിരാശിസൈന്യം കേണൽ മക്ലോയ്ഡിന്റെ നേതൃത്വത്തിൽ അവരെ വനങ്ങളിലേക്കു പിന്തുടരുകയും എല്ലാ എതിർപ്പുകളും തകർക്കുകയും ചെയ്തു. പഴശ്ശിരാജാവിനെയും അദ്ദേഹത്തിന്റെ സേനാനായകന്മാരെയും പിടിച്ചുകൊടുക്കുന്നവർക്ക് സമ്മാനം വാഗ്ദാനം ചെയ്തുകൊണ്ട് ജൂൺ 16-ാം തീയതി ഒരു വിളംബരമുണ്ടായി. ഈ വിളംബരത്തെത്തുടർന്ന് കോൽക്കർ വിപ്ലവകാരികളെ പിടിക്കാനും ജനക്ഷോഭത്തെ ഇല്ലായ്മചെയ്യാനുമുള്ള യത്നങ്ങളിൽ ഏർപ്പെട്ടു. പഴശ്ശിപ്പടയും കോൽക്കരും തമ്മിൽ പല ഏറ്റുമുട്ടലുകളും ഉണ്ടായി. ആ സമരങ്ങളിലൊന്നിൽ തലയ്ക്കൽ ചന്തു തടവുകാരനാക്കപ്പെട്ടു.

ബ്രിട്ടീഷുകാർ പഴശ്ശിരാജാവിന്റെ വനസങ്കേതത്തിനു കർശനമായ നിരോധം ഏർപ്പെടുത്തി. ബാബർ കൊടുംവനങ്ങളിൽ രാജാവിനെയും അനുയായികളെയും അനുധാവനം ചെയ്തു. 1805 നവംബർ 30-ാം തീയതി രാജാവ് വെടിയേറ്റ് മൃതിപ്പെട്ടു. അദ്ദേഹത്തിന്റെ സേനാനായകന്മാരിൽ നാലുപേർ വധിക്കപ്പെടുകയും രണ്ടുപേർ തടുവാകാരായി പിടിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ സഹധർമ്മിണിയെയും അനേകം പരിചാരികമാരെയും ബ്രിട്ടീഷുകാർ ബന്ധനത്തിലാക്കി. ബാബർ രാജാവിന്റെ ശവശരീരം അദ്ദേഹത്തിന്റെ തന്നെ പല്ലക്കിൽ മാനന്തവാടിയിൽ കൊണ്ടുവന്ന്, 'ആചാരപ്രകാരമുള്ള ബഹുമതികളോടെ' സംസ്കരിച്ചു. 'കലാപകാരികയാണെങ്കിലും അദ്ദേഹം ഈ രാജ്യത്തെ മുറപ്രകാരമുള്ള ഒരു നാടുവാഴിയാണ്; ഒരു പരാജിത ശത്രുവെന്നതിനെക്കാൾ ആ നിലയിൽവേണം അദ്ദേഹത്തെ കണക്കാക്കാൻ' ബാബർ 1805 ഡിസംബർ 31-ാം തീയതി മലബാറിലെ പ്രിൻസിപ്പൽ കളക്ടർക്ക് എഴുതിയ കത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. പ്രക്ഷോഭണപ്രസ്ഥാനത്തിനു നേരിട്ട തകർച്ചയുടെ പ്രതീകമായിരുന്നു പഴശ്ശിരാജാവിന്റെ മരണം. മറ്റു നേതാക്കന്മാർ ആത്മഹത്യചെയ്യുകയോ പടവെട്ടി മരിക്കുകയോ നാടുവിട്ടുപോവുകയോ ചെയ്തു.

ദേശീയവിമോചനത്തിനുവേണ്ടിയുള്ള ഒരു ജനകീയപ്രക്ഷോഭണമോ ജനകീയയുദ്ധമോ ആയിരുന്നു യഥാർത്ഥത്തിൽ പഴശ്ശിവിപ്ലവം. ജാതിയോ മതമോ നോക്കാതെ എല്ലാ വർഗ്ഗങ്ങളിലുംപെട്ട ജനങ്ങൾ അതിൽ പങ്കെടുത്തു. 'അസാധാരണനും അതുല്യനുമായ ഒരു വിശിഷ്ടവ്യക്തിയാണ്' രാജാവെന്ന് ടി.എച്ച്. ബാബർതന്നെ രേഖപ്പെടുത്തുകയും അദ്ദേഹത്തിനു ജനങ്ങളുടെ മേലുണ്ടായിരുന്ന അത്ഭുതകരമായ സ്വാധീനശക്തിയെ പ്രശംസിക്കയും ചെയ്തിട്ടുണ്ട്. ബാബർ പറയുന്നു; 'മരണത്തിനുപോലും മായ്ക്കുവാനാകാത്ത ആരാധനാസ്പർശിയായ സ്നേഹാദരങ്ങളോടെ ജനങ്ങൾ വീക്ഷിച്ചിരുന്ന പഴശ്ശിരാജാവിന്റെ കാര്യത്തിൽ എല്ലാ വർഗ്ഗത്തിൽപ്പെട്ടവർക്കും സുസ്ഥിരതാൽപ്പര്യമുണ്ടായിരുന്നതായി ഞാൻ കണ്ടു.' രാജ്യത്തുനിന്ന് ബ്രിട്ടീഷുകാരെ പുറംതള്ളുകയെന്ന ലക്ഷ്യത്തിലെത്തിച്ചേരുന്നതിൽ പരാജയം സംഭവിച്ചെങ്കിലും സ്വാതന്ത്ര്യത്തിനു വേണ്ടി അദ്ദേഹം കൈവരിച്ച രക്തസാക്ഷിത്വം ആ ജീവിതത്തിൽ അനുപമമായ ഒരു പരിവേഷമണിയിക്കുകയും ആ മഹാനായ രാജാവിന് അദ്ദേഹത്തിന്റെ രാജ്യക്കാരുടെ ഹൃദയങ്ങളിൽ അനശ്വരസ്ഥാനം സമ്പാദിച്ചുകൊടുക്കുകയും ചെയ്തു.

### വേലുത്തമ്പിയും പാലിയത്തച്ചനും നടത്തിയ സമരം

വടക്കേമലബാറിലെ പഴശ്ശിവിപ്ലവം അടിച്ചമർത്തപ്പെട്ടതിനുശേഷം, ബ്രിട്ടീഷ് അധികാരത്തിനെതിരായി മറ്റൊരു വലിയ വെല്ലുവിളി തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽനിന്നും ഉയർന്നുവന്നു. അതതു രാജ്യങ്ങളിലെ പ്രധാന മന്ത്രിമാരായ വേലുത്തമ്പിദളവായും പാലിയത്തച്ചനുമായിരുന്നു ഈ കലാപത്തിന്റെ നേതാക്കൾ. തിരുവിതാംകൂറിലെ ഉദ്യോഗദുഷ്പ്രഭുത്വത്തിനെതിരെ വിജയകരമായ ഒരു ജനകീയപ്രക്ഷോഭണം നയിച്ച്, ജനകീയാവശ്യങ്ങൾക്കു കീഴ്വഴങ്ങാൻ രാജകീയകരങ്ങളെ നിർബന്ധിതമാക്കിയതിനുശേഷമാണ് വേലു

ത്തമ്പി തിരുവിതാംകൂറിന്റെ ദളവാപദത്തിലേക്കുയർന്നത്. 1805-ൽ തിരുവിതാംകൂർ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുമായി ഉടമ്പടിയുണ്ടാക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കു വഹിച്ചു. ഈ ഉടമ്പടി രൂപം കൊള്ളുന്നതു വരെ ഇംഗ്ലീഷ് കമ്പനിയുമായും തിരുവിതാംകൂറിൽ അവരുടെ റസിഡന്റായിരുന്ന മെക്കാളെയുമായും വേലുത്തമ്പി സൗഹൃദപൂർവ്വമാണ് വർത്തിച്ചിരുന്നത്. അചിരേണ റസിഡന്റ് സംസ്ഥാനത്തിന്റെ ആഭ്യന്തരഭരണകാര്യങ്ങളിൽ സജീവമായി ഇടപെടുകയും ദളവായുമായി തെറ്റുകയും ചെയ്തു. തിരുവിതാംകൂർ ഖജനാവിലേക്കു ഭാരിച്ച നികുതി അടച്ചുതീർക്കാനുണ്ടായിരുന്ന മാത്തുതരകന്റെ വസ്തുക്കൾ ലേലം ചെയ്യാൻ ദളവാ പുറപ്പെടുവിച്ച ഉത്തരവ് കേണൽ മെക്കാളെ റദ്ദു ചെയ്തു. തിരുവിതാംകൂർ സർക്കാരിനു സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നപ്പോൾ കപ്പക്കുടിശ്ശിക ഉടൻതന്നെ അടച്ചുകൊള്ളണമെന്ന് റസിഡന്റ് ശാഠ്യം പിടിച്ചു. റസിഡന്റിന്റെ ഉദ്ധതമായ പെരുമാറ്റം ദളവായെ ചൊടിപ്പിക്കുകയും ഇംഗ്ലീഷുകാർക്കെതിരായി പ്രക്ഷോഭണം നയിക്കാനുള്ള നിർണ്ണായകമായ തീരുമാനം അദ്ദേഹം കൈക്കൊള്ളുകയും ചെയ്തു.

തിരുവിതാംകൂർ ദളവാ കൊച്ചിയിലെ പ്രധാനമന്ത്രിയായ പാലിയത്തച്ചനിൽ ഒരു സുഹൃത്തിനെയും ബന്ധുവിനെയും കണ്ടെത്തി. കൊച്ചിരാജ്യത്തിനു നഷ്ടപ്പെട്ട പ്രദേശങ്ങളെ സംബന്ധിച്ച് കമ്പനി കൈക്കൊണ്ട തീരുമാനം പ്രതികൂലമായിരുന്നതിനാൽ കൊച്ചിക്കു ബ്രിട്ടീഷുകാരോടു വിദ്വേഷമുണ്ടായിരുന്നു. ഇംഗ്ലീഷ് പ്രതിനിധികൾ കൊച്ചിയുടെ കാര്യങ്ങളിൽ ഇടപെടുകയും ഭരണത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്തു. പാലിയത്തച്ചനുമായി തെറ്റിപ്പിരിഞ്ഞ നടവരമ്പത്ത് കുഞ്ഞിക്കൃഷ്ണമേനോന് റസിഡന്റ് മെക്കാളെ അഭയം നൽകുകയുണ്ടായി. മേനോനെ വിട്ടുകൊടുക്കണമെന്ന് അച്ചൻ ആവശ്യപ്പെട്ടെങ്കിലും മെക്കാളെ അതു ചെവിക്കൊണ്ടില്ല. ആകയാൽ അച്ചൻ ഇംഗ്ലീഷുകാർക്കെതിരായി സമരം ചെയ്യുന്നതിൽ വേലുത്തമ്പിയുമായി പങ്കുചേർന്നു.

### കൊച്ചി ആക്രമിക്കപ്പെടുന്നു

രണ്ടു മന്ത്രിമാരും ചേർന്ന് ഒരു പൊതുപദ്ധതി തയ്യാറാക്കി. അവർ തങ്ങളുടെ രാജ്യങ്ങളിൽനിന്നു സൈനികസേവനത്തിന് ആളുകളെ ശേഖരിക്കുകയും അവർക്കു കാര്യക്ഷമമായ സൈനികപരിശീലനം നൽകുകയും ചെയ്തു. മോറിഷ്യസ്സിലെ ഫ്രഞ്ചുകാരുമായി അവർ ബന്ധം സ്ഥാപിച്ചു. കേരളത്തിൽനിന്നു ബ്രിട്ടീഷ്ശക്തിയെ നിഷ്കാസനം ചെയ്യുന്നതിൽ ഫ്രഞ്ചുകാരുടെ അവ്യക്തമായ ഒരുറപ്പും അവർക്കു കിട്ടി. അമേരിക്കക്കാരുമായിപ്പോലും വേലുത്തമ്പി ഇക്കാര്യത്തിൽ എഴുത്തുകുത്തുകൾ നടത്തിയിരുന്നതായി പറയപ്പെടുന്നു. കൊച്ചിയിലുണ്ടായ ഒരു സംഭവത്തോടുകൂടിയാണ് കലാപം ആരംഭിച്ചത്. പാലിയത്തച്ചനും വേലുത്തമ്പിയുടെ രണ്ടുദ്യോഗസ്ഥന്മാരും നയിച്ച 600 പടയാളികളുടെ ഒരു സൈന്യം 1808 ഡിസംബർ 18-ാം തീയതി റസിഡന്റിന്റെ കൊച്ചിയിലെ വസതി ആക്രമിച്ചു. മലബാറിൽനിന്നു പോഷകസേനയുമായി അപ്പോൾ വന്നുചേർന്ന ഒരു ബ്രിട്ടീഷ് കപ്പലിൽ മെക്കാളെയും അദ്ദേഹത്തിന്റെ സുഹൃത്ത് കുഞ്ഞിക്കൃഷ്ണമേനോനും രക്ഷപ്പെട്ടു. അതിനുശേഷം കലാപകാരികൾ കൊച്ചിയിലെ ജയിൽ തുറന്നു തടവുകാരെ സ്വതന്ത്രരാക്കി. 1809 ജനുവരി 19-ാം തീയതി, 3000 പടയാളികളുള്ള കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും സംയുക്തസൈന്യങ്ങൾ കൊച്ചി ആക്രമിച്ചു. പക്ഷേ, അവർ ഭാരിച്ച നഷ്ടത്തോടെ പിൻവാങ്ങുകയാണുണ്ടായത്.

### കുണ്ടറവിളംബരം

തിരുവിതാംകൂറിൽ പ്രക്ഷോഭണം പദ്ധതിയനുസരിച്ചു നടക്കുകയുണ്ടായി. പ്രക്ഷോഭണത്തിന്റെ ആദ്യദശയിൽത്തന്നെ വേലുത്തമ്പി ആലപ്പുഴനിന്നു കൊല്ലത്തേക്കു മാറിയിരുന്നു. ദളവാ ആലപ്പുഴനിന്ന് പോന്നതിനെത്തുടർന്ന്, അവിടെയുണ്ടായിരുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ വധിക്കപ്പെട്ടു. ദളവാ തന്റെ ആസ്ഥാനം കുണ്ടറയാക്കി. അവിടെവച്ച് അദ്ദേഹം ബ്രിട്ടീഷ് ഭരണത്തെ കഠിനമായെതിർത്തതുകൊണ്ടു വിദേശികൾക്കെതിരായ ദേശാഭിമാനോജ്ജ്വലമായ സമരത്തിൽ തന്റെ കൊടിക്കീഴിൽ അണിനിരക്കാൻ നാട്ടുകാരെ ആഹ്വാനം

ചെയ്തുകൊണ്ടും 1809 ജനുവരി 11-ാം തീയതി (984 മകരം 1) ചരിത്രപ്രസിദ്ധമായ തന്റെ വിളംബരം പ്രഖ്യാപിച്ചു. ദളവായുടെ ആഹ്വാനം ആവേശത്തോടുകൂടിയാണ് ജനങ്ങൾ സ്വീകരിച്ചത്. തുടർന്ന് കൊല്ലത്തുവച്ച് ഒരു ഗ്രസമരം നടന്നു. ആ സമരത്തിൽ ബ്രിട്ടീഷ്സൈന്യം ദളവായുടെ വസതി തകർക്കുകയും പ്രക്ഷോഭകാർക്ക് വമ്പിച്ച ആൾനാശമുണ്ടാക്കുകയും ചെയ്തു. ഇതു ദളവായുടെ സൈന്യത്തിന്റെ വീര്യം കെടുത്തിക്കളഞ്ഞു.

### വേലുത്തമ്പിയുടെ ആത്മബലി

പ്രക്ഷോഭണത്തിന്റെ വിജയമാർഗ്ഗം ഇപ്പോൾ ഇരുളടഞ്ഞതായി. എങ്കിലും വേലുത്തമ്പി വീരോചിതമായി സമരം തുടർന്നു. ഇതിനിടയ്ക്ക് കേണൽ ലീഗറുടെ കീഴിൽ ഒരു ബ്രിട്ടീഷ് സൈന്യം ആരുവാമൊഴിപ്പാതയിലൂടെ തിരുവിതാംകൂറിൽ പ്രവേശിച്ച്, ഉൾനാട്ടിലേക്ക് കുതിച്ചുപാഞ്ഞു. 1809 ഫെബ്രുവരി 19-ാം തീയതി ഉദയഗിരിക്കോട്ടയും പത്മനാഭപുരം കോട്ടയും അവരുടെ കൈവശമായി. അവിടെനിന്നു കേണൽ ലീഗർ തിരുവനന്തപുരത്തേക്കും നീങ്ങി, പാപ്പനംകോട്ട് താവളമടിച്ചു. കൊച്ചിയിൽ ബ്രിട്ടീഷുകാർ പാലിയത്തച്ചനെ ഗുരുതരമായി പരാജയപ്പെടുത്തുകയും 1809 ഫെബ്രുവരി 27-ാം തീയതി അദ്ദേഹത്തെ ബ്രിട്ടീഷ് വിരുദ്ധസഖ്യത്തിൽനിന്നു വേർപെടുത്തുകയും ചെയ്തത് കാര്യങ്ങളെ കൂടുതൽ വഷളാക്കി. തിരുവിതാംകൂർ രാജാവ് തന്റെ കാര്യം നിരാശാവഹമാണെന്നുകണ്ട് ബ്രിട്ടീഷുകാരോടു സമാധാനത്തിനപേക്ഷിച്ചു. ദളവായെ ബന്ധനത്തിലാക്കാൻ അദ്ദേഹം കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ഏതാനും ദിവസം മുൻപ് തിരുവനന്തപുരത്തുചെന്ന് രാജാവിനെ സന്ദർശിച്ച് ബഹുമാനാദരങ്ങൾ അറിയിച്ചിട്ടുപോന്ന വേലുത്തമ്പി വടക്കോട്ടു പുറപ്പെട്ട് മണ്ണടിക്ഷേത്രത്തിലെ പോറ്റിയുടെ വസതിയിൽ അഭയംപ്രാപിച്ചു. തന്നെ വളഞ്ഞ രാജപുരുഷന്മാരുടെ മുൻപിൽ ഏകനായിത്തീർന്ന ആ സ്വാതന്ത്ര്യസേനാനി സ്വന്തം ആയുധത്തിന്റെ സഹായത്താൽ അന്ത്യമോചനംനേടി. ശത്രുക്കൾ തമ്പിയുടെ മൃതദേഹം തിരുവനന്തപുരത്തു കൊണ്ടുചെന്നു കഴുവിലേറ്റി. അദ്ദേഹത്തിന്റെ ഭവനം ഇടിച്ചുനിരത്തുകയും ബന്ധുക്കളെ മാലദ്വീപിലേക്കു നാടുകടത്തുകയും ചെയ്തു.

സമരം പരാജയപ്പെട്ടെങ്കിലും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ ആദ്യകാലനേതാക്കന്മാരിൽ ഒരാളാണ് വേലുത്തമ്പി എന്ന് ഏതു രീതിയിലും നമുക്ക് അഭിമാനിക്കാം. ജനങ്ങളുടെമേലുള്ള സ്വാധീനശക്തിയെ വൈദേശികാധിപത്യത്തിനെതിരെ വിദഗ്ദ്ധമായുപയോഗപ്പെടുത്തിയ, ആധുനികഭാരതത്തിലെ ഒന്നാമത്തെ നേതാവാണ് അദ്ദേഹം. സമരത്തിന്റെ അത്യന്തികലക്ഷ്യത്തിലെത്തിച്ചേരാൻ തമ്പിക്കു സാധിച്ചില്ലെന്ന കാര്യം സത്യമാണ്. ആ കാലഘട്ടത്തിൽ രാജ്യത്തു നിലവിലുണ്ടായിരുന്ന പരിതഃസ്ഥിതികളിൽ ആവിധമൊരു പ്രക്ഷോഭണത്തിന്റെ പരിജായം അനിവാര്യമായിരുന്നു. വേലുത്തമ്പിയും ഉത്തരകേരളത്തിലെ തന്റെ സുപ്രശസ്ത സമകാലികനായ പഴശ്ശിരാജാവിനെപ്പോലെ, ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി ജീവാർപ്പണം ചെയ്തു. അദ്ദേഹത്തിന്റെ മഹത്തായ ആത്മബലി രാഷ്ട്രീയസ്വാതന്ത്ര്യത്തിനും ശുദ്ധമായ ഭരണത്തിനും വേണ്ടിയുള്ള സമുജ്ജ്വലസമരങ്ങളിൽ തന്റെ നാട്ടുകാർക്ക് എന്നെന്നും പ്രചോദനത്തിന്റെ ദീപശിഖയായിരുന്നിട്ടുണ്ട്. തിരുവനന്തുപുരത്ത് കേരള സെക്രട്ടറിയേറ്റിനു മുമ്പിൽ പൊതുജനങ്ങൾ സ്ഥാപിച്ച വേലുത്തമ്പിയുടെ ലോഹപ്രതിമ അധൃഷ്യമായ സ്വാതന്ത്ര്യസമരവീര്യത്തിന്റെ സ്മരാകമായി പ്രശോഭിക്കുന്നു.

വേലുത്തമ്പിയുടെ പ്രക്ഷോഭണത്തിന്റെ പരാജയത്തെത്തുടർന്ന്, ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി കൊച്ചിയിലെയും തിരുവിതാംകൂറിലെയും രാജാക്കന്മാരുടെമേൽ തങ്ങൾക്കുണ്ടായിരുന്ന പിടിമുറുക്കി. പാലിയത്തച്ചനെ അവർ മദിരാശിയിലേക്കു നാടുകടത്തി. പിന്നീടൊരിക്കലും കൊച്ചിയിലേക്കു വരാൻ അവർ അദ്ദേഹത്തെ അനുവദിക്കുകയുണ്ടായില്ല. 1809-ൽ എഴുതിയ ഒരു ഉടമ്പടിപ്രകാരം കൊച്ചി ബ്രിട്ടീഷുകാരുടെ ആശ്രിതമിത്രമാവുകയും ബ്രിട്ടീഷ് സൈന്യത്തിന്റെ സംരക്ഷണം സ്വീകരിക്കുകയും ചെയ്തു. എല്ലാ ആഭ്യന്തരകാര്യങ്ങളിലും കമ്പനിയുടെ ഉപദേശം മാർഗ്ഗദർശകമാക്കിക്കൊള്ളാമെന്ന് കൊച്ചീരാജാവു സമ്മതിച്ചു. തിരുവിതാംകൂറിലും പുതിയ ദിവാൻ ഉമ്മിണിത്തമ്പി ബ്രിട്ടീഷുകാരുമായി ഉടമ്പടിയുണ്ടാക്കി. തിരുവിതാംകൂർ സ്വന്തം

സൈന്യത്തെ പിരിച്ചുവിടുകയും രാജ്യത്തിന്റെ പ്രതിരോധം ബ്രിട്ടീഷ് പട്ടാളത്തിൽ നിക്ഷേപിക്കുകയും ചെയ്തു.

### കുറിച്ചിയരുടെ ലഹള (1812)

വേലുത്തമ്പിയുടെ കലാപം നടന്നുകൊണ്ടിരുന്നപ്പോൾ മലബാറിൽ കാര്യമായ അസ്വാസ്ഥ്യമൊന്നും ഉണ്ടായിരുന്നില്ല. ഏതായാലും 1812-ൽ വയനാട്ടിലെ കുറിച്ചിയരും കുറുമ്പരും തങ്ങളിൽനിന്നു നികുതിയായി സാധനങ്ങൾക്കു പകരം പണം ഈടാക്കുന്ന ബ്രിട്ടീഷ്നയത്തിൽ പ്രതിഷേധിച്ച് ലഹളയുണ്ടാക്കി. അവർ സുൽത്താൻബത്തേരിയിലും മാനന്തവാടിയിലും ഉണ്ടായിരുന്ന ബ്രിട്ടീഷ് സേനാവിഭാഗങ്ങളെ വളഞ്ഞു. ബ്രിട്ടീഷുകാർ മൈസൂർവഴിയും കേരളംവഴിയും വയനാട്ടിലേക്കു സൈന്യങ്ങളെ അയയ്ക്കുകയും പ്രക്ഷോഭണത്തെ അമർത്തുകയും ചെയ്തു. ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി മലബാറിൽ പൊട്ടിപ്പുറപ്പെട്ട ആദ്യകാല കലാപങ്ങളിൽ ഒടുവിലത്തേതാണ് കുറിച്ചിയരുടെ ലഹള. സമാധാനം സ്ഥാപിക്കപ്പെട്ടതോടെ അധികൃതർ തങ്ങളുടെ ശ്രദ്ധ ആഭ്യന്തരമായ പുനർനിർമ്മാണത്തിലേക്കു തിരിച്ചുവിട്ടു. തിരുവിതാംകൂറിനും കൊച്ചിക്കും മലബാറിനും രാഷ്ട്രീയസ്വാതന്ത്ര്യം നഷ്ടപ്പെട്ടെങ്കിലും ഈ മൂന്നു രാജ്യങ്ങളും പുതിയ ഭരണത്തിന്റെ ചില പുരോഗമനനയങ്ങളാൽ നാനാമുഖമായ വികാസം നേടുകയുണ്ടായി.

### 1921-ലെ മലബാർലഹള

ഈ കാലഘട്ടത്തിലെ രാഷ്ട്രീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനമായ സംഭവവികാസമായിരുന്നു 1921-ലെ മലബാർലഹള. ഏറനാടു താലൂക്കിലും വള്ളുവനാടുതാലൂക്കിലും ഖിലാഫത്ത് പ്രസ്ഥാനത്തിനുണ്ടായ മുന്നേറ്റം ഔദ്യോഗികവൃത്തങ്ങളിൽ അമ്പരപ്പുണ്ടാക്കി. സർക്കാർ ഈ രണ്ടു താലൂക്കുകളിലും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 144-ാം വകുപ്പ് നടപ്പാക്കി. ബ്രിട്ടീഷ് പോലീസ് മാപ്പിളമാർക്കെതിരായി ഒരു ഭീകരഭരണം അഴിച്ചുവിട്ടു. ഏറനാടുതാലൂക്കിൽപ്പെട്ട പൂക്കോട്ടൂർ എന്ന സ്ഥലത്തെ പ്രാദേശിക ഖിലാഫത്ത് കമ്മിറ്റിയുടെ കാര്യദർശിയായിരുന്ന വടക്കേവീട്ടിൽ മുഹമ്മദിനെ പോലീസ് അറസ്റ്റുചെയ്യാൻ ശ്രമിച്ചത്, ഏറനാട്ടിലും വള്ളുവനാട്ടിലും മാപ്പിളമാരും പോലീസും തമ്മിൽ ഒട്ടേറെ സംഘട്ടനങ്ങളുണ്ടാക്കാൻ കാരണമായി. മാപ്പിളമാർ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കുകയും സർക്കാർ ഖജനാവുകൾ കൊള്ളയടിക്കുകയും സർക്കാരാഫീസുകൾ നശിപ്പിക്കുകയും ചെയ്തു. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, കുമാരൻപുത്തൂർ സീതികോയതങ്ങൾ, ആലിമുസ്ലിയാർ എന്നീ നേതാക്കളാണ് ലഹള നയിച്ചത്. ലഹളക്കാർ തങ്ങളുടെ പ്രബലകേന്ദ്രങ്ങളായ മലപ്പുറം, തിരൂരങ്ങാടി, മഞ്ചേരി, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽനിന്നു ബ്രിട്ടീഷ് അധികാരത്തെ തുടച്ചുനീക്കുന്നതിലും ആ പ്രദേശങ്ങളിൽ സ്വന്തം ഭരണം സ്ഥാപിക്കുന്നതിലും ഒട്ടധികം വിജയിക്കുകയുണ്ടായി. ലഹള അടിച്ചമർത്താനുള്ള പരക്കംപാച്ചിലിൽ സർക്കാർ അസ്വസ്ഥപ്രദേശങ്ങളിലേക്കു ബ്രിട്ടീഷ്പട്ടാളത്തെയും ഗൂർഖാപട്ടാളത്തെയും മിന്നൽവേഗത്തിൽ അയച്ചു; പട്ടാളനിയമം പ്രഖ്യാപിക്കുകയും ഭീകരമായ മർദ്ദനനടപടികൾ കൈക്കൊള്ളുകയും ചെയ്തു. ലഹളയുമായി ബന്ധപ്പെട്ട ദുരന്തസംഭവങ്ങളിലൊന്നായിരുന്നു. 'വാഗൺട്രാജഡി'. 1921 നവംബർ 10-ാം തീയതി അടച്ചുമൂടിയ ഒരു റെയിൽവേ ഗുഡ്സ് വാഗണിൽ തിരൂർനിന്ന് കോയമ്പത്തൂരേക്കു തടവുകാരായി കൊണ്ടുപോയ 90 മാപ്പിളമാരിൽ 60 പേർ മാർഗ്ഗമദ്ധ്യേ ശ്വാസം മുട്ടി മരിച്ചു.

മലബാർലഹളയുടെ അന്തിമഘട്ടത്തിൽ മാപ്പിളമാർ ഒട്ടേറെ അക്രമപ്രവൃത്തികൾ നടത്തുകയും തന്മൂലം അവർക്കു സമുദായത്തിൽ ഭൂരിപക്ഷത്തിന്റെയും അനുഭാവം നഷ്ടപ്പെടുകയും ചെയ്തു. എം.പി. നാരായണമേനോൻ, കെ.പി. കേശവമേനോൻ, കെ. കേളപ്പൻ, മുഹമ്മദ് അബ്ദുൾ റഹിമാൻ എന്നീ കോൺഗ്രസ് നേതാക്കന്മാർ സംഭവങ്ങളുടെ അക്രമാസക്തിയെ തടയാൻ പരമാവധി ശ്രമിക്കുകയുണ്ടായെ

ങ്കിലും അവരുടെ പ്രയത്നം നിഷ്ഫലമായതേയുള്ളൂ. ഒടുവിൽ ബ്രിട്ടീഷ് ഗവൺമെന്റ് നിഷ്ഠൂരമാംവണ്ണം ലഹള അടിച്ചമർത്തി; നേതാക്കന്മാരെ ബന്ധനസ്ഥരാക്കുകയും വെടിവെച്ചുകൊല്ലുകയും ചെയ്തു. നൂറുകണക്കിനാളുകളെ ജയിലിലടച്ചു; അസംഖ്യം പേരെ നാടുകടത്തി. ലഹളയിൽ മൊത്തം 10,000 ആളുകൾക്ക് ജീവഹാനി സംഭവിച്ചതായി കണക്കാക്കപ്പെടുന്നു. ബ്രിട്ടീഷ് അധികാരത്തിനെതിരായി ഉയർന്നുവന്ന അതിഗംഭീരമായ ഒരു ദേശീയ പ്രക്ഷോഭണമായിരുന്നു 1921-ലെ മലബാർലഹള. ബ്രിട്ടീഷ് ഗ്രന്ഥകാരന്മാർ ചിത്രീകരിക്കും പോലെ അത് മാപ്പിളമാരുടെ വെറുമൊരു കലാപമായിരുന്നില്ല.

# മൊഡ്യൂൾ - 4

## ആദ്യകാലത്തെ മിഷനറിമാരുടെ സാഹിത്യപ്രവർത്തനങ്ങൾ

19-ഉം 20-ഉം നൂറ്റാണ്ടുകളിൽ മലയാളസാഹിത്യത്തിനുണ്ടായ വളർച്ചയെക്കുറിച്ച് ചിന്തിക്കുന്നതിനു മുൻപ്, കേരളത്തിൽ വന്ന യൂറോപ്യൻശക്തികൾ മലയാളത്തിന്റെ വികാസത്തെ എങ്ങനെ സഹായിച്ചു എന്ന റിയുന്നതുകൊള്ളാം. പോർട്ടുഗീസ് മിഷനറിമാർ ഇവിടെ നടപ്പിലാക്കിയ അച്ചടിസമ്പ്രദായം അടിസ്ഥാനപര മായ ഒരു പരിവർത്തനത്തിന്റെ നാന്ദിയായിരുന്നു. അവർ 1577-ൽ കൊച്ചിയിലും വൈപ്പിക്കോട്ടയിലും അച്ചടി ശാലകൾ സ്ഥാപിച്ചു. 'ക്രിസ്തീയമതതത്ത്വം', 'ക്രിസ്തീയവണക്കം' മുതലായ ഗ്രന്ഥങ്ങൾ 1579-ൽ ഇവിടെ അച്ചടിക്കുകയുണ്ടായി. തമിഴ്ടൈപ്പുകളാണ് അതിനുപയോഗിച്ചിരുന്നത്. വൈപ്പിക്കോട്ടയിലെ അച്ചടിശാല 1603-ൽ കൊടുങ്ങല്ലൂരേക്കും ഡച്ചുശക്തി ആധിപത്യമുറപ്പിച്ചതിനുശേഷം അവിടെനിന്ന് 1663-ൽ അമ്പഴക്കാ ട്ടേക്കും മാറ്റുകയുണ്ടായി. ലത്തീൻഭാഷയിലെഴുതിയ 'ഹോർത്തൂസ് മലബാറിക്കൂസ്' (ഠവല ഒീൃൗേ ങമഹമയമൃശരൗ) 1678-നും 1703-നും ഇടയ്ക്ക് ഡച്ചുനേതൃത്വത്തിൽ ആംസ്റ്റർഡാമിൽനിന്നു പ്രസിദ്ധപ്പെടു ത്തി. മലയാളലിപി ആദ്യമായി അച്ചടിച്ചുകാണുന്നത് ഇതിലാണ്. അമ്പഴക്കാട്ടും വരാപ്പുഴയും ഉണ്ടായിരുന്ന കത്തോലിക്കാമിഷനറിമാർ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും നിർമ്മിച്ചു. 1699-ൽ കേരളത്തിൽ വന്ന ജർമ്മൻ മിഷനറിയായ അർണോസ് പാതിരി (ജോൺ എർനെസ്റ്റസ് ഹാൻക്സ് ലഡൻ) 16-ാം ശതകത്തിന്റെ ആരംഭകാലത്ത് മലയാളത്തിൽ ഒരു വ്യാകരണവും നിഘണ്ടുവും എഴുതിയുണ്ടാക്കി. അദ്ദേഹം ഏതാനും മല യാളകവിതകളും രചിച്ചു. 1712-ൽ ആഞ്ചലോ ഫ്രാൻസിസ് ഒരു മലയാളലഘുവ്യാകരണവും എഴുതി.

18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഫാദർ ക്ലെമന്റ് മലയാളഭാഷാപഠനത്തിൽ വിദേശമിഷനറി മാരെ സഹായിക്കാൻവേണ്ടി ഒരു മലയാളനിഘണ്ടു പ്രസിദ്ധപ്പെടുത്തി. അദ്ദേഹം തന്നെ നിർമ്മിച്ചതും 1772-ൽ റോമിൽനിന്നു പ്രകാശനം ചെയ്തതുമായ 'സംക്ഷപവേദാർത്ഥ'മാണ് ആദ്യവസാനം മലയാളം അച്ചുപയോ ഗിച്ച് ഒന്നാമതായി മുദ്രണംചെയ്ത മലയാളപുസ്തകം. കരിയാട്ടിൽ ഔസേപ്പുകത്തനാർ 1768-ൽ ആലങ്ങാട്ടു വച്ചെഴുതിയ 'വേദതർക്കം' മലയാളത്തിലെ ശ്രദ്ധാർഹമായ ക്രിസ്തീയമസശാസ്ത്രഗ്രന്ഥമാണ്. ഈ കാല ത്തുണ്ടായ ഏറ്റവും രസകരവും വിലപ്പെട്ടതുമായ കൃതിയാണ് പാറേമ്മാക്കിൽ തോമ്മാക്കത്തനാരുടെ (1740-1709) 'വർത്തമാനപ്പുസ്തകം അഥവാ റോമായാത്ര'. മലയാളത്തിലെ ഈ ആദ്യത്തെ സഞ്ചാരവിവരണം മനുഷ്യരെയും സംഭവങ്ങളെയും കുറിച്ചുള്ള സൂക്ഷ്മനിരീക്ഷണത്താൽ സമ്പന്നമാണ്. 1777 തൊട്ട് 1789 വരെ വരാപ്പുഴയിൽ താമസിച്ചിരുന്ന ഫാദർ ബർത്തലോമിയോ നല്ലൊരു മലയാളാപണ്ഡിതനായിരുന്നു. 'ത്രേസ്യാച രിതം', 'ദേവഷൾഗുണം' എന്നീ കവിതകളും 'കൂദാശപുസ്തകം' എന്ന ഗദ്യകൃതിയും ഇദ്ദേഹത്തിന്റേതാണ്.

18-ാം ശതകത്തിന്റെ അവസാനത്തിലും 19-ാം ശതകത്തിന്റെ പ്രാരംഭത്തിലും കൂട്ടംകൂട്ടമായി കേരള ത്തിലെത്തിയ ഇംഗ്ലീഷുകാരും പ്രൊട്ടസ്റ്റന്റുകാരുമായ മിഷനറിമാർ മലയാളഭാഷ ഗൗരവബുദ്ധ്യാ പഠിക്കുക യുണ്ടായി. റോബർട്ട് ഡ്രമ്മണ്ട് 1799-ൽ അദ്ദേഹത്തിന്റെ മലയാളവ്യാകരണബന്ധം (ഏൃമാാമൃ ീള വേല ങമഹമ്യമഹമാ ഘമിഴൗമഴല) ബോംബെയിൽനിന്നു പ്രസിദ്ധപ്പെടുത്തി. എഫ്. സ്പ്രിങ്ങിന്റെ വകയായി മറ്റൊരു മലയാളവ്യാകരണവും പുറത്തുവന്നു. ഈ രണ്ടു കൃതികളും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിലെ ഉദ്യോഗസ്ഥന്മാരുടെ ഉദ്ദേശിച്ച എഴുതപ്പെട്ടവയാണ്. റവറന്റ് ബഞ്ചമിൻ ബെയ്ലി 1821-ൽ കോട്ടയത്തെ സി. എം.എസ്. പ്രസ് സ്ഥാപിച്ചു. കാലക്രമേണ അവിടെനിന്ന് ഒട്ടേറെ മലയാളപുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെ ട്ടു. റവറന്റ് ബെയ്‌ലിയുടെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു 1846-ൽ പുറത്തുവന്നു. ക്രിസ്ത്യൻമിഷനറിമാർ നിർമ്മിച്ച നിഘണ്ടുക്കളിൽ ഏറ്റവും മികച്ചത് ഡോക്ടർ ഹെർമൻ ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു (1872) ആണ്. ഭാഷ, വ്യാകരണം, ചരിത്രം, മതതത്ത്വശാസ്ത്രം മുതലായ വിഷയങ്ങളെ അധികരിച്ചുള്ള

പണ്ഡിതോചിതമായ മറ്റു പത്തൊമ്പതു മലയാളഗ്രന്ഥങ്ങൾകൂടി അദ്ദേഹത്തിന്റേതായുണ്ട്. ഡോ. ഗുണ്ടർട്ട് തലശ്ശേരിയിൽനിന്ന് 1847 ജൂണിൽ തുടങ്ങിയ 'രാജ്യസമാചാര'വും 1847 ഒക്ടോബറിൽ തുടങ്ങിയ 'പശ്ചിമോദയ'വും മലയാളത്തിലെ ആദ്യത്തെ വർത്തമാനപത്രങ്ങളാണ്. കോട്ടയം സി.എം.എസ്. കോളേജിന്റെ പ്രിൻസിപ്പലായിരുന്ന റവറന്റ് റിച്ചാർഡ് കൊള്ളിൻസ് 1865-ൽ സ്വന്തമായൊരു മലയാള നിഘണ്ടു പ്രസിദ്ധപ്പെടുത്തി.

## ചാന്നാർലഹള

സവർണ്ണഹിന്ദുസ്ത്രീകളെപ്പോലെ വസ്ത്രധാരണം ചെയ്യാനുള്ള അവകാശം ചാന്നാർസ്ത്രീകൾക്കും ലഭിക്കാൻവേണ്ടി തെക്കൻതിരുവിതാംകൂറിലെ ചാന്നാർ സമുദായക്കാർ നടത്തിയ സമരം ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമാണ്. 'മേൽമുണ്ടുസമരം' എന്ന് ഇതിനെ വിശേഷിപ്പിക്കാറുണ്ട്. ക്രിസ്തുമതത്തിൽ ചേർന്ന നാടാർസ്ത്രീകൾക്കു കുപ്പായം ധരിക്കാൻ അനുവാദം നൽകിക്കൊണ്ടുള്ള ഒരുത്തരവ്, കേണൽ മൺറോ ദിവാനായിരിക്കുമ്പോൾ തിരുവിതാംകൂർ ഗവൺമെന്റ് പുറപ്പെടുവിക്കുകയുണ്ടായി. നാടാർസ്ത്രീകൾ ഇതുകൊണ്ടു തൃപ്തിപ്പെടാതെ നമ്പൂതിരിസ്ത്രീകളെപ്പോലെ ഉത്തരീയവുമണിഞ്ഞ് പൊതുരംഗങ്ങളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഉയർന്ന ജാതിക്കാരായ ഹിന്ദുക്കൾക്ക് ഇതിഷ്ടപ്പെട്ടില്ല. അവർ ചാന്നാർസ്ത്രീകളെ ആക്രമിച്ചു. ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും തെക്കൻതിരുവിതാംകൂറിൽ ഗുരുതരമായ നിയമസമാധാനഭഞ്ജനത്തിനിടയാക്കി. ഗവൺമെന്റിനു പട്ടാളത്തെയും പോലീസിനെയും അയയ്ക്കേണ്ടിവന്നു. ലഹളയുടെ ഫലമായി ചാന്നാർസ്ത്രീകൾക്കു മാറുമറയ്ക്കുന്നതിനുണ്ടായ നിയന്ത്രണം നീക്കിക്കൊണ്ട് 1859 ജൂലൈ 26-ാം തീയതി ഗവൺമെന്റ് ഒരു രാജകീയവിളംബരം പ്രസിദ്ധപ്പെടുത്തി. മാറുമറയ്ക്കുന്ന കാര്യത്തിൽ ചാന്നാർസ്ത്രീകൾക്കു സ്വാതന്ത്ര്യം ലഭിച്ചെങ്കിലും അവർ വേഷവിധാനത്തിൽ ഉയർന്ന ജാതിക്കാരായ ഹിന്ദുസ്ത്രീകളെ അനുകരിക്കരുതെന്നു വിളംബരത്തിൽ വിലക്കിയിരുന്നു. പിന്നീട് ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിർദ്ദേശത്തിൽ ഈ വിലക്കും പിൻവലിക്കുകയുണ്ടായി. ഇങ്ങനെ സർക്കാരിന്റെ ഉത്സാഹത്താലും സാഹചര്യങ്ങളുടെ സമ്മർദ്ദത്താലും ദുരവ്യാപകമായ വ്യതിയാനങ്ങൾ പലതും സാമൂഹികജീവിതത്തിൽ പ്രത്യക്ഷപ്പെട്ടു.

## പാശ്ചാത്യവിദ്യാഭ്യാസവും ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളും

പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ആവിർഭാവം സാമൂഹികപരിവർത്തനത്തെ ത്വരിപ്പിക്കുകയുണ്ടായി. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജവാഴ്ച സർക്കാരുദ്യോഗങ്ങളിൽ ഉയർന്ന ജാതിക്കാരെയാണ് നിയമിച്ചിരുന്നതെങ്കിലും അക്കാര്യത്തിൽ ബ്രിട്ടീഷ്ഭരണം ജാതിവ്യത്യാസം പരിഗണിച്ചതേയില്ല. കേരളത്തിലെ വിഭിന്ന സമുദായക്കാർ, വിശേഷിച്ചും നായന്മാരും ക്രിസ്ത്യാനികളും സർക്കാർലാവണങ്ങളിൽ നിയമിക്കപ്പെടാൻ വേണ്ട യോഗ്യത സമ്പാദിക്കുന്നതിനായി അചിരേണ പാശ്ചാത്യവിദ്യാഭ്യാസം നേടുന്നതിൽ ഉൽസുകരായി. കേരളത്തിൽ പാശ്ചാത്യവിദ്യാഭ്യാസവും സ്വതന്ത്രചിന്താഗതിയും പ്രചരിപ്പിക്കുവാൻ ക്രിസ്ത്യൻമിഷനറിമാർ ചെയ്ത പരിശ്രമം ഇവിടെ എടുത്തുപറയേണ്ടതാണ്.

19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾമുതലേ അനേകം പ്രോട്ടസ്റ്റന്റ് മിഷനുകൾ തിരുവിതാംകൂറിലെ കൊച്ചിയിലെയും അതതു രാജാക്കന്മാരുടെ സംരക്ഷണത്തിൽ പ്രവർത്തനം തുടങ്ങിയിരുന്നു. ഡബ്ല്യൂ.റ്റി. റിൻഗിൾറ്റാബ് എന്ന പ്രഷ്യൻ മിഷനറി 1806-നും 1816-നും ഇടയിൽ നാഗർകോവിലിലും തെക്കൻതിരുവിതാംകൂറിലെ മറ്റുചില കേന്ദ്രങ്ങളിലും സ്കൂളുകൾ സ്ഥാപിച്ചു. തെക്കൻതിരുവിതാംകൂറിൽ പ്രവർത്തനം നടത്തിയ ക്രിസ്ത്യൻ മിഷനറിമാരിൽ ഏറ്റവും പ്രശസ്തനായിരുന്നു ലണ്ടൻ മിഷൻ സൊസൈറ്റിയിലെ റവറന്റ് മീഡ്. അദ്ദേഹം 1817 മുതൽ 1873 വരെ തന്റെ സമസ്ത ശക്തിയും വിദ്യാഭ്യാസപ്രവർത്തനത്തിൽ സമർപ്പിച്ചു. 1813 മുതൽ സി.എം.എസ്. മിഷന്റെ പ്രവർത്തനം കോട്ടയത്തു സജീവമായി. 1813-ൽ സുറിയാനി ക്രിസ്ത്യാനികൾ

സ്വന്തം പുരോഹിതന്മാരുടെ പരിശീലനത്തിനായി കോട്ടയത്ത് ഒരു കലാശാലയും സെമിനാരിയും സ്ഥാപിച്ചു. 1821-ൽ മിഷനറിമാർ അവിടെ ഒരു ഗ്രാമർസ്കൂൾ തുടങ്ങി. കോട്ടയത്തെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ആദ്യകാലത്ത് ഉത്സാഹപൂർവ്വം പങ്കെടുത്ത സി.എം.എസ്. മിഷനറിമാരിൽ ബെയ്‌ലി, ബേക്കർ, ഫെൻ എന്നിവർ അവിസ്മരണീയമാണ്. സി.എം.എസ്. മിഷനറിമാർ 1825-നു മുൻപുതന്നെ ആലപ്പുഴയിൽ പെൺകുട്ടികൾക്കുവേണ്ടി ഒരു പള്ളിക്കൂടം ആരംഭിച്ചിരുന്നു. റവ. ജെ. ഡാസൻ എന്ന ബ്രിട്ടീഷ് മിഷനറി 1818-ൽ കൊച്ചീ ഗവൺമെന്റിന്റെ സാമ്പത്തികസഹായത്തോടുകൂടി മട്ടാഞ്ചേരിയിൽ ഒരു ഇംഗ്ലീഷ്സ്കൂൾ തുടങ്ങി. മലബാറിൽ പാശ്ചാത്യവിദ്യാഭ്യാസത്തന് അടിസ്ഥാനമിട്ടത് ബാസൽമിഷൻകാരായിരുന്നു. അവർ 1848-ൽ കല്ലായിയിൽ ഒരു പ്രൈമറിസ്കൂളും 1856-ൽ തലശ്ശേരിയിൽ ഒരു ഇംഗ്ലീഷ്സ്കൂളും സ്ഥാപിച്ചു. മലബാറിലെ ബാസൽമിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട സുസ്മരണീയനാമമാണ് ഡോ. ഗണ്ടർട്ടിന്റേത്.

ക്രിസ്ത്യൻമിഷനറിമാരുടെ പ്രവർത്തനവും പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ പ്രചാരവും കേരളീയസമുദായത്തിൽ മൗലീകപരിവർത്തനമുളവാക്കി. ഹിന്ദുമതത്തിലെ പിന്നോക്കവർഗ്ഗങ്ങൾക്കിടയിൽ മതപരിവർത്തനം നടത്തുന്നതിൽ മിഷനറിമാർ പുലർത്തിയ സവിശേഷതാൽപ്പര്യവും ഹിന്ദുമതസമുദായത്തിൽനിന്നു ക്രിസ്തുമതത്തിലേക്കു മാറിക്കൊണ്ടിരുന്നവരുടെ പെരുപ്പവും ഹിന്ദുമതത്തിന്റെ സാമൂഹികസംവിധാനത്തിലന്തർഭവിച്ച ദോഷങ്ങളെ ശ്രദ്ധേയമാംവിധം ഉയർത്തിക്കാണിക്കുകയും മതപരവും സാമൂഹികവുമായ അടിസ്ഥാനപരിഷ്കാരങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ഇതോടൊപ്പം നഗരപ്രദേശങ്ങളിൽ വ്യവസായശാലകൾ ഉയർന്നുവന്നതും ജനങ്ങളിൽ ഒരു വിഭാഗം നാട്ടിൻപുറങ്ങളിൽനിന്നു പട്ടണങ്ങളിലേക്കും മാറിത്താമസിക്കാൻ ഒരുമ്പെട്ടതും ഗതാഗതസൗകര്യം അതവേഗം വർദ്ധിച്ചതും കേരളത്തിന്റെ ഗതാനുഗതമായ സാമൂഹികജീവിതത്തിൽ പുതിയ സമ്പർക്കങ്ങളുടെയും മാറ്റങ്ങളുടെയും ചലനങ്ങൾ ഇളക്കിവിട്ടു.

## വൈക്കം സത്യാഗ്രഹം

സുപ്രസിദ്ധമായ വൈക്കം സത്യാഗ്രഹം (1924-1925) ആയിരുന്നു അയിത്തോച്ചാടനപ്രസ്ഥാനത്തിലെ ആദ്യത്തെ ഐതിഹാസികസമരം. വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകളിൽ അവർണ്ണഹിന്ദുക്കൾക്കു കൂടി സഞ്ചാരസ്വാതന്ത്ര്യമനുവദിക്കണമെന്നതായിരുന്നു സമരക്കാർ ഉന്നയിച്ച ആവശ്യം. ടി.കെ. മാധവനു പുറമേ കെ.പി. കേശവമേനോൻ, മന്നത്തു പത്മനാഭൻ, ചങ്ങാശ്ശേരി പരമേശ്വൻപിള്ള്, സി.വി. കുഞ്ഞുരാമൻ, കെ. കേളപ്പൻ തുടങ്ങി സമുന്നതരായ മറ്റു നേതാക്കന്മാരും വൈക്കം സത്യാഗ്രത്തിനു നേതൃത്വം നൽകി. സമരത്തിനു പിന്തുണയേകിയ സവർണ്ണഹിന്ദുക്കൾ മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'സവർണ്ണജാഥ' സത്യാഗ്രഹവുമായി ബന്ധപ്പെട്ട ഒരു വലിയ സംഭവമായിരുന്നു. ജാഥാംഗങ്ങൾ തിരുവനന്തപുരത്തു ചെന്ന് മഹാറാണി സേതുലക്ഷമീബായിയെ സന്ദർശിച്ചു. തങ്ങളുടെ ആവശ്യം ബോധിപ്പിച്ചു. കാലക്രമേണ ക്ഷേത്രപ്രവേശനത്തിനനുകൂലമായി പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ വൈക്കം സത്യാഗ്രഹവും സവർണ്ണജാഥയും അത്യന്തം പ്രയോജനകരമായി. സത്യാഗ്രഹം ഇരുപതു മാസം നീണ്ടുനിന്നു. സത്യാഗ്രഹികൾ അറസ്റ്റിനും മർദ്ദനത്തിനും ഇരയായി. ഒടുവിൽ മഹാത്മഗാന്ധി ഇടപെടുകയാൽ സമരം 1925-ൽ വിജയകരമായി പര്യവസാനിച്ചു. വൈക്കംക്ഷേത്രത്തിലേക്കുള്ള നിരത്തുകൾ ജാതിവ്യത്യാസമെന്യേ എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കപ്പെട്ടു. അവർണ്ണഹിന്ദുക്കൾക്ക് വൈക്കത്ത് അനുവദിച്ചുകിട്ടിയ ഈ സൗജന്യം അവർക്കു തിരുവിതാംകൂറിലെ മറ്റു ക്ഷേത്രങ്ങളുടെ കാര്യത്തിൽ ഉടനേ ലഭിക്കുകയുണ്ടായില്ല. ആകയാൽ, വൈക്കം സത്യാഗ്രഹത്തിന്റെ വിജയകരമായ പര്യവസാനത്തെത്തുടർന്ന് അമ്പലപ്പുഴ, തിരുവാർപ്പ്, ശുചീന്ദ്രം മുതലായ കേന്ദ്രങ്ങളിലെ ക്ഷേത്രനിരത്തുകളിലും അവർണ്ണർക്കു സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചുകിട്ടാൻ സമരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. 1928-ൽ തിരുവിതാംകൂറിൽ എല്ലാ ക്ഷേത്രനിരത്തുകളും ജാതിപരിഗണനകൂടാതെ സമസ്ത ഹിന്ദുക്കൾക്കുമായി തുറന്നുകൊടുത്തു.

## ഗുരുവായൂർ സത്യാഗ്രഹം

അയിത്തത്തിനെതിരായി നടന്ന മറ്റൊരു വലിയ സമരമായിരുന്നു ഗരുവായൂർ സത്യാഗ്രഹം (1931-1932). ഗുരുവായൂർക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളപ്രദേശ് കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ 1931 നവംബർ ഒന്നാം തീയതി സത്യാഗ്രഹം ആരംഭിച്ചു. സത്യാഗ്രഹത്തിന്റെ നേതാവ് കെ. കേളപ്പനും സന്നദ്ധസംഘത്തിന്റെ ക്യാപ്റ്റൻ എ.കെ. ഗോപാലനും ആയിരുന്നു. സത്യാഗ്രഹം ഭാരതത്തിന്റെ മുഴുവൻ ശ്രദ്ധയും ആകർഷിച്ചു. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും രാഷ്ട്രീയപ്രവർത്തകർ സത്യാഗ്രഹികളെ സഹായിക്കാൻ ഗുരുവായൂരെത്തി ക്ഷേത്രത്തിന്റെ ട്രസ്റ്റിയായിരുന്ന സാമൂതിരി ക്ഷേത്രപ്രവേശനത്തിനെതിരായി വിട്ടുവീഴ്ചയില്ലാത്ത ഒരു നിലപാടാണു സ്വീകരിച്ചത്. സത്യാഗ്രഹത്തിന്റെ എതിരാളികൾ ഡിസംബർ 26-ാം തീയതി എ.കെ. ഗോപാലന്റെമേൽ നടത്തിയ കൈയേറ്റം ജനങ്ങളെ വികാരക്ഷുബ്ധരാക്കുകയും അവർ പ്രതിബന്ധങ്ങളെല്ലാം തകർത്ത് ബലംപ്രയോഗിച്ചു ക്ഷേത്രത്തിൽ കടക്കാൻ ഒരുമ്പെടുകയും ചെയ്തു. ഒരു മാസത്തോളം പൂജകളെല്ലാം നിർത്തി ക്ഷേത്രം അടച്ചിട്ടു. സത്യാഗ്രഹം പത്തുമാസം ചെന്നപ്പോൾ കെ. കേളപ്പൻ 1932 സെപ്റ്റംബർ 22-ാം തീയതി ക്ഷേത്രത്തിന്റെ മുൻപിൽ അനിശ്ചിതകാലത്തേക്കു നിരാഹാരവ്രതം തുടങ്ങി. 1932 ഒക്ടോബർ രണ്ടാം തീയതി ഗാന്ധിജിയുടെ ഉപദേശപ്രകാരം അദ്ദേഹം ഉപവാസം അവസാനിപ്പിച്ചു. ക്ഷേത്രപ്രവേശനത്തെക്കുറിച്ചു പൊതുജനങ്ങളുടെ അഭിപ്രായമാരായുവാൻ പൊന്നാനിത്താലൂക്കിലെ ഹിന്ദുക്കൾക്കിടയിൽ കോൺഗ്രസ് ഒരു ജനഹിതപരിശോധന നടത്തി. ഹരിജനങ്ങൾക്കു ക്ഷേത്രപ്രവശനം അനുവദിക്കുന്നതിന് ജനങ്ങളിൽ എഴുപതു ശതമാനവും അനുകൂലികളായിരുന്നു. ഇങ്ങനെ അടിയന്തരമായ ലക്ഷ്യം നേടുന്നതിൽ ഗുരുവായൂർ സത്യാഗ്രഹം പരാജയപ്പെട്ടെങ്കിലും അയിത്തോച്ചാടനത്തിനനുകൂലമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുന്നതിന് അതു സഹായകമായി.

### ക്ഷേത്രപ്രവേശനം

തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ 1936 നവംബർ 12-ാം തീയതി (1112 തുലാം 27-ാം തീയതി) സുപ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരം അനുവദിച്ചു കിട്ടാൻവേണ്ടി ഏറെക്കാലമായി നടന്നുകൊണ്ടിരുന്ന സമരത്തിന്റെ പരിപൂർണ്ണവിജയമായിരുന്നു പ്രസ്തുത വിളംബരം. ഇന്ത്യയിൽ ഇദംപ്രഥമമായുണ്ടായ ഈ വിളംബരം അവിസ്മരണീയമായ ഒരു ചരിത്രപ്രമാണമാണ്. 'ആധുനികകാലത്തിലെ അത്ഭുത'മെന്നും 'ജനങ്ങളുടെ അദ്ധ്യാത്മവിമോചനത്തിന്റെ അധികാരരേഖയായ സ്മൃതി' എന്നുമാണ് ഗാന്ധിജി ഈ വിളംബരത്തെ വിശേഷിപ്പിച്ചത്. വിളംബരത്തിന്റെ പൂർണ്ണരൂപം താഴെക്കൊടുക്കുന്നു.

'നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോദ്ധ്യപ്പെട്ടും ആയതു ദൈവികമായ അനുശാസനത്തിലും സർവ്വവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറപ്പിച്ചിരിക്കുന്നതെന്നു വിശ്വസിച്ചും അതിന്റെ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചു പോന്നുവെന്നു ധരിച്ചും നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കുംതന്നെ അവരുടെ ജനനമോ ജാതിയോ സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉത്കണ്ഠയാലും നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നതെന്താണെന്നാൽ സമുചികമായ പരിതഃസ്ഥിതികൾ പരിരക്ഷിക്കുന്നതിനും ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചു നടത്തുന്നതിനും നാം നിശ്ചയിക്കയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയനായി, ജനനത്താലോ മതവിശ്വാസത്താലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടെയും നമ്മുടെ ഗവൺമെന്റിന്റെയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു.

തിരുവിതാംകൂർ മഹാരാജാവിന്റെ ക്ഷേത്രപ്രവേശനവിളംബരം യാഥാസ്ഥിതികരായ ഹിന്ദുക്കൾക്ക് ഒരു അശനിപാതവും മർദ്ദിതരായ ഹരിജനങ്ങൾക്കും മറ്റു പിന്നോക്കവിഭാഗങ്ങൾക്കും ആശയുടെയും ആഹ്ലാദത്തിന്റെയും സന്ദേശവുമായിരുന്നു. ഈ വിളംബരം ഹൈന്ദവസമുദായത്തിൽ നിശ്ശബ്ദവും രക്തരഹിതവുമായ ഒരു വിപ്ലവമുണ്ടാക്കി. കൊച്ചിയിലും മലബാറിലും ഈവിധമൊരു പരിഷ്കാരമുണ്ടാക്കാൻ പിന്നെയും ഒരു പതിറ്റാണ്ടുവേണ്ടി വന്നു. വിഷു ദിനമായ 1123 മേടം ഒന്നാം തീയതി (1948 ഏപ്രിൽ) കൊച്ചി രാജാവ് പ്രഖ്യാപിച്ച ക്ഷേത്രപ്രവേശാവകാശദാനവിളംബരം കൊച്ചിയിലെ ക്ഷേത്രങ്ങളിൽ ജാതിവ്യത്യാസമില്ലാതെ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം അനുവദിച്ചു. 1947-ലെ മദിരാശിക്ഷേത്രപ്രവേശനനിയമം ഈ പരിഷ്കാരത്തെ മലബാർ പ്രദേശത്തേക്കും വ്യാപിപ്പിക്കുകയുണ്ടായി. സ്വാതന്ത്ര്യലബ്ധിയോടുകൂടി നിയമനിർമ്മാണം കൊണ്ട് അയിത്തം നിർത്തലാക്കപ്പെട്ടു. അയിത്തോച്ചാടനത്തിനുവേണ്ടി കേരളത്തിൽ നടന്ന ചരിത്രപ്രസിദ്ധമായ പ്രക്ഷോഭണം ഈ വിധം വിജയപര്യവസിതമായി.